/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

സമകാലിക ജനപഥം

2026 നവംബർ 1

പുസ്തകം 13 ലക്കം 4



അറിവിന്റെ ആധികാരികത

ഇപ്പോൾ
കൂടുതൽ
മിഴിവോടെ

സമകാലിക ജനപഥം



വാർഷിക വരിസംഖ്യ 120 രൂപ

ഒറ്റപ്രതി 12 രൂപ

വരിക്കാരാകാൻ
ജില്ലാ ഇൻഫർമേഷൻ
ഓഫീസുകളിൽ ബന്ധപ്പെടാം.
താഴെ കാണുന്ന വിലാസത്തിലേക്ക്
മണിയോർഡർ അയക്കാം
ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം 1

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക ജനപഥം

2026 നവംബർ 1 • പുസ്തകം 13 • ലക്കം 4

എഡിറ്റർ സബിൻ സമീദ് ഐ എ എസ്
അഡീഷണൽ എഡിറ്റർ പി ശ്യാംകുമാർ **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ് എം
എഡിറ്റർ-ഇൻ-ചാർജ് എസ് ബീനാമോൾ
അസിസ്റ്റന്റ് എഡിറ്റർ വിവേക് വി എസ് **ട്രാൻസ്ലേറ്റർ** ക്രിസ്റ്റി അന്ന തോമസ് **സർക്കുലേഷൻ ഓഫീസർ** എൽ ഹേമന്ത് കുമാർ
കവർ നാരായണ ഭട്ടതിരി, **ലേ ഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ >>



ഭാഷയിൽ പിറന്ന കേരളം, ഭാഷയിൽ വളർന്ന കേരളം

"മലയാളമാണ് എന്റെ ഭാഷ.
എന്റെ ഭാഷ എന്റെ വീടാണ്.
എന്റെ ആകാശമാണ്.
ഞാൻ കാണുന്ന നക്ഷത്രമാണ്.
എന്നെ തഴുകുന്ന കാറ്റാണ്.
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.

ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത് എന്റെ ഭാഷയിലാണ്.

എന്റെ ഭാഷ ഞാൻ തന്നെയാണ്."

എം. ടി. വാസുദേവൻ നായർ എഴുതിയ നമ്മുടെ ഭാഷാപ്രതിജ്ഞയിലെ ഓരോ വാക്കും ഭാഷയും മനുഷ്യനും തമ്മിലുള്ള അഗാധമായ ബന്ധത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഒരു ജനതയുടെ സ്വത്വവും സംസ്കാരവും ചരിത്രബോധവും ജീവിതദർശനങ്ങളും വികാരവിചാരങ്ങളും ഭാഷയിൽ വേരുറയ്ക്കുമ്പോൾ, അത് കേവലം ആശയവിനിമയത്തിനുള്ള ഉപാധിമാത്രമല്ലാതാകുന്നു. ഒരു ജനതയുടെ അസ്തിത്വത്തിന്റെ അടയാളവും ചരിത്രത്തിന്റെ സാക്ഷ്യവുമായി അത് അടിസ്ഥാനപ്പെടുന്നു. ഈ അർഥത്തിൽ, 1956 നവംബർ ഒന്നിന് ഭൂപടത്തിൽ പിറവികൊണ്ട കേരളം കേവലമായൊരു ഭൂപരമായ ഏകീകരണമായിരുന്നില്ല, മറിച്ച് മലയാളഭാഷയിലൂടെ രൂപപ്പെട്ട സാംസ്കാരിക സ്വത്വബോധത്തിന്റെ രാഷ്ട്രീയാവിഷ്കാരം കൂടിയായിരുന്നു.

ഐക്യകേരളത്തിന്റെ കഴിഞ്ഞ ഏഴു പതിറ്റാണ്ടുകൾ മലയാളഭാഷയുടെ വികാസപരിണാമങ്ങളുടെയും ചരിത്രമാണ്. സാഹിത്യം, കല, വിദ്യാഭ്യാസം, സിനിമ, പത്രപ്രവർത്തനം, ഭരണനിർവഹണം, സാമൂഹികവിമർശനം, വിജ്ഞാനവിനിമയം എന്നീ മേഖലകളിൽ ഭാഷ നേടിയ ഇടം കേരളത്തിന്റെ നവോത്ഥാനപരവും ജനാധിപത്യപരവുമായ മുന്നേറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അച്ചടിയുടെ അക്ഷരലോകത്തുനിന്ന് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വിശാലമായ ഇടങ്ങളിലേക്കുള്ള മലയാളത്തിന്റെ പ്രയാണം കാലത്തെ സ്വാംശീകരിക്കാനും പുതിയ ആശയലോകങ്ങളുമായി സംവദിക്കാനുമുള്ള ഭാഷയുടെ ശേഷിയുടെ തെളിവാണ്.

"എത്ര സുന്ദരം എത്ര സുന്ദരം എന്റെ മലയാളം
മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നരഞ്ഞാൽ പോലെ"

എന്ന ഒ. എൻ. വി. കുറുപ്പിന്റെ കാവ്യശകലത്തിൽ മലയാളത്തിന്റെ സൗന്ദര്യവും ഉൾച്ചേരലിന്റെ വ്യത്യസ്തയും മനോഹരമായി ഇഴചേർന്നുനിൽക്കുന്നു. ഓരോ കാലത്തും പുതിയ അനുഭവങ്ങളെയും ആശയങ്ങളെയും ഉൾക്കൊണ്ട് സ്വയം നവീകരിക്കുന്നതിലാണ് നമ്മുടെ ഭാഷയുടെ ജീവൻ എന്ന വായനകൂടിയാണത്.

ആഗോളവൽക്കരണത്തിന്റെയും കൃത്രിമബുദ്ധിയുടെയും കാലത്ത് ഭാഷയുടെ പദസമ്പത്ത് വികസിപ്പിക്കുക, സാങ്കേതിക പദാവലി സമ്പന്നമാക്കുക, ഗുണമേന്മയുള്ള പരിഭാഷകൾ സൃഷ്ടിക്കുക, ഡിജിറ്റൽ വിഭവങ്ങൾ വിപുലപ്പെടുത്തുക എന്നിവ കാലം ആവശ്യപ്പെടുന്ന ദൗത്യങ്ങളാണ്. ഇതിനൊപ്പം, പുതിയ തലമുറയുടെ ഭാഷാപ്രയോഗങ്ങളെയും ഗൗരവത്തോടെ സമീപിക്കേണ്ടതുണ്ട്. പുതുതലമുറയുടെ സംഭാഷണങ്ങളിൽ ഇടംനേടുന്ന ചുരുക്കപ്രയോഗങ്ങൾ, പുതുവാക്കുകൾ, മലയാളം-ഇംഗ്ലീഷ് മിശ്രണരീതികൾ, സാമൂഹികമാധ്യമ ഭാഷാമാതൃകകൾ എന്നിവ ഭാഷയുടെ മാറുന്ന സാമൂഹികപരിസരത്തിന്റെ ഭാഗമാണ്.

ഭാഷയുടെ അതിരുകൾ ഇന്ന് അച്ചടിയിലോ ഭൂപ്രദേശത്തിലോ ഒതുങ്ങുന്നില്ല; സാമൂഹികമാധ്യമങ്ങൾ, ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ, കൃത്രിമബുദ്ധി, ആഗോള വിജ്ഞാനവിനിമയം എന്നിവയിലൂടെ അവ നിരന്തരം പുനർനിർവചിക്കപ്പെടുന്നു. ഈ ബഹുഭാഷാസംവേദനങ്ങളെ സ്വാംശീകരിക്കുകയും പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഭാഷയെ നവീകരിക്കുകയും ചെയ്യുമ്പോഴും മലയാളത്തിന്റെ സ്വത്വവും ആവിഷ്കാരസമ്പന്നതയും നിലനിർത്തുക എന്നതാണ് സമകാലിക ഭാഷാവികാസത്തിന്റെ വെല്ലുവിളി.

ഭാഷയിൽ പിറന്ന കേരളം, ഭാഷയിലൂടെ വളർന്ന കേരളം എന്ന ചരിത്രബോധം പുതിയ കാലത്തും മലയാളത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും കരുത്താകട്ടെ. ഭാഷയുടെ സമ്പന്നമായ പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് വിജ്ഞാനത്തിന്റെയും സാങ്കേതികവിദ്യയുടെയും പുതിയ ലോകങ്ങളിലേക്ക് മലയാളത്തിന് ആത്മവിശ്വാസത്തോടെ മുന്നേറാനാകട്ടെ. സ്വന്തം ഭാഷയെ ചേർത്തുപിടിക്കുമ്പോഴും ലോകത്തിന്റെ വിജ്ഞാനവാതിലുകൾ തുറന്നിടാനും കാലത്തിനൊപ്പം മുന്നേറാനും നമുക്കാകണം.

എല്ലാവർക്കും മലയാളദിന ആശംസകൾ

സബിൻ സമീദ് ഐ എ എസ്
എഡിറ്റർ

2026 NOVEMBER 1 VOLUME 13 ISSUE 4 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ് - 1, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

5 എന്റെ മലയാളം
വി ഡി സതീശൻ

8 പഠിച്ചും പഠിപ്പിച്ചും
എന്നും മലയാളത്തിനൊപ്പം....
പ്രൊഫ. എം ലീലാവതി / എൻ ഇ സുധീർ

14 ബോർഡിൽ ഒരിത്തിരി
മലയാളം ബാക്കി വച്ചേക്കണേ
കെ സി നാരായണൻ

16 സർക്കുലേഷന്റേയും
ചുമതല പത്രാധിപർക്ക്
തോമസ് ജേക്കബ്

20 മലയാളത്തിന്റെ
വൈജ്ഞാനികപദവി
സി എം മുരളീധരൻ

23 ഒരു മലയാളം പല മലയാളം...
കെ എ ഷാജി

26 വംഗനാടിന്റെ മലയാണ്മയറിഞ്ഞ
വിവർത്തക
ലീലാ സർക്കാർ / കബനി സി

30 ഡിജിറ്റൽജീവിതവും ഭാഷാമാറ്റങ്ങളും
ഡോ. സുനീത ടി വി

32 അക്ഷരങ്ങളുടെ കല; ഭാഷയുടെയും
നാരായണ ഭട്ടതിരി

34 ഗോട്ടും പൂക്കിയും ഡെലുലുവും ...
പുതുതലമുറയുടെ ഭാഷാവിനിമയങ്ങൾ
ഡോ. പ്രിൻസ് മോൻ ജോസ്

37 കോടതി ഭാഷയിലെ മലയാളം
ഡോ. സ്മിത കെ. നായർ

40 സ്വത്വബോധാധിഷ്ഠിതം പെൺമലയാളം
ഡോ: ബെറ്റിമോൾ മാത്യു

42 മലയാളഭാഷയും
നിർമ്മിതബുദ്ധിയും
ഡോ. രാജീവ് ആർ ആർ

45 ജനാധിപത്യത്തിന്റെ ഭാഷാരാഷ്ട്രീയം
ഡോ ആർ ശിവകുമാർ

49 പ്രവാസലോകത്തെ മലയാളമധുരം
ജേക്കബ് ഏബ്രഹാം

50 മലയാളത്തിന്റെ നെല്ലച്ചൻ
സുമ കെ



ഓരോ മലയാളിക്കും മാതൃഭാഷ കേവലം ആശയവിനിമയത്തിനുള്ള ഉപാധിയല്ല; അത് സ്വന്തം വേരുകളിലേക്കുള്ള വഴിയും സംസ്കാരത്തിന്റെ അടയാളവും ആത്മാവിന്റെ ആവിഷ്കാരവുമാണ്

എന്റെ മലയാളം




"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻ ഭാഷ താൻ."

മഹാകവി വള്ളത്തോളിന്റെ ഈ വരികളിൽ മാതൃഭാഷയോടുള്ള മലയാളിയുടെ ആത്മബന്ധത്തിന്റെ ആഴം മുഴുവൻ അടങ്ങിയിരിക്കുന്നു. അമ്മയുടെ താരാട്ടിൽ തുടങ്ങി ജീവിതത്തിന്റെ ഓരോ വികാരത്തിലും അനുഭവത്തിലും അലിഞ്ഞുചേരുന്ന ഭാഷയാണ് മലയാളം. ആദ്യമായി കേൾക്കുന്ന സ്നേഹവാക്കുകൾക്കും ഹൃദയത്തിൽ തൊടുന്ന ആശ്വാസത്തിനും സന്തോഷത്തിന്റെ പൊട്ടിച്ചിരിക്കുമെല്ലാം മലയാളത്തിന്റെ മധുരമുണ്ട്. ഓരോ മലയാളിക്കും മാതൃഭാഷ കേവലം ആശയവിനിമയത്തിനുള്ള ഉപാധിയല്ല; അത് സ്വന്തം വേരുകളിലേക്കുള്ള വഴിയും സംസ്കാരത്തിന്റെ അടയാളവും ആത്മാവിന്റെ ആവിഷ്കാരവുമാണ്. തലമുറകളുടെ അറിവും അനുഭവവും ഭാവനയും ചരിത്രവും ചേർന്നാണ് മലയാളം ഇന്നത്തെ മഹത്തായ ഭാഷയായി വളർന്നത്. അതുകൊണ്ടുതന്നെ മാതൃഭാഷയെ സ്നേഹിക്കുക എന്നത് സ്വന്തം നാടിനെയും സംസ്കാരത്തെയും മനുഷ്യബന്ധങ്ങളെയും സ്നേഹിക്കുക എന്നതിന്റെ കൂടി അർഥമാണ്.

എന്റെ മലയാളം എന്റെ ഓർമ്മകളുടെയും അനുഭവങ്ങളുടെയും സ്വപ്നങ്ങളുടെയും ഭാഷയാണ്. എന്റെ നാടിനെ ഞാൻ അറിയുന്നതും എന്റെ മനുഷ്യരെ തിരിച്ചറിയുന്നതും ജീവിതത്തിലെ സന്തോഷവും സങ്കടവും ഏറ്റവും സ്വാഭാവികമായി പങ്കുവയ്ക്കുന്നതും മലയാളത്തിലൂടെയാണ്. മറ്റെല്ലാ ഭാഷകളെയും ആദരിക്കുമ്പോഴും മാതൃഭാഷയോടുള്ള ഈ ആത്മബന്ധം ഓരോ മലയാളിയും കാത്തുസൂക്ഷിക്കണം. കാരണം, ഭാഷ നഷ്ടപ്പെടുന്നത് കുറെവാക്കുകളുടെ നഷ്ടപ്പെടൽ മാത്രമല്ല, ഒരു ജനതയുടെ അനുഭവങ്ങളും പാരമ്പര്യവും സാംസ്കാരിക സവിശേഷതകളും അടുത്ത തലമുറയിലേക്ക് കൈമാറാനുള്ള വഴികൾ ദുർബലമാകുന്നതുകൂടിയാണ്.

ക്ലാസിക്കൽ ഭാഷാപദവി ലഭിച്ച മലയാളം അതിന്റെ സാഹിത്യസമ്പന്നതകൊണ്ടും ചരിത്രപരമായ പാരമ്പര്യംകൊണ്ടും സാംസ്കാരിക വൈവിധ്യംകൊണ്ടും ഇന്ത്യയിലെ ശ്രേഷ്ഠമായ ഭാഷകളിലൊന്നാണ്. എഴുത്തച്ഛനും കുഞ്ചൻ



ഫോട്ടോ: അജയകുമാർ ആർ ഐ പി ആർ ഡി

നമ്പ്യാരും കുമാരനാശാനും വള്ളത്തോളും ജി. ശങ്കരക്കുറുപ്പും ചങ്ങമ്പുഴയും വൈലോപ്പിള്ളിയും ബഷീറും മാധവിക്കുട്ടിയും എം.ടി. വാസുദേവൻ നായരും സുഗതകുമാരിയും ഒ.എൻ.വി. കുറുപ്പും ഉൾപ്പെടെയുള്ള മഹാപ്രതിഭകൾ മലയാളത്തിന്റെ ഭാവുകത്വത്തെ സമ്പന്നമാക്കി. കവിതയിലും കഥയിലും നോവലിലും നാടകത്തിലും സിനിമയിലും ശാസ്ത്രസാഹിത്യത്തിലും വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലും മലയാളം സ്വന്തം ഇടം ഉറപ്പിച്ചു. ലോകത്തിന്റെ ഏതു കോണിലിരുന്നും മലയാളിക്ക് തന്റെ അനുഭവങ്ങളും ചിന്തകളും ഏറ്റവും സ്വാഭാവികമായി പങ്കുവയ്ക്കാൻ കഴിയുന്നത് ഈ ഭാഷയുടെ കരുത്തിലാണ്. എന്നാൽ, മലയാളത്തിന്റെ മഹത്വം ഭൂതകാലനേട്ടങ്ങളിൽ മാത്രം ഒതുങ്ങരുത്. കാലത്തിനൊപ്പം വളരാനും ആധുനിക വിജ്ഞാനത്തിന്റെ ഭാഷയാകാനും പുതിയ തലമുറയുടെ അഭിലാഷങ്ങളെ ഉൾക്കൊള്ളാനും മലയാളത്തിന കഴിയണം. സാങ്കേതികവിദ്യയിലും ഉന്നതവിദ്യാഭ്യാസത്തിലും ശാസ്ത്രഗവേഷണത്തിലും ഭരണനിർവഹണത്തിലും മലയാളത്തിന്റെ സാന്നിധ്യം കൂടുതൽ ശക്തമാകുമ്പോഴാണ് ശ്രേഷ്ഠഭാഷാപദവി യഥാർഥ അർഥത്തിൽ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അഭിമാനമായി മാറുന്നത്. പാരമ്പര്യത്തെ ചേർത്തുപിടിക്കുന്നതിനൊപ്പം ഭാവിയുടെ സാധ്യതകളിലേക്കും മലയാളം വളരണം.

ഭരണഭാഷ എന്ന നിലയിൽ മലയാളത്തിന് അർഹമായ സ്ഥാനം ഉറപ്പാക്കുന്നത് ഈ യാത്രയിലെ പ്രധാനപ്പെട്ട ചുവടുവയ്പാണ്. സർക്കാർ ഉത്തരവുകളും അറിയിപ്പുകളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും അവരുടെ ഭാഷയിൽ ലഭ്യമാകുമ്പോൾ ഭരണസംവിധാനം കൂടുതൽ ജനകീയമാകുന്നു. സർക്കാരും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കാനും സാധാരണക്കാർക്ക് തങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും മനസ്സിലാക്കാനും മാതൃഭാഷയിലുള്ള ഭരണനിർവഹണം സഹായിക്കുന്നു. ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ സർക്കാർ സംസാരിക്കുമ്പോഴാണ് ഭരണസംവിധാനം കൂടുതൽ സുതാര്യവും ജനസൗഹൃദവുമാകുന്നത്.

ഔദ്യോഗിക രേഖകളിലും ഫയൽ നടപടികളിലും സർക്കാർ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലും മലയാളത്തിന്റെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കും. സാങ്കേതിക പദങ്ങൾക്ക് ഏകീകൃതമായ മലയാളരൂപങ്ങൾ വികസിപ്പിക്കുകയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഭാഷാപരിശീലനം നൽകുകയും ചെയ്യും. ഡിജിറ്റൽ സേവനങ്ങളും സർക്കാർ വെബ്സൈറ്റുകളും മലയാളത്തിൽ കൂടുതൽ ലളിതവും പ്രാപ്യവുമാക്കും. നിയമങ്ങളും സർക്കാർ ഉത്തരവുകളും ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന ഭാഷയിൽ ലഭ്യമാക്കുന്നതിനും നടപടികളുണ്ടാകും. ഇംഗ്ലീഷും മറ്റ ഭാഷകളും പഠിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ തടസ്സമാകാതെ മലയാളത്തിന് അർഹമായ പ്രാധാന്യം ഉറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം.

മലയാളത്തിന്റെ ഭാവി സുരക്ഷിതമാക്കുക എന്നത് സർക്കാരിന്റെ മാത്രം ഉത്തരവാദിത്വമല്ലെങ്കിലും അതിന് നേതൃത്വം നൽകേണ്ടത് സർക്കാരാണെന്ന പൂർണ ബോധ്യമുണ്ട്. മലയാളഭാഷയുടെ സംരക്ഷണത്തിനും വികസനത്തിനുമായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും അവ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യും. സ്കൂളുകളിലും കോളേജുകളിലും മാതൃഭാഷാപഠനം കൂടുതൽ ആകർഷകമാക്കും. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും മികച്ച മലയാളപുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിനും വിവർത്തനത്തിനും പ്രോത്സാഹനം നൽകും. എഴുത്തുകാർക്കും ഗവേഷകർക്കും ഭാഷാപ്രവർത്തകർക്കും ആവശ്യമായ പിന്തുണ ഉറപ്പാക്കും. മലയാളത്തിലെ അപൂർവ ഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും വാമൊഴിപാരമ്പര്യങ്ങളും സംരക്ഷിച്ച് വരുംതലമുറയ്ക്ക് കൈ

സർക്കാർ ഉത്തരവുകളും അറിയിപ്പുകളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും അവരുടെ ഭാഷയിൽ ലഭ്യമാകുമ്പോൾ ഭരണസംവിധാനം കൂടുതൽ ജനകീയമാകുന്നു

മാറുന്നതിനും പ്രത്യേക ശ്രദ്ധ നൽകും.

മലയാളത്തിലെ പുസ്തകങ്ങളും അറിവിന്റെ സമ്പന്നമായ ശേഖരവും പുതിയ തലമുറയിലേക്ക് എത്തിക്കേണ്ടത് ഈ പ്രവർത്തനങ്ങളുടെ പ്രധാന ഭാഗമാണ്. പ്രത്യേകിച്ച്, തിരക്കേറിയ തൊഴിൽജീവിതത്തിനിടയിലും വായനയ്ക്കും അറിവുനേടുന്നതിനും അവസരം ഒരുക്കണം. അതിന്റെ ഭാഗമായി, സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ടെക്നോപാർക്ക് ഫേസ് ഒന്നിലെ ഭവാനി ബിൽഡിംഗിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പുതിയ ശാഖ ആരംഭിച്ചത് ശ്രദ്ധേയമായ ചുവടുവയ്പാണ്. കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ്, ടെക്നോപാർക്ക്, ഐ.ടി. ജീവനക്കാരുടെ കൂട്ടായ്മയായ പ്രതിധ്വനി എന്നിവയുടെ സഹകരണത്തോടെ ആരംഭിച്ച ഈ ലൈബ്രറി, സാങ്കേതികവിദ്യാ മേഖലയിലെ ജീവനക്കാർക്ക് വായനയിലേക്കും പുസ്തകങ്ങളിലേക്കും കൂടുതൽ എളുപ്പത്തിൽ എത്തിച്ചേരാനുള്ള അവസരം ഒരുക്കുന്നു.

മലയാളത്തിലെയും ഇംഗ്ലീഷിലെയും മികച്ച സാഹിത്യകൃതികൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. അംഗത്വവും പുസ്തക വിതരണവും കൂടുതൽ ലളിതമാക്കുന്ന ഏകീകൃത സ്മാർട്ട് കാർഡ് സംവിധാനവും ഡിജിറ്റൽ പേയ്മെന്റ് സൗകര്യങ്ങളും ഈ സംരംഭത്തിന്റെ പ്രത്യേകതകളാണ്. ഐ.ടി. മേഖലയിലെ തിരക്കേറിയ ജോലി സമയങ്ങൾക്കിടയിലും പുസ്തകങ്ങളുമായി ബന്ധം നിലനിർത്താൻ ഇത്തരം ഇടങ്ങൾ സഹായിക്കും. സാങ്കേതികവിദ്യയുടെ ലോകത്ത് ജോലി ചെയ്യുന്നവർക്കിടയിലേക്ക് മലയാളത്തിന്റെ സാഹിത്യസമ്പത്ത് എത്തിക്കുക എന്നത് ഭാഷയെ പുതിയ കാലവുമായി ചേർത്തുനിർത്തുന്ന പ്രവർത്തനമാണ്. ഇത്തരം വായനാ-സാംസ്കാരിക ഇടങ്ങൾ കൂടുതൽ പേരിലേക്ക് എത്തിക്കാനുള്ള സാധ്യതകളും സർക്കാർ പരിശോധിക്കും.

പുതിയ കാലത്ത് ഭാഷയുടെ വളർച്ചയ്ക്ക് സാങ്കേതികവിദ്യയും നിർണ്ണായകമാണ്. ഡിജിറ്റൽ ലോകത്ത് മലയാളത്തിന്റെ സാന്നിധ്യം ശക്തിപ്പെടുത്തുകയും മലയാളം കമ്പ്യൂട്ടിങ്ങും നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളിലെ ഭാഷാപ്രയോഗവും വികസിപ്പിക്കുകയും വേണം. മലയാളത്തിൽ കൂടുതൽ പഠനസാമഗ്രികളും വിജ്ഞാനസ്രോതസ്സുകളും ഡിജിറ്റൽ ഉള്ളടക്കവും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ മുൻഗണന നൽകും. പുതിയ തലമുറയുടെ ആശയവിനിമയലോകത്തും മലയാളത്തിന് സ്വാഭാവികമായ ഇടമുണ്ടാകണം. സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പം ഭാഷയെ മാറ്റിനിർത്തുകയല്ല, അതിന്റെ സാധ്യതകൾ മലയാളത്തിന്റെ വളർച്ചയ്ക്കായി ഉപയോഗിക്കുകയാണ് വേണ്ടത്.



കേരളത്തിന് പുറത്തും വിദേശത്തും ജീവിക്കുന്ന മലയാളികൾക്കും ഭാഷയുടെ സംരക്ഷണത്തിൽ വലിയ പങ്കുണ്ട്. അവരുടെ മക്കൾക്ക് മലയാളം പഠിക്കാനും സംസാരിക്കാനും വായിക്കാനും എഴുതാനും അവസരങ്ങൾ ഒരുക്കണം. മലയാളം മിഷൻ പോലുള്ള പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളപഠനത്തിനുള്ള അവസരങ്ങൾ വികസിപ്പിക്കുകയും ചെയ്യും. ഭാഷയിലൂടെ കേരളത്തിന്റെ സാഹിത്യവും സംസ്കാരവും മൂല്യങ്ങളും ലോകവുമായി പങ്കുവയ്ക്കാൻ നമുക്ക് കഴിയണം.

മാതൃഭാഷയെ സ്നേഹിക്കുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ വീടുകളിലും വിദ്യാലയങ്ങളിലും പൊതുഇടങ്ങളിലും മലയാളത്തിന് സ്വാഭാവികമായ ഇടം ലഭിക്കണം. കുട്ടികളോട് മലയാളത്തിൽ സംസാരിക്കുക, അവരെ മലയാളപുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക, നല്ല മലയാളസാഹിത്യത്തെ പരിചയപ്പെടുത്തുക, നമ്മുടെ ഭാഷയിലെ അറിവും സർഗാത്മകതയും പുതിയ തലമുറയിലേക്ക് പകരുക, ഇവയെല്ലാം ഭാഷയുടെ ഭാവിയെ രൂപപ്പെടുത്തുന്ന നിർണ്ണായക പ്രവർത്തനങ്ങളാണ്. ഭാഷയുടെ വളർച്ച സർക്കാരിന്റെ നയങ്ങളിലും സമൂഹത്തിന്റെ ഇടപെടലുകളിലും ഓരോ വ്യക്തിയുടെയും ദൈനംദിന ജീവിതത്തിലും ഒരുപോലെ പ്രതിഫലിക്കണം.

വള്ളത്തോൾ പാടിയതുപോലെ, മറ്റെല്ലാ ഭാഷകളെയും ആദരിക്കുമ്പോഴും സ്വന്തം ഭാഷയോടുള്ള സ്നേഹവും ഉത്തരവാദിത്വവും നാം മറക്കരുത്. മലയാളം നമ്മുടെ മാതൃഭാഷ മാത്രമല്ല, നമ്മുടെ സ്വത്വവും സംസ്കാരവും അഭിമാനവുമാണ്. അതിന്റെ മാധുര്യം ഹൃദയത്തിൽ സൂക്ഷിക്കുന്നതോടൊപ്പം അതിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കുകയും വേണം. മലയാളം ഇന്നിന്റെ ജീവിതത്തിൽ കരുത്തോടെ നിലനിൽക്കുകയും നാളെയുടെ അറിവിന്റെയും സാങ്കേതികവിദ്യയുടെയും ഭാഷയായി വളരുകയും ചെയ്യണം. ■

ഭാഷാടിസ്ഥാനത്തിൽ പിറന്ന കേരളത്തിന് എഴുപത് തികയുകയാണ്. മലയാളഭാഷയുടെ ചരിത്രത്തെയും വികാസപരിണാമങ്ങളെയും സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുള്ള പ്രൊഫ. എം. ലീലാവതിയുമായി എഴുത്തച്ഛനിലൂടെ രൂപപ്പെട്ട ഭാഷാസങ്കൽപ്പങ്ങൾ മുതൽ വർത്തമാനകാല ഭാഷാസങ്കേതങ്ങൾ വരെയുള്ള വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിക്കുകയാണ് എഴുത്തുകാരനും കോളമിസ്റ്റുമായ എൻ. ഇ. സുധീർ

പഠിച്ചും പഠിപ്പിച്ചും എന്നും മലയാളത്തിനൊപ്പം....

ഭാഷയ്ക്ക് ഒരു ചരിത്രമുണ്ട്; അതിനേക്കാൾ സങ്കീർണമായ വർത്തമാനവുമുണ്ട്. കാലത്തിനും സമൂഹത്തിനുമൊപ്പം അത് മാറുന്നു. പുതിയ വാക്കുകൾ സ്വീകരിക്കുന്നു, പഴയ ചില പ്രയോഗങ്ങളെ കൈവിടുന്നു, മറ്റു ഭാഷകളുമായി ഇടകലരുന്നു. അതിനിടയിൽ ഭാഷയുടെ സ്വത്വത്തെക്കുറിച്ചും ശുദ്ധിയെക്കുറിച്ചും നിലനിൽപിനെക്കുറിച്ചുമുള്ള ചർച്ചകൾ ഉയരുന്നു. മലയാളം ഇന്ന് കടന്നുപോകുന്ന വഴികളെ മനസ്സിലാക്കാൻ അതിന്റെ സാഹിത്യചരിത്രത്തിലേക്കും ഭാഷയുടെ വികാസ പരിണാമങ്ങളിലേക്കും ഒരുപോലെ തിരിഞ്ഞുനോക്കേണ്ടതുണ്ട്. മലയാളഭാഷയെയും സാഹിത്യത്തെയും ജീവിതകാലം മുഴുവൻ ഗൗരവത്തോടെ സമീപിച്ച പ്രൊഫ. എം. ലീലാവതി ടീച്ചറുമായി നടത്തുന്ന ഈ സംഭാഷണം അത്തരമൊരു തിരിഞ്ഞുനോട്ടമാണ്. ഭാഷയുടെ വേരുകൾ തേടുമ്പോൾ അത് സാഹിത്യത്തിലേക്കും സംസ്കാരത്തിലേക്കും ചരിത്രത്തിലേക്കും വഴിതുറക്കുന്നു. വർത്തമാനത്തെ പരിശോധിക്കുമ്പോൾ പുതിയ കാലത്തിന്റെ ഭാഷാശീലങ്ങളും പരിഭാഷയുടെ പ്രസക്തിയും സാങ്കേതികവിദ്യ ഉയർത്തുന്ന ചോദ്യങ്ങളും കടന്നുവരുന്നു. കേരളപ്പിറവിയുടെ എഴുപതാം വർഷത്തിൽ, ഭാഷയുടെ ഓർമകളിലൂടെയും വർത്തമാനത്തിലൂടെയും മലയാളത്തിന്റെ ഭാവിയിലേക്കു നോക്കുകയാണ് പ്രൊഫ. എം ലീലാവതി

കേരളപ്പിറവിയുടെ എഴുപതാം വാർഷികം വരുന്നു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായി കേരളം ഉണ്ടായപ്പോൾ ടീച്ചർ ഒരു യുവതിയായിരുന്നിരിക്കണം. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി കിടന്നിരുന്ന കേരളസമൂഹത്തെ ഭാഷയുടെ അടിസ്ഥാനത്തിൽ ഒന്നാക്കി യുള്ള കേരള സംസ്ഥാന രൂപീകരണത്തെക്കുറിച്ച് ഒന്നോർത്തെടുക്കാമോ?

കേരളം മൂന്നു മുറിയായി ഒടിഞ്ഞുകിടക്കുമ്പോൾ സംസ്കാരത്തിന്റെ ഞാൺ അഴഞ്ഞഴഞ്ഞു കിടക്കും എന്ന് ഉപദർശനമുണ്ടായിട്ടുണ്ട്. 'പോയി കേരളം മൂന്നുമുറിയായൊടിഞ്ഞ വില്ലായി -സംസ്കാരത്തിന്റെ ഞാണഴഞ്ഞഴഞ്ഞായി'

(അഴിമുഖത്ത് - ജി)

ഭാഷയുടെ അടിസ്ഥാനത്തിലാണ് യൂറോപ്പിലെ മിക്ക രാജ്യങ്ങളും അറിയപ്പെടുന്നത് എന്നതും വസ്തുതകൾ തന്നെ. എന്നാൽ ഒരു രാജ്യത്ത് വിവിധ പ്രവിശ്യകൾ ഭാഷാടിസ്ഥാനത്തിൽ നിലകൊള്ളുക എന്നത് ഒരു വിരള പ്രതിഭാസമാണ്. സോവിയറ്റ് യൂണിയനിലും യൂഗോസ്ലാവിയയിലും തകർച്ച സംഭവിച്ചു. ഇവിടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഉടനടി ഭാഷാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ് വിഭജനം ഉണ്ടായില്ല. നെഹ്റു ഉൾപ്പെടെയുള്ള നേതാക്കൾ ആ വിഭജനം അനിവാര്യമാണെന്ന വിശ്വസിച്ചിരുന്നോ എന്ന സംശയമാണ്. തെലുങ്കുനാട്ടിലെ



ഒരു വ്യക്തിയുടെ ആത്മാഹുതിയാണ് ആ വിഭജനം ത്വരിതമാക്കിയതെന്നു തോന്നുന്നു. (പോട്ടി ശ്രീരാമുലു)

കേരളം ഒന്നാകുന്നതിനുമുമ്പ് രണ്ടു 'രാജ്യ'ത്തോട് തുല്യമായി ആത്മബന്ധം ഉണ്ടായിരുന്ന വ്യക്തിയാണ് ഞാൻ. ജനിച്ചത് ബ്രി. മലബാറിൽ (ഗുരുവായൂർ) പഠിച്ചത് കൊച്ചി രാജ്യത്തിൽപ്പെട്ട കുന്നംകുളത്ത്. ചാവക്കാട് ഹൈസ്ക്കൂളിലാണ് പഠിച്ചതെങ്കിൽ കോളേജിന്റെ പടി കാണില്ലായിരുന്നു. പ്രതിമാസം 2 കു. 10 അണ ലാഭിക്കാനാണ് 3 കി.മീറ്റർ മാത്രം അകലമുള്ള ചാവക്കാട്ട് പഠിക്കാതെ 8 കി.മീറ്ററിലധികം ദൂരവും രണ്ടു കുന്നുകൾ കയറിയിറങ്ങേണ്ട സ്ഥിതിയും ഉണ്ടായിരുന്ന കുന്ദംകുളത്ത് ഗേൾസ് സ്ക്കൂളിൽ പഠനമുണ്ടായത്. കൊച്ചി രാജ്യത്ത് പെൺകുട്ടികൾക്ക് പകുതി ഫീസ് ഇളവുണ്ടായിരുന്നു. (ക്ലേശമൊക്കെ സഹിച്ചു: വൈദ്യുതിയില്ലാത്തതുകൊണ്ട് രാത്രിയിലെ പഠനം പരിമിതമായി. എന്നിട്ടും സ്റ്റേറ്റിൽ പെൺകുട്ടികളിൽ ഒന്നാമതായി ജയിച്ചതിനാൽ സ്കോളർഷിപ്പു കിട്ടുമായിരുന്നതുകൊണ്ടും അധ്യാപകരുടെ എതിർക്കാനാവാത്ത നിർബന്ധം കൊണ്ടുമാണ് മഹാരാജാസ് കോളേജിൽ ചേരാൻ കഴിഞ്ഞത്. മലയാളത്തിലും ഒന്നാം സ്ഥാനത്തായിരുന്നു)

'ഐക്യകേരളം' എന്ന വിഷയത്തിലുള്ള പ്രബന്ധമത്സരത്തിൽ ഒന്നാം സമ്മാനം കിട്ടി. അതിൽ കേരളം ഒന്നാവണം എന്നതന്നെ വാദിച്ചു. എങ്കിലും അന്നത്തെ സ്ഥിതിയിലായാലും കേരള സംസ്കാരത്തിനു വളരാൻ കഴിയുമെന്നായിരുന്നു വിശ്വാസം. സംസ്കാരത്തിന്റെ മാധ്യമങ്ങളായ സാഹിത്യവും കേരള കലാമണ്ഡലത്തിലൂടെ നടനകലയും വളർത്താനുള്ള ശ്രമങ്ങളുണ്ടായത് സ്റ്റേറ്റ് ഉണ്ടായതിനു ശേഷമല്ല (1927ൽ ആദ്യത്തേതും 30-ൽ രണ്ടാമത്തേതും സ്ഥാപിതമായി) 'സമസ്ത' എന്ന മൂന്നക്ഷരങ്ങൾ ആദ്യത്തേതിനു മുമ്പിലുണ്ടായത് തുല്യമായ പ്രാതിനിധ്യം സൂചിപ്പിക്കാനായിരുന്നിരിക്കണം. എങ്കിലും കേരള കലാമണ്ഡലം എന്നപോലെ കേരള സാഹിത്യപരിഷത്ത് എന്നായിരുന്നാലും പുരോഗതി തുല്യമാവുമായിരുന്നു.

രാജ്യത്തെ പല സംസ്ഥാനങ്ങളായി വിഭജിച്ചാലേ ഭരണകൂടം കാര്യക്ഷമമാവൂ എന്നു കരുതുന്നതിന്റെ മുഖ്യ അടിസ്ഥാനം ഭരണകേന്ദ്രത്തോട് സാമീപ്യം പുലർത്താനും ഭരണത്തിന്റെ ആവിഷ്കാരങ്ങൾ മനസ്സിലാക്കാനും ബഹുജനത്തിനു കഴിയണമെന്നതാണ്. സാമീപ്യത്തിന്റെ കാര്യത്തിൽ ഇത് ഒട്ടും പരിഗണിക്കപ്പെടുന്നില്ല. (അഥവാ പരിഗണിക്കപ്പെട്ടില്ല). ഹൈക്കോടതി, ഭരണകേന്ദ്രം എന്നിവയോടു ചിലർക്ക് അത്യന്ത സാമീപ്യം; മറ്റു ചിലർക്ക് അത്യന്തദൂരം. തെക്കേ മുനമ്പിൽ നിന്നും കോയമ്പത്തൂരിൽ നിന്നും ചെന്നൈയിലേക്കുള്ള ദൂരവും മഞ്ചേശ്വരത്തുനിന്ന് തിരുവനന്തപുരത്തേക്കുള്ള ദൂരവും ഓർക്കുക. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ സംഘടിപ്പിച്ചപ്പോൾ, ഭരണകേന്ദ്രങ്ങൾ ജനങ്ങൾക്കു തുല്യമായ തോതിൽ സുപ്രാപ്യമാവണമെന്ന തത്ത്വം പരിഗണനയിൽ വന്നതേയില്ല. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയ്ക്കപകരം ഭാഷാപരമായ അടിസ്ഥാനത്തിൽ ഭരണകേന്ദ്രങ്ങൾ വർധിപ്പിക്കലായാലും മതിയാകുമായിരുന്നില്ലേ? എന്നൊരു ചിന്തയ്ക്കു പ്രസക്തിയുണ്ട്. രാഷ്ട്രഭാഷ, പ്രാദേശിക ഭാഷകൾ ഇവ തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ?



രണ്ടു നൂറ്റാണ്ടു നീണ്ടുനിന്ന വൈദേശികാധിപത്യമെന്ന കാളകൂടത്തിന്റെ ഒപ്പം ചരിത്രം ഭാരതത്തിനു നൽകിയ അമൃതമായി ഇംഗ്ലീഷിനെ ഗണിക്കുവാൻ നമുക്കു കഴിയേണ്ടതാണ്. ഇംഗ്ലീഷ് ഒരന്താരാഷ്ട്ര ഭാഷയാണ്. അത് അമേരിക്കയിലും കാനഡയിലുമൊക്കെ പ്രചരിക്കുന്നതിൽ ആ രാജ്യക്കാർക്ക് അപകർഷബോധമോ, മറ്റേതെങ്കിലും രാജ്യത്തോട് കടപ്പാടുണ്ടെന്ന അവബോധമോ ഇല്ല. അതുപോലെ, നമുക്കും ആ ഭാഷയിൽ ആധിപത്യം ഉറപ്പിക്കാനാവുന്നതാണ്. രണ്ടു ശതമാനം മാത്രം അതിൽ പ്രാവീണ്യം നേടുന്നതിനുപകരം ബഹുഭൂരിപക്ഷത്തിന് അത് സ്വഭാഷപോലെ വിധേയമാക്കുന്നതിനുതകുന്ന സ്ഥാനമാണ് വിദ്യാഭ്യാസത്തിൽ നൽകേണ്ടത്. പ്രാഥമിക വിദ്യാഭ്യാസം അമ്മമൊഴിയിൽത്തന്നെവേണം. ആ കാലത്തും ഇംഗ്ലീഷ് ഭാഷയിൽ ഭാഷണം ശീലിപ്പിക്കണം. അതിൽ എഴുത്തും വായനയും പ്രാഥമികഘട്ടത്തിനുശേഷം മതി. തത്പരർക്കു മാധ്യമമാക്കാൻ തടസ്സമില്ലാതിരിക്കണം. ജീവിതപശ്ചാത്തലം, താൽപര്യം, കഴിവ് എന്നതനുസരിച്ച് അത് മാധ്യമമാക്കാൻ ഇച്ഛിക്കുന്നവർക്ക് അതിനു അനുവാദമുണ്ടാവണം. ഇന്ന് വിദേശത്ത് ഇന്ത്യക്കാർ 'തിളങ്ങുന്നു'ണ്ടെങ്കിൽ അത് അവരുടെ ഇംഗ്ലീഷ് ഭാഷാസ്വാധീനവും അതിലൂടെ നേടിയെടുത്ത വിജ്ഞാനവും മൂലമാണ്. ഇംഗ്ലീഷിന്റെ അന്താരാഷ്ട്ര പ്രാധാന്യം അംഗീകരിച്ചുംകൊണ്ട് ചൈനയിൽ ഇംഗ്ലീഷ് പഠനം പ്രചരിപ്പിക്കുന്നതിനാൽ അവരും വിദേശങ്ങളിൽ 'തിളക്ക'ത്തോടെ മുന്നേറുന്നു. മാതൃഭാഷാഭിമാനം വേണ്ടെന്നല്ല ഇവിടെ സൂചിപ്പിക്കുന്നത്. അത് മറ്റൊരു ഭാഷയിൽ പ്രാവീണ്യം നേടുന്നതിനു പ്രതിബന്ധമാവരുതെന്നു മാത്രമാണ്; സാഹചര്യവശാൽ മറ്റു പ്രദേശങ്ങളിൽ നിന്ന് മാതൃഭാഷാപ്രദേശത്തേക്ക്. ഉയർന്ന ക്ലാസ്സുകളിൽ അധ്യയനം മാറ്റേണ്ടിവരുന്നവർക്ക് മാതൃഭാഷാപഠനം അടിച്ചേല്പിച്ച് അവരെ നൈരാശ്യത്തിലേക്കു തള്ളിവിടുന്നതു ക്രൂരതയാണെന്നു മാത്രമാണ്. സ്വഭാഷയുടെയും സംസ്കാരത്തിന്റെയും വികാസത്തിന് ഈ ക്രൂരത ഒരിക്കലും വളമാകുകയില്ല. ലക്ഷക്കണക്കിനുള്ള സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം 'പൂർ

'പെടുക'യെന്ന പദത്തിൽ നിന്നുണ്ടായ 'പെട്ട്' എന്ന കർമ്മണി പ്രയോഗചിഹ്നത്തിന്റെ കെട്ടിൽ നാം ശരിക്കും പെട്ടുപോയിക്കഴിഞ്ഞു. ഇതിൽ നിന്ന് ഒരു മോചനമുണ്ടായാലേ പ്രതിപാദ്യത്തിന്റെ അർത്ഥം വ്യക്തമാകൂ എന്ന നിലയിലെത്തിയിരിക്കുന്നു.

ണ്ണ'മാവാൻ കുറച്ചുപേരുടെ വിദ്യാഭ്യാസം മുരടിച്ചുപോവണമെന്ന നിശ്ചയിക്കുന്നത് ഗോത്ര ജീവിതയുഗത്തിലെ ബലിസങ്കല്പം പോലെയാണ് - ബഹുഭ്രരിപക്ഷത്തിന്റെ ക്ഷേമത്തിനുവേണ്ടി ചിലരെ ബലി കൊടുക്കണമെന്ന സങ്കല്പം.

ഭാഷയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ വിഭജിക്കുന്നതിനുപകരം വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഭരണകേന്ദ്രങ്ങളുടെ എണ്ണം കൂട്ടുകയും ഇംഗ്ലീഷിനെ രാഷ്ട്രഭാഷയാക്കി, ഭരണമാധ്യമ ഭാഷ എല്ലാവർക്കും അഭിഗമ്യമാക്കുകയും ചെയ്തിരുന്നെങ്കിൽ സ്ഥിതി എന്താവുമായിരുന്ന എന്ന ഒരു വിഭാവനം (അത് ഇനി സാധ്യമേയല്ലെങ്കിലും) അപ്രസക്തമല്ല.

വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പാർലമെന്റിലും പ്രാദേശിക ഭരണകൂടങ്ങളിലും ജനപ്രതിനിധികളുടെ എണ്ണം നിർണയിക്കാം. രാഷ്ട്രീയകക്ഷികൾക്ക് ഭാഷാപരമായ അതിരുകൾ ഉണ്ടാവുന്ന സ്ഥിതി വന്നുചേരുമായിരുന്നില്ല. സാമുദായിക സംഘടനകൾക്ക് ഭരണത്തിൽ പ്രാധാന്യം വരികയും 'ജാതി' എന്ന വിഭജനം ഇന്നത്തെപ്പോലെ നിർണായകമായിത്തീരുകയും ചെയ്യുമായിരുന്നില്ല. എല്ലാ പ്രദേശങ്ങളിലും തുല്യപ്രചാരമില്ലാത്ത ഒരു ഭാഷ രാഷ്ട്രഭാഷയായിത്തീരുകയോ, അത് സാർവത്രികമായി അടിച്ചേല്പ്പിക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല. ഇംഗ്ലീഷും മാതൃഭാഷയും പ്രധാനം; മൂന്നാം ഭാഷയോ പകരം ഏതെങ്കിലും വിജ്ഞാനശാഖയോ ഐച്ഛികം എന്നൊരു സംവിധാനം ഉണ്ടാക്കാൻ കഴിയുമായിരുന്നില്ലേ? ഭരണകേന്ദ്രങ്ങളുടെ എണ്ണം കൂട്ടുകയും അത് ജനസംഖ്യ, വിസ്തൃതി എന്നിവയുടെ അടിസ്ഥാനത്തിലാവുകയും ചെയ്യുമ്പോൾ പ്രകൃതിവിഭവങ്ങളുടെയും (ജലംപോലെ) ഉത്പാദിത വിഭവങ്ങളുടെയും വിതരണത്തിൽ ഒട്ടുങ്ങാത്ത മത്സരങ്ങൾ ഇന്നത്തെപ്പോലെ സംഭവിക്കുമായിരുന്നോ? ഭാഷയുടെ പേരിൽ ഊറ്റം കൊള്ളുന്നവർക്ക് ഭരണത്തിൽ മുൻകൈ കിട്ടുന്ന സ്ഥിതിവിശേഷം സംജാതമാവുമായിരുന്നോ? ഇത്തരം ചിന്തകൾക്കൊന്നും ഇനി നിലനില്പില്ലാതാകുന്ന രീതിയിൽ ഭാഷാടിസ്ഥാനത്തിലുള്ള സ്റ്റേറ്റ് വിഭജനത്തിന്റെ പരിണാമങ്ങൾ സംഭവിച്ചുകഴിഞ്ഞതിനാൽ ഒരു പുനർവിചിന്തനം ദിവാസ്വപ്നം പോലെയായിത്തീരുന്നു. എങ്കിലും ആ സംസ്ഥാന വിഭജനത്തെപ്പറ്റിയുള്ള അന്തർഗതമെന്തെന്നു ചോദിച്ചതുകൊണ്ട് ഇത്രയും പറഞ്ഞത്, സ്വയം നിഷേധിക്കാനുള്ള വൈമനസ്യംകൊണ്ടുമാത്രമാണ്.

> **നമ്മുടെ ഭാഷയുടെ പിതാവായി എഴുത്തച്ഛനെയാണല്ലോ കണക്കാക്കുന്നത്. അതിന്റെ പിറകിലെ കാരണം? എഴുത്തച്ഛന് മുമ്പും മലയാള ഭാഷയുണ്ടായിരുന്നു. എഴുത്തച്ഛൻ ഭാഷയിൽ വരുത്തിയ സ്വാധീനം ഒന്നു പറയാമോ?**

എഴുത്തച്ഛനെ ഭാഷാ പിതാവായി കരുതുന്നത് അദ്ദേഹം അക്ഷരമാല നിർമ്മിച്ചുവെന്നതുകൊണ്ടോ വൃത്തങ്ങൾ നിർമ്മിച്ചതുകൊണ്ടോ, ഇതിവൃത്തങ്ങൾ നവമായി ആവിഷ്കരിച്ചതുകൊണ്ടോ ഒന്നുമല്ല; (മൂന്നും ഉണ്ടായിട്ടില്ല) തന്റെ കൃതികളിലൂടെ ഒരു ഭാഷാപ്രദേശത്തിലെ ജനതയുടെ സാമൂഹികാന്തരംഗത്തെ വൈകാരികമായി ഏകീഭവിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. സമൂഹത്തിലെ ഒരു ചെറിയ ന്യൂനപക്ഷമായ ഉന്നത വർണ്ണവിഭാഗത്തിന്റെ ആധിപത്യത്തിൽ നിന്ന് ഭാഷയേയും സാഹിത്യത്തെയും മോചിപ്പിക്കുവാൻ കഴിഞ്ഞുവെന്നാണ് 'മനുഷ്യപുത്രേഷുരവിസ്വരൂപം' എന്ന വാഴ്ത്തു സമൂഹചേതനയിൽ നിന്നുയർന്നുവന്നുവെന്നതിന്റെ അന്തർനാദം. ഭക്തിപ്രസ്ഥാനം ഭാരതത്തിലെ മറ്റു പ്രാദേശിക ഭാഷകളിലും സാക്ഷാത്കരിച്ച വിപ്ലവം ഇതുതന്നെയാണ്. ഈശ്വരൻ നിങ്ങളുടെയെന്നപോലെ ഞങ്ങളുടെയുമാണ് എന്ന് ഉന്നതശ്രേണിയോട് സാമാന്യർക്കുവേണ്ടി പ്രഖ്യാപിച്ചവരാണ് ഭക്തിപ്രസ്ഥാനത്തെ നയിക്കുകയും വികസിപ്പിക്കുകയും ചെയ്ത ആ പ്രാദേശിക ഭാഷാകവികളെല്ലാവരും. സൂർദാസ്, തുളസീദാസ്, ചൈതന്യൻ, നാമദേവൻ, കമ്പർ മുതലായവരുടെ നിര.



എഴുത്തച്ഛനെ ഭാഷാ പിതാവായി കരുതുന്നത് അദ്ദേഹം അക്ഷരമാല നിർമ്മിച്ചുവെന്നതുകൊണ്ടോ വൃത്തങ്ങൾ നിർമ്മിച്ചതുകൊണ്ടോ, ഇതിവൃത്തങ്ങൾ നവമായി ആവിഷ്കരിച്ചതുകൊണ്ടോ ഒന്നുമല്ല; (മൂന്നും ഉണ്ടായിട്ടില്ല) തന്റെ കൃതികളിലൂടെ ഒരു ഭാഷാപ്രദേശത്തിലെ ജനതയുടെ സാമൂഹികാന്തരംഗത്തെ വൈകാരികമായി ഏകീഭവിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ്




കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

മലയാളത്തിൽ നിരണം കവികൾ എന്നറിയപ്പെട്ട മൂന്നുപേരും ('ഗീത' ഭാഷയിലേക്ക് ഒഴുക്കിയ മാധവഫണിക്കർ, ഭാരതമാല രചിച്ച ശങ്കരഫണിക്കർ, രാമായണവും ഭാരതവും ഭാഗവതവും രചിച്ച രാമഫണിക്കർ) എഴുത്തച്ഛന് സമാനമായ പ്രതിഭയുള്ളവരായിരുന്നു. രാമായണത്തിലെ യുദ്ധകാണ്ഡം മാത്രം ഇതിവൃത്തമാക്കിയെങ്കിലും രാമചരിതകാരനും പ്രതിഭയിലും ശക്തിയിലും ഉന്നതനായിരുന്നു. ഭാഷാപരമായ പരിമിതികളാണ് അവരെ പ്രാദേശികതയിൽ ഒതുക്കിയത്. എഴുത്തച്ഛൻ മണിപ്രവാളത്തെ സാമാന്യജനത്തിനു സ്വീകാര്യമായ രീതിയിൽ 'പാട്ട്' എന്ന പ്രസ്ഥാനത്തിനിണക്കിച്ചേർത്തു. പിൽക്കാലത്ത് 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം' എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പ്രഖ്യാപിക്കത്തക്കവണ്ണമുള്ള ഒരു മിശ്രണം ഭാഷയിൽ അദ്ദേഹം വരുത്തി; നിരണം കവികളുടെ 'ഭാഷാമിശ്രണ'ത്തിന്റെ ഒരു വികസനം.

മണിപ്രവാള കൃതികളിലെ ഭാഷാമിശ്രണം പാട്ടുകളിലേക്കും പടർത്തുകയാണ് നിരണം കവികൾ ചെയ്തത്. ബഹുജനത്തിന്റെ വ്യവഹാര ഭാഷയായിരുന്നില്ല അതെന്ന് 'ഭാഷാമിശ്രമിതെന്റികഴാതെ' (ഭാഷാമിശ്രം എന്ന് നിന്ദിച്ച തള്ളിക്കളയാതെ) സ്വീകരിക്കണമെന്ന കവികളുടെ അർത്ഥന വ്യക്തമാക്കുന്നു. രാമചരിതത്തിലെ 'പാണ്ഡ്യഭാഷാസാത്രുപ്യം' വ്യവഹാരഭാഷയല്ലാതിരുന്നതുപോലെത്തന്നെ. ദ്രവിഡസംഘാതാക്ഷരനിബദ്ധത (പാണ്ഡ്യ ഭാഷാസാത്രുപ്യം) എന്നതുപോലെ കൃത്രിമമായിരുന്ന ഭാഷാമിശ്രണവും.

എങ്കിലും സംസ്കൃതത്തിലെ വിഭക്ത്യന്തങ്ങളും കൃദന്തങ്ങളും (നാമരൂപങ്ങളും ക്രിയാരൂപങ്ങളും) തത്സമമായി എടുക്കുന്നതിൽ നിരണം കവികൾക്കുണ്ടായിരുന്നതിന്റെ പതിന്മടങ്ങ് ഉത്സാഹമാണ് എഴുത്തച്ഛൻ അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഭാഷാഘടനയിൽ കൈക്കൊണ്ടത് (ഞാൻ ഇവയുടെ പ്രയോഗം എണ്ണിത്തിട്ടപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട് ആദ്യത്തേത് അയ്യായിരത്തിലേറെ രണ്ടാമത്തേത് ആയിരത്തിനടുത്ത്. തനി സംസ്കൃത വാക്യങ്ങൾപോലുമുണ്ട് (ഉത്തിഷ്ഠഭദ്രമുത്തിഷ്ഠേസന്തതം സ്വസ്ഥസ്സുചിത്ത ശ്രദ്ധിസ്സദൈവാസ്സുതേ) സംസ്കൃതത്തിലെ അക്ഷരമാല മലയാളത്തിൽ മണിപ്രവാളവും ഭാഷാമിത്രവും ഉണ്ടായ കാലത്തുതന്നെ രൂപപ്പെട്ടിട്ടുണ്ട്. സംസ്കൃതത്തോടു



അരുന്ധതി റോയ്

ജനങ്ങളെ കൂടുതൽ അടുപ്പിക്കാനുള്ള ഉദ്യമമാണ് അധ്യാത്മരാമായണത്തിലെ 'ഭാഷാക്കണക്കിൽ' കാണുന്നത്. എന്നാൽ സംസ്കൃത വിഭക്ത്യന്തങ്ങളും കൃദന്തങ്ങളും പതുക്കെപ്പതുക്കെ കൊഴിഞ്ഞുപോയി. സംസ്കൃതീകൃത മലയാള ശബ്ദങ്ങൾ (മണ്ടന്തിപാന്ഥനിവഹാഃപടിബന്ധപേട്യാ എന്നതുപോലെ) ഹാസ്യത്തിനല്ലാതെ പ്രയുക്തമാക്കാതെയുമായി. അതിനാൽ തമ്പുരാൻ പറയുന്ന 'ഭാഷാക്കണക്കിൽ' സംസ്കൃത വിഭക്ത്യന്തങ്ങളും കൃദന്തങ്ങളും 'കിഴിച്ച്'കളഞ്ഞതിനുശേഷമുള്ളതാണ് മാനകഭാഷയായി നിലനിന്നുപോന്നത്. ഈ 'കിഴിച്ചുകളയൽ' ഭാരത വിവർത്തനത്തിൽ എഴുത്തച്ഛൻ തന്നെ നിർവഹിച്ചു.

'മണിപ്രവാളം' എന്ന പദം മലയാളത്തിന്റെയും സംസ്കൃതത്തിന്റെയും മിശ്രണമാണ് സൂചിപ്പിക്കുന്നത്. വൈജ്ഞാനികശാഖകൾ (ജ്യോതിഃശാസ്ത്രം, ഗണിതം, ആയുർവേദം മുതലായവ) മലയാളത്തുകാരെ പഠിപ്പിക്കാൻ സംസ്കൃതത്തിലെ ഗ്രന്ഥങ്ങൾ ആലംബമാക്കുമ്പോൾ രണ്ടു ഭാഷകളും മിശ്രണം ചെയ്ത 'ഭാഷാമിശ്രം' ഉപയുക്തമായി. 'മുഹൂർത്തപദവി' പഠിപ്പിക്കാൻ 'ഭാഷാമിശ്രം പൊഴുതുകഥയാമ്യദ്യനാൾപക്കമാത്രം വല്ലംലോകേ ഹിതമിതി തതഃക്ഷേത്രമർ ഹന്തിസന്തഃ' എന്നൊരു ക്ഷമാപണം ഉണ്ടായത് ഭാഷാമിത്രം സാമാന്യർക്കും അന്യമായിത്തോന്നിയിരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്

ഭാഷാമിശ്രത്തിന് രൂപകാലങ്കാരത്തിൽ ഒരു പദമുണ്ടാക്കിയതാണ് 'മണിപ്രവാളം' (രത്നം, പവിഴം) നിരണം കവികൾ പ്രയോഗിച്ച ഭാഷാമിശ്രത്തിൽ, മലയാള പദങ്ങൾക്ക് പാണ്ഡ്യഭാഷാസാരൂപ്യം രാമചരിതത്തിലുള്ളപോലെ 'നിഷ്ഠ'യായിരുന്നില്ലെങ്കിലും വിട്ടുപോയിരുന്നില്ല. തമിഴിൽ നിന്ന് മലയാളത്തിനുള്ള വ്യത്യാസങ്ങളായി നിർദേശിക്കപ്പെട്ട ആറു 'നയ'ങ്ങളിൽ പലതും നിരണം കൃതികളിൽ പ്രയുക്തമായിട്ടില്ല. എഴുത്തച്ഛന്റെ ഭാഷയിൽ ക്രിയയോടു പുരുഷപ്രത്യയം ചേർക്കുന്നതു മാത്രമേ വിട്ടുപോകാതുള്ളൂ. രാമായണം കിളിപ്പാട്ടിൽ സംസ്കൃത വിഭക്ത്യന്തങ്ങളുടെ പ്രാചുര്യം സൂചിപ്പിക്കുന്നത് സംസ്കൃതത്തോട് പരിചയം ഉണ്ടാക്കാനുള്ള ബോധപൂർവമായ ശ്രമമാണ്. പിന്നീട് കുഞ്ചൻ നമ്പ്യാർ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും അതു തുടർന്നു. എഴുത്തച്ഛൻ ഭാരത വിവർത്തനത്തിൽ ആ നിഷ്കർഷ പാലിച്ചിട്ടില്ല. ഭാരതത്തിലെ 'ഭാഷാക്കണക്കാ'ണ് മലയാളത്തിലെ 'മാനകഭാഷ'യിൽ തുടർന്നുവന്നത്. പിൽക്കാലത്ത് കവികൾ ആ 'കണക്ക്' കൈക്കൊണ്ടു. അതുകൊണ്ടാണ് 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേശരണം' എന്നു തമ്പുരാൻ തീർത്തുരച്ചത്. രാമായണം കിളിപ്പാട്ടിനെ ആസ്പദമാക്കിയിട്ടല്ല.

കഴിഞ്ഞ ഏഴു പതിറ്റാണ്ടിനിടയിൽ ഭാഷയിലും സാഹിത്യത്തിലും ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് ഒന്ന് ചുരുക്കിപ്പറയാമോ?

ഭാഷയിലുണ്ടായ മാറ്റങ്ങളും സാഹിത്യത്തിലുണ്ടായ മാറ്റങ്ങളും കൃത്യമായി ചൂണ്ടിക്കാണിക്കത്തക്കവണ്ണം ഞാൻ അവയിൽ പഠനം നടത്തിയിട്ടില്ല. സംസ്കൃത പദങ്ങൾ തീരെ ഒഴിവാക്കി മലയാള സാഹിത്യത്തിന്റെ തനിമ നിലനിർത്താനുള്ള ഒരു ബോധപൂർവമായ ശ്രമം കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കാലത്തുതന്നെ ഉണ്ടായി. പച്ചമലയാള പ്രസ്ഥാനം. തമ്പുരാന്റെ ഒരു കാവ്യവും കുണ്ടൂർ നാരായണ മേനോന്റെ നാലുഭാഷാ കാവ്യങ്ങളും മറ്റും അങ്ങനെയാണുണ്ടായത്. അത് ഒരു വൃഥാശ്രമമാണെന്ന തോന്നൽ സ്ഥാപിക്കാനാണ് ആ ഉദ്യമങ്ങൾ പര്യാപ്തമായത്. സംസ്കൃതത്തിലെ നാമങ്ങളും ക്രിയാധാതുക്കളും അത്രയേറെ പ്രചരിച്ചുകഴിഞ്ഞിരുന്നു. ചിലതിന്റെ തനി മലയാളപദങ്ങൾ മാഞ്ഞുപോയി. അവയവങ്ങളിൽ കൈകാലുകളും വിരലുകളും തലയും മറ്റും നിലനിന്നു. മുഖത്തിന്റെയും നഖത്തിന്റെയും മലയാളം മാഞ്ഞു. ബന്ധങ്ങളിൽ 'അമ്മ' നിലനിന്നു. തായലും തന്തയും മാഞ്ഞു. തന്തയ്ക്ക് അർത്ഥാപകർഷംപോലും വന്നു. കൂടപ്പിറപ്പ്, ഉടപ്പിറപ്പ് മുതലായവ പ്രയോഗത്തിലല്ലാതായി. സുഖം, ദുഃഖം മുതലായവയുടെ മലയാളമെന്തെന്ന് ബഹുജനത്തിനറിയാത്ത അവസ്ഥവന്നു. ജനനമരണങ്ങൾപോലുള്ള ക്രിയാനാമങ്ങൾക്ക് പിറവി, ചാവ് എന്നിവ ഉപയോഗിക്കാൻ തോന്നാതായി. സംസ്കൃതത്തിലെ ക്രിയാധാതുക്കളിൽ മലയാളത്തിലെ പ്രത്യയങ്ങൾ ഒട്ടിച്ചുംകൊണ്ടുള്ള രൂപങ്ങൾ പ്രചരിച്ചു. സംസ്കൃതനാമ പ്രകൃതികളിൽ ലിംഗം, വചനം, വിഭക്തി, ഗതി തുടങ്ങിയവയുടെ പ്രത്യയങ്ങൾ ഒട്ടിക്കുന്ന രീതി സാധാരണമായി. (മനുഷ്യരെക്കൊണ്ട്, മനുഷ്യന്മാരെക്കൊണ്ട്, ജീവികളെക്കൊണ്ട്) ഈ രീതികളൊക്കെ മാറ്റി പിന്നോക്കം നടക്കുന്നത് സാധ്യമോ പ്രായോഗികമോ അല്ലാതായി... ഇതൊക്കെ നൂറ്റാണ്ടുകൾക്കു മുമ്പ് സംഭവിച്ചതാണ്.
ഏഴുപതിറ്റാണ്ടിനുള്ളിൽ ഉണ്ടായ തീർത്തും കൃത്രിമവും അനാവശ്യവുമായ ഒരു പരിണാമം കർമ്മണി പ്രയോഗത്തിന്റെ അതിപ്രസരമാണ്. വേണ്ടിടത്തും വേണ്ടാത്തിടത്തും അതു കടന്നു കയറി ഭാഷയെ വികൃതമാക്കുന്നു. സാമാന്യ ഗദ്യത്തിലല്ല നിരൂപണമുൾപ്പെടെയുള്ള വിചിന്തന സാഹിത്യത്തിലാണ് ഈ വൈകൃതം പ്രചരിക്കുന്നത്. 'പെടുക'യെന്ന പദത്തിൽ നിന്നുണ്ടായ 'പെട്ട്' എന്ന കർമ്മണി പ്രയോഗചിഹ്നത്തിന്റെ കെട്ടിൽ നാം ശരിക്കും പെട്ടുപോയിക്കഴിഞ്ഞു. ഇതിൽ നിന്ന് ഒരു മോചനമുണ്ടായാലേ പ്രതിപാദ്യത്തിന്റെ അർഥം വ്യക്തമാകൂ എന്ന നിലയിലെത്തിയിരിക്കുന്നു.

ഇംഗ്ലീഷിലും സംസ്കൃതത്തിലും ഇത് (കർമണി പ്രയോഗം) തീർത്തും സ്വാഭാവികവും അകൃത്രിമവുമാണ്. മലയാളത്തിൽ സ്വാഭാവികമല്ല. എങ്കിലും കർത്താവ് അപ്രസക്തമോ അജ്ഞാതമോ ആയ സന്ദർഭങ്ങളിൽ കർമ്മണിപ്രയോഗം സ്വാഭാവികമാണ്. 'യുദ്ധത്തിൽ ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടു' എന്ന വാക്യത്തിലെ കർമ്മണിപ്രയോഗം സ്വാഭാവികമാണ്; അനിവാര്യവും. ലക്ഷക്കണക്കിനാളുകളെ കൊന്ന എന്നോ ലക്ഷക്കണക്കിനാളുകൾ മരിച്ചു എന്നോ മാറ്റിയാൽ, ഉളവാകുന്ന പ്രതീതി വ്യത്യസ്തമാണ്. ഇപ്രകാരം അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രം പ്രയോഗിക്കാവുന്നതാണ് കർമ്മണിപ്രയോഗം.

മറ്റൊരുതരം 'പെടുക' മലയാളത്തിലുണ്ടെന്നതുതന്നെ പലരും തിരിച്ചറിയുന്നില്ല. അകപ്പെടുക, പണിപ്പെടുക, കടപ്പെടുക, പുറപ്പെടുക, വെളിപ്പെടുക, കഷ്ടപ്പെടുക, നഷ്ടപ്പെടുക... എന്നിങ്ങനെ 'പെടുപോവുക'

എന്ന അർഥത്തിൽ സമത്തോടു പെടുക ചേർക്കുന്നതു കർമ്മണി പ്രയോഗമല്ല. പൂർണ്ണപദം നാമമാകുമ്പോൾ ഉണ്ടാകുന്ന ഒരു സംയുക്തപദം. ക്രിയയുടെ വിനയെച്ച രൂപത്തോടു ചേർക്കുമ്പോൾ മാത്രം കർമ്മണി പ്രയോഗം. 'ഗവൺമെന്റ് അംഗീകരിക്കപ്പെട്ട പുസ്തകങ്ങൾ', 'ലോകം അറിയപ്പെടുന്ന മഹാന്മാർ', 'ശാസ്ത്രസത്യം നാം മറക്കപ്പെടുന്നു'... ഇത്യാദി തെറ്റുകൾ സമൃദ്ധമായിരിക്കുന്നു. ഇവയിലൊന്നും അർഥം മനസ്സിലാകായ്കയെന്ന പ്രശ്നമില്ല. ഒരേയൊരു വാക്യത്തിൽ എട്ടുപത്തു കർമണിപ്രയോഗങ്ങൾ പ്രയോഗിച്ചതു മൂലം അർത്ഥം തീർത്തും അവ്യക്തമായ നിദർശനങ്ങളുണ്ട്. കർമ്മണി പ്രയോഗത്തിന്റെ ഈ 'ആവേശം' പ്രചരിച്ചതിന്റെ മുഖ്യകാരണം ഇംഗ്ലീഷിലെ വാക്യങ്ങൾ എഴുത്തുകാരുടെ ചിന്തയിൽ കടന്നുകയറിയതാണെന്നു തോന്നുന്നു.

അതുപോലെയാണ്, 'ഈകരണം' 'വത്കരണ'ങ്ങളുടെ കടന്നുകയറ്റം. രണ്ടും സംസ്കൃതമാണ്. 'അരിക്' എന്ന മലയാളത്തോട് 'വത്കരണം' ചേർത്ത് മാർജിനലൈസേഷൻ എന്നതിനു വിവർത്തനമുണ്ടാക്കുന്നു. 'ഓരത്താക്കൽ' പോലുള്ള മലയാള സംയുക്തപദങ്ങൾക്ക് ഗൗരവക്കുറവൊന്നുമില്ല. 'ഈകരണം' വിശേഷണപദത്തോടും വത്കരണം നാമപദത്തോടും ചേർക്കുകയെന്നതാണ് സംസ്കൃതത്തിലെ രീതി. 'മധുരീകരണം', 'സൗന്ദര്യവത്കരണം'.... പോലെ ഗ്ലോബലൈസേഷൻ എന്ന പദത്തിലെ പ്രഥമശബ്ദം ഗ്ലോബൽ എന്ന വിശേഷണമാണ്. ഇതിനെ ഗോളത്തിന്റെ വിശേഷണത്തോട് ചേർക്കുമ്പോൾ ആഗോളീകരണം എന്ന രൂപം. 'ബ്രോഡ്ഗേജ് വത്കരണം' (റെയിൽവേയിലെ മീറ്റർഗേജ് ബ്രോഡ്ഗേജാക്കി മാറ്റുന്നത്) എന്ന മട്ടിൽ വിചിത്ര പദം ഉണ്ടാവുന്നത് ഇംഗ്ലീഷ് നാമത്തോട് സംസ്കൃതത്തിലെ ശബ്ദം ചേർത്താൽ അതു മലയാളമായിക്കൊള്ളുമെന്ന ധാരണയാലാണ്. ആധുനികീകരണം (മോഡേണൈസേഷൻ) ശരിയാണെങ്കിലും നവീകരണംപോലെ സരളമല്ല. പല സന്ദർഭങ്ങളിലും ഈകരണത്തിനും വത്കരണത്തിനും പകരം 'ആക്കൽ' എന്ന മലയാളം പോരായ്മയില്ല. എന്നാൽ ഇതൊന്നും കർമ്മണിപ്രയോഗപ്രചാരം പോലെ അപകടങ്ങളുണ്ടാക്കുന്നില്ല.

തെറ്റായ സംസ്കൃതപദങ്ങൾ പ്രചുരമായി പ്രചരിച്ചുകൊണ്ടിരിക്കുന്നു. ദൈന്യത, ജാള്യത മുതലായവപോലെ. ദൈന്യം, ദീനത, ദീനത്വം എന്ന മൂന്നു രൂപങ്ങളും ശരി. രണ്ടു പ്രാവശ്യം പ്രത്യയം പ്രയോഗിക്കുന്നുവെന്നതാണ് ദൈന്യതയിലെ തരക്കേട് - എങ്കിലും ഇത്തരം തെറ്റുകൾ അർത്ഥവ്യത്യാസമെന്ന അനർഥമുണ്ടാക്കാത്തതിനാൽ സാരമില്ലെന്നുവെക്കാം. 'മലയാളശൈലി'യുടെ കാലത്ത് വനനശീകരണം തെറ്റാണെന്നും വനനാശനമാണ് ശരിയെന്നും കട്ടിക്കുഷ്ണമാരാർ പ്രഖ്യാപിച്ചിട്ടും നശീകരണം നശിക്കാതെ നിലനിന്നു. എങ്കിലും തെറ്റായ അർഥമില്ലാത്തതുകൊണ്ട് അവഗണിക്കാവുന്നതാണ്. എന്നാൽ അടുത്തകാലത്ത് രൂപപ്പെട്ടിരിക്കുന്ന 'വ്യക്തിഹത്യ' അങ്ങനെയല്ല. അതിന്റെ അർഥം വ്യക്തിയെ കൊല്ലലെന്നാണ്. ഉദ്ദേശിക്കുന്നത് ക്യാരക്ടർ അസാസിനേഷൻ ആണ്. അതിന് ഒന്നുകിൽ സ്വഭാവഹത്യ അല്ലെങ്കിൽ വ്യക്തിത്വഹത്യ എന്നുതന്നെ പ്രയോഗിച്ചേതീരൂ. അതുപോലെ അമ്മിണിക്കുട്ടിയുടെ കൊലപാതകം എന്നതിന് അമ്മിണിക്കുട്ടി ചെയ്ത കൊലപാതകം എന്ന് അർഥമാണ് ഉള്ളതെങ്കിലും അമ്മിണിക്കുട്ടിയെ കൊന്നതാണ് ഉദ്ദിഷ്ടം. ഈ തെറ്റ് എളുപ്പത്തിൽ പരിഹരിക്കാൻ പദം സംയുക്തമാക്കിയാൽ മതിയാകും 'അമ്മിണിക്കുട്ടിക്കൊലപാതകം'.
വാക്യഘടനയിലെ തെറ്റുകൾ കൊണ്ടുണ്ടാവുന്ന അർഥവൈജാത്യങ്ങൾ ആരും ഗൗരവത്തോടെ കണക്കാക്കാത്തതിനാൽ, ആർക്കും എന്തും എങ്ങനെയും പറയാം എന്ന ഒരു അവസ്ഥ മലയാളത്തിനു വന്നുചേർന്നിരിക്കുന്നു. നിയമങ്ങൾ ലംഘിക്കാനുള്ള പൂർണ സ്വാതന്ത്ര്യം ആഘോഷിക്കപ്പെടുന്നു. ഭാഷയുടെ വളർച്ചയുണ്ടായത് ലാളിത്യത്തിലേക്കല്ല, സങ്കീർണ്ണതയിലേക്കാണ് എന്നു തോന്നിക്കുന്ന സന്ദർഭങ്ങൾ അവഗണിക്കാവുന്ന തരത്തിൽ അത്ര കുറച്ചല്ല. (നല്ലെഴുത്ത് എന്ന പുസ്തകത്തിൽ നിദർശനങ്ങൾ കൊടുത്തിട്ടുണ്ട്).




പ്രൊഫ.എം ലീലാവതി (പഴയകാല ചിത്രം)

ഭാഷയുടെ വികാസത്തിൽ പരിഭാഷകൾ വഹിച്ച പങ്ക് എന്താണ്? ഭാഷാ സംസ്ഥാനങ്ങൾ ഇതിനെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നുണ്ടോ?

മലയാളത്തിൽ ആദാനം സമൃദ്ധവും അപര്യാപ്തവുമാണ് എന്നു തോന്നിയിട്ടുണ്ട്: വിശ്വവിഖ്യാതരായ എഴുത്തുകാർ മലയാളികൾക്ക് സുപരിചിതരായത് ആദാനത്തി

ന്റെ വ്യാപ്തികൊണ്ടാണ്. പ്രദാനം അത്രയ്ക്ക് സുശക്തമല്ലാത്തതുകൊണ്ട് മലയാളത്തിലെ പല പ്രതിഭകളും ലോകത്ത് വേണ്ടും പോലെ അറിയപ്പെട്ടിട്ടില്ലെന്നാണ് എന്റെ തോന്നൽ. 'ഗോഡ് ഓഫ് സ്മാൾ തിങ്സ്' മലയാളത്തിലാണ് എഴുതിയിരുന്നതെങ്കിൽ, അതിനു കിട്ടിയ വിശ്വപ്രചാരം ഉണ്ടാവുമായിരുന്നില്ല. ഇംഗ്ലീഷ് ഭാഷയ്ക്ക് രാഷ്ട്രഭാഷയുടെ സ്ഥാനം ലഭിക്കുകയും ഇന്ത്യയിലെ എഴുത്തുകാർ ഇംഗ്ലീഷിൽ സ്വഭാഷയിലെന്നപോലെ കൃതികൾ രചിക്കുന്നത് സാധാരണമാവുകയും ചെയ്തിരുന്നെങ്കിൽ സ്ഥിതി വ്യത്യസ്തമായേനേ എന്നു തോന്നുന്നു.

ഭാഷ പഠിക്കാനും പഠിപ്പിക്കാനും ജീവിതം മുഴുക്കെ ശ്രമിച്ച എനിക്കു ഭാഷാസ്നേഹമില്ലാത്തതുകൊണ്ടാണ് ഇംഗ്ലീഷിനുവേണ്ടി വാദിക്കുന്നത് എന്ന് ആരോപണമുണ്ടാവുമെന്നു തീർച്ച. നേരെ മറിച്ചാണ് എന്റെ വിചാരം. കേരളീയരുടെ സാഹിത്യകൃതികൾ ലോകത്തിൽ കൂടുതൽ പ്രചരിച്ചിരുന്നെങ്കിൽ അതു കേരളീയരുടെയും മലയാളത്തിന്റെയും വളർച്ചയ്ക്കും പ്രശസ്തിക്കും ഹേതുവാകുമായിരുന്നു. അതുണ്ടായില്ലെങ്കിൽത്തന്നെ ഇന്ത്യയുടെ മുന്നേറ്റത്തിനു സഹായമായേനേ. ഇപ്പോഴുണ്ടായിട്ടുള്ള



കുട്ടിക്കൃഷ്ണ മാരാർ

മുന്നേറ്റം തന്നെ ഇന്ത്യക്കാർക്ക് ഇംഗ്ലീഷ് പഠിക്കാൻ സാഹചര്യമുണ്ടായതിന്റെ ഫലമാണ്. ചില രാഷ്ട്രീയകക്ഷികളുടെ സങ്കുചിത വീക്ഷണംമൂലം ഇന്ത്യയിൽ ഇംഗ്ലീഷിന്റെ പ്രചാരം കുറഞ്ഞുപോയാൽ, വിദേശങ്ങളിൽ 'തിളങ്ങുന്ന' അവസ്ഥയും ആനുപാതികമായി കുറഞ്ഞുപോവും.

ഒരായുസ്സു മുഴുവൻ മലയാള ഭാഷയുടെ നവീകരണത്തിൽ ശ്രദ്ധ പതിപ്പിച്ച ഒരാൾ എന്ന നിലയിൽ ടീച്ചറുടെ അനുഭവങ്ങൾ പറയാമോ?

മലയാളം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുവെന്നത് ശരി. പക്ഷേ, ഒരു നവീകരണവും ഞാൻ വരുത്തിയിട്ടില്ല. ഞാൻ



എൻ ഇ സുധീർ, പ്രൊഫ.എം ലീലാവതി
ഫോട്ടോ: അഭിജിത് ബാലൻ

ഉപയുക്തമാക്കുന്ന ഭാഷയിൽ സംസ്കൃതത്തിന്റെ അതിപ്രസരമുള്ളതുകൊണ്ടാണ് എന്റെ പുസ്തകങ്ങളിൽ അച്ചടിത്തെറ്റ് സമൃദ്ധമാവുന്നതെന്നു തോന്നുന്നു എന്ന് എന്റെ മകൻ പറഞ്ഞു. ശരിയാവാം.

മലയാള ഭാഷയുടെ ഭാവിയെപ്പറ്റി ടീച്ചർക്ക് എന്താണ് തോന്നുന്നത്?

ഭാഷയോടു താൽപര്യവും ഭാഷയിൽ കൃതികൾ രചിക്കാൻ പ്രേരണയും ഉള്ള സർഗശക്തിധനന്മാർ പിറക്കും. അവർ ഭാഷയെയും സാഹിത്യത്തെയും വളർത്തും. രാജകീയമോ സാമൂഹികമോ ആയ സഹായഹസ്തങ്ങളുടെ സാന്നിധ്യം കൊണ്ടല്ല മലയാളത്തിലെ പ്രതിഭാശാലികൾ സാഹിത്യത്തെ സംപുഷ്ടമാക്കിയത്. ഇനി വരാൻ പോകുന്ന കൃത്രിമബുദ്ധിയുഗത്തിന്റെ കാലത്ത് സാഹിത്യത്തിന് എന്തു സംഭവിക്കുമെന്ന് സങ്കൽപിക്കാൻ ഞാനാളല്ല. യന്ത്രം മനുഷ്യനെ വിഴുങ്ങുകയാണെങ്കിൽ അതോടൊപ്പം മറ്റെന്തിനെയൊക്കെ വിഴുങ്ങും എന്നു പ്രവചിക്കാവതല്ല. സർഗാത്മക പ്രവർത്തനങ്ങളിൽ ഭാഷയും സാഹിത്യവും മാത്രമല്ല സംഗീത നാട്യ നൃത്ത ചിത്രശില്പവാദ്യാദികലകളും ഉൾപ്പെടുമല്ലോ. അവയ്ക്കൊക്കെ എന്തു സംഭവിക്കുമോ അതുതന്നെയായിരിക്കും സാഹിത്യത്തിനും സംഭവിക്കുക എന്നേ സങ്കല്പിക്കാനാവൂ. (ഫ്രാൻസിലെ ഒരു സാഹിത്യമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പുസ്തകം ഒരു എഐ സൃഷ്ടിയാണെന്ന് പിന്നീട് കണ്ടെത്തിയതായി വാർത്തയുണ്ടായിരുന്നു).


വിപുലമായ സാഹിത്യാന്വേഷണങ്ങൾ നടത്തിയ ഒരാൾ എന്ന നിലയിൽ നമ്മുടെ സാഹിത്യത്തിന്റെ ഇന്നത്തെ അവസ്ഥയെ എങ്ങനെ നോക്കിക്കാണുന്നു?

ഒരു ഭാഷയിലും, എല്ലാ ഘട്ടങ്ങളിലും സാഹിത്യത്തിന് ഒരുപോലെ വളർച്ചയുണ്ടാവുക എന്ന പ്രതിഭാസം കാണുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിനോടു തുലനം ചെയ്യത്തക്കവണ്ണം ഈ നൂറ്റാണ്ട് കാലം പിന്നിട്ടിട്ടില്ല. 'ചാരി നിൽപോൻ മല കാണ്മതില്ല' എന്ന വസ്തുതയുമുണ്ട്. കുറച്ചകന്നുനിന്നു നോക്കിയാലേ മലയുടെ ഔന്നത്യത്തെക്കുറിച്ച് ശരിയായ അവബോധമുണ്ടാകുന്നുള്ളൂ. അതുകൊണ്ട് വിധി പറയാൻ കുറേക്കൂടി കാലം പിന്നിടണം. അത് അക്കാലത്തുള്ളവർ ഭാവിയിൽ നിർവഹിക്കേണ്ട കൃത്യമാണ്. അതിലേക്ക് അതിക്രമിച്ചു കയറാൻ വേണ്ടുന്ന ധീരതയോ പ്രഭാവമോ എനിക്കില്ല.

മലയാളത്തിന്റെ നിലനിൽപിനും നവീകരണത്തിനും നമ്മൾ, സമൂഹം എന്ന നിലയിൽ എന്താണ് ചെയ്യേണ്ടത്?

മേൽപറഞ്ഞ അഭിപ്രായങ്ങളിൽ നിന്ന് നിലപാട് വ്യക്തമാവും. ഭരണകർത്താക്കളോ സ്ഥാപനങ്ങളോ എത്ര കിണഞ്ഞു പണിഞ്ഞാലും പ്രതിഭകളെ സൃഷ്ടിക്കാനാവില്ല. പ്രതിഭകൾ സ്വയം പിറക്കുകതന്നെ വേണം. സ്ഥാപനങ്ങൾക്കും ഭരണകൂടങ്ങൾക്കും ചെയ്യാവുന്ന കാര്യം സർഗശക്തി പ്രകടിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുകയാണ്. 'ഭരണകർത്താക്കൾ' എന്ന പദത്തിന് നിലവിലുള്ള അർഥം ഭരിക്കുന്ന രാഷ്ട്രീയകക്ഷികൾ എന്നാണ്. അവർ അവർക്ക് അഭിമതരായുള്ളവർക്കാണ് പ്രായേണ പ്രോത്സാഹനം നൽകുക. ആ 'ശൈലി' മാറണമെന്ന് ആരു നിർദേശിച്ചാലും മാറുമെന്ന് പ്രതീക്ഷിക്കുന്നതിന് അതിരറ്റ ശുഭാപ്തിബോധം വേണം. 'വിശ്വസംസ്കാരപാലകരേ!' ലോകരീതികൾ നിങ്ങൾക്കു മാറ്റാനാവുമോ? ആവുമെങ്കിൽ 'വേഗമാവട്ടെ വേഗമാവട്ടെ' എന്നുമാത്രം ആശിക്കുന്നു. ആശംസിക്കുന്നു. ■

കെ സി നാരായണൻ
നിരൂപകൻ, എഴുത്തുകാരൻ, മാധ്യമ പ്രവർത്തകൻ



ഭാഷാപരമായ വൈവിധ്യത്തിന്റെ കൂടി നാടാണ് കേരളം. പ്രാകൃതം തൊട്ടുള്ള പലഭാഷകളിൽ നിന്നായി പദങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മലയാള ഭാഷ ഇത്രത്തോളം വളർന്നത്. ഈ അന്യഭാഷാ സ്വീകരണശേഷി തന്നെയാണ് മലയാളത്തിന്റെ വളർച്ചയ്ക്ക് നിദാനം



ബോർഡിൽ ഒരിത്തിരി മലയാളം ബാക്കി വച്ചേക്കണേ...

ഓർത്തുനോക്കൂ, കേരളം എന്ന സംസ്ഥാനത്തിന്റെ വടക്കെ അറ്റത്ത് കർണ്ണാടക ഭാഷ സംസാരിക്കുന്ന ഒരു ജില്ലകൂടി ഉണ്ടെന്ന് കരുതുക. മദിരാശി എന്ന പ്രവിശ്യയുടെ ഭാഗമായി തെലുങ്കു സംസാരിക്കുന്ന ഒരു വലിയ പ്രദേശം കൂടി അടങ്ങിയിരുന്നുവെന്നും കരുതുക. ആ കേരളത്തിലോ മദിരാശി സംസ്ഥാനത്തിലോ സുഗമമായ ഒരു ആശയവിനിമയ ശൃംഖല എത്രമാത്രം വിഷമംപിടിച്ചതായിരിക്കും? ഭരണത്തിന് ഒരു പൊതുഭാഷയില്ലെങ്കിൽ സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയം എത്ര ക്ലേശകരമാകും?

അതുകൊണ്ടാണ് ഇരുപതിലധികം ഭാഷകളുള്ള ഇന്ത്യ രാജ്യത്ത് ഓരോ ഭാഷക്കാർക്കും ഓരോ സംസ്ഥാനം ഉണ്ടാകണം എന്ന ആശയം ഉയിരെടുത്തതും സ്വാതന്ത്ര്യപ്രാപ്തിയോടെ അത് ക്രമേണയായി നടപ്പിൽ വന്നതും.

ദേശീയ പ്രസ്ഥാനകാലത്ത് 1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളാണ് ഇന്ത്യയിൽ ഉണ്ടാവേണ്ടത് എന്ന് അംഗീകരിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാഷയുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ ഒന്നൊന്നായി രൂപംകൊണ്ടു. 1953-ൽ തെലുങ്കു സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് രൂപീകരിച്ചതാണ് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ ഉണ്ടായി വരുന്ന പരമ്പരയിലെ ആദ്യപടി.

എന്നാൽ അതത്ര എളുപ്പമായിരുന്നില്ല. തെലുങ്ക് സംസാരിക്കുന്നവർക്കായി ഒരു സംസ്ഥാനം രൂപീകരിക്കണമെന്ന ആവശ്യവുമായി പോട്ടി ശ്രീരാമലു ഒരു നിരാഹാരസമരം തന്നെ നടത്തി. അൻപത്തി എട്ട് ദിവസത്തെ നീണ്ട നിരാഹാരസമരം ഫലം കണ്ടില്ല. ശ്രീരാമലു മരണമടഞ്ഞു. 1952 ലായിരുന്നു അത്. ആ മരണത്തിന്റെ കൂടി സമ്മർദ്ദശക്തിയിലാണ് ആന്ധ്രപ്രദേശ് സംസ്ഥാനം രൂപീകരിക്കപ്പെടുന്നത് എന്ന് സാരം. ഭാഷയുടെ പേരിൽ സ്വതന്ത്ര ഇന്ത്യയിൽ അങ്ങനെ ഒരു രക്തസാക്ഷിയുണ്ടായി.

മലയാളികളുടെ മാതൃഭൂമി

മലയാളഭാഷ സംസാരിക്കുന്നവരുടെ സംസ്ഥാനം ഉണ്ടാകാൻ അങ്ങനെ ഒരു രക്തസാക്ഷി വേണ്ടി വന്നില്ല എന്നത് നമ്മുടെ ഭാഗ്യം. മൂന്നായി മുറിഞ്ഞു കിടക്കുകയായിരുന്ന അന്ന് കേരളം. മലബാർ, കൊച്ചി, തിരുവിതാംകൂർ. ആദ്യം കൊച്ചിയും തിരുവിതാംകൂറും സംയോജിക്കപ്പെട്ട് തിരു- കൊച്ചി സംസ്ഥാനമുണ്ടായി. തിരു- കൊച്ചിയോട് മലബാറും കൂടി കൂട്ടിച്ചേർത്ത് 1956 നവംബർ ഒന്നിന് തികച്ചും സമാധാനപരമായ ഒരു ഐക്യകേരളം പിറന്നു. മലയാളം സംസാരിക്കുന്നവരുടെ മാതൃഭൂമിയായി ആ സംസ്ഥാനം. വിശേഷിപ്പിക്കപ്പെട്ടു. 'കേരളം മലയാളികളുടെ

മാതൃഭൂമി' എന്നാണ് കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ് നമ്പൂതിരിപ്പാട് ആ നാടിനെ, നമ്മുടെ മലയാളനാടിനെ, 'കേരള'ത്തെ വിശേഷിപ്പിച്ചത്.

എന്നാൽ മലയാളികൾ മാത്രമല്ല ഈ കേരളത്തിൽ നിവസിക്കുന്നത്. അവർ വലിയ ഭൂരിപക്ഷമാണ് എന്നത് ശരിതന്നെയാണ്. എന്നാൽ മറ്റുഭാഷകൾ സംസാരിക്കുന്ന ചെറു സമുദായങ്ങളും ഇവിടെയുണ്ട്. തമിഴ്, കന്നഡ, തുളു, കൊങ്കണി, ഉർദു, തെലുങ്ക് എന്നിവ ഉൾപ്പെടെ പല ഭാഷകൾ സംസാരിക്കുന്ന ചെറുകൂട്ടായ്മകൾ കേരളത്തിലുണ്ട്. 2011 ലെ കാനേഷുമാരിയിൽ ആ ചെറു സമൂഹങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പോൾ മണലിൽ എഴുതിയ 'കേരളത്തിലെ ഭാഷാന്യൂനപക്ഷങ്ങൾ' എന്ന പുസ്തകം ആ സമൂഹങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.

അതായത് ഭാഷാപരമായ വൈവിധ്യത്തിന്റെ കൂടി നാടാണ് കേരളം എന്നർത്ഥം. ഇതിനൊക്കെപുറമെ ആദിവാസി ഗോത്ര ജനതയുടെ ഭാഷകളും അവയിലെ സാഹിത്യവും ഇന്ന് കൂടുതൽ ശ്രദ്ധ നേടി വരികയും ചെയ്യുന്നു. ഭാഷയുടെ ഈ വൈവിധ്യം കാരണവും മലയാള ഭാഷയുടെ പരഭാഷാസ്വീകരണശക്തി കൊണ്ടും മലയാളിക്ക് മറ്റു പലഭാഷക്കാർക്കും ഉള്ളതുപോലെ തീവ്രമായ ഒരു ഭാഷാഭ്രാന്ത് ഒരിക്കലും ഉണ്ടായിട്ടില്ല.

പരകീയപദങ്ങളുടെ മലയാളം

ഇന്ന് നാം സംസാരിക്കുന്ന മലയാളത്തിൽ എൺപതു ശതമാനത്തോളം പദങ്ങൾ പ്രാകൃതം തൊട്ടുള്ള പല ഭാഷകളിൽ നിന്നും സ്വീകരിച്ചതാണ് എന്ന് അറിവായിട്ടുണ്ട്. 'മലയാളത്തിലെ പരകീയപദങ്ങൾ' എന്ന ശ്രദ്ധേയമായ ഒരു പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ കാണുന്നതുപോലെ പല പദങ്ങളും മറുനാട്ടിൽ നിന്നും മറുഭാഷയിൽ നിന്നും ഇവിടെയ്ക്ക് കടന്നുവന്നതാണ്.

ഉദാഹരണത്തിന് 'കരാർ' എന്ന വാക്ക് എടുക്കുക. കരാറെടുക്കുക, കരാറുകാരൻ എന്നിങ്ങനെ നിത്യജീവിതത്തിൽ നാം ധാരാളമായി ഉപയോഗിക്കുന്ന ഒരു വാക്കാണിത്. പക്ഷേ അത് മലയാള പദമല്ല എന്ന് പറഞ്ഞാൽ നാമാരും വിശ്വസിക്കുകയില്ല. അത് അറബി ഭാഷയിൽ നിന്ന് വന്ന പദമാണ്. അറബിയിൽ അതിനെ 'qarar' എന്ന് പറയും. പക്ഷേ ഇന്നത്തെ 'കരാർ' ഒരു അറബി പദമല്ല. നാം സ്വാംശീകരിച്ച, നമ്മുടേതാക്കിയ, ആ അറബിപദം ഇന്ന് തനി മലയാളമായിരിക്കുന്നു.

മലയാളത്തിന്റെ വളർച്ചയ്ക്ക് നിദാനം കൂടിയാണ് ഈ അന്യഭാഷാസ്വീകരണശേഷി. ഈ ശേഷിയെപ്പറ്റി ഹെർമൻ ഗുണ്ടർട്ട് പറഞ്ഞിട്ടുണ്ട്.

ഈ സ്വീകരണശേഷി ഇക്കാലത്തും പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന് 'ഡിജിറ്റൽ കാലം' എന്ന വാക്കെടുക്കാം. 'ഡിജിറ്റൽ' എന്നത് ഒരു ഇംഗ്ലീഷ് പദമാണ്. കാലം മലയാളവും. നാം ഡിജിറ്റലിന് തുല്യമായ ഒരു മലയാള പദം ഉണ്ടാക്കിയിട്ടില്ല. ആ ഇംഗ്ലീഷ് പദത്തെ അതുപോലെ, തൽസമമായി ഇങ്ങോട്ടെടുക്കുകയാണ് ചെയ്തിരിക്കുന്നത്.

ഒരു കാലത്ത് മലയാള വാക്കുകളും സംസ്കൃത വാക്കുകളും ചേർന്നുള്ള മണിപ്രവാളം ആഢ്യസാഹിത്യത്തിന്റെ മുഖമുദ്രയായി ഒന്നിലധികം നൂറ്റാണ്ടുകൾ ഇവിടെ വാഴ്ച കൊണ്ടിരുന്നു. അത് മലയാളത്തിന് വലിയ പദസമ്പത്ത് നേടി തന്നിട്ടുമുണ്ട്. നാം ഇന്നുപയോഗിക്കുന്ന എത്രയോ വാക്കുകൾ ആ മണിപ്രവാളത്തിന്റെ അവശിഷ്ടങ്ങളാണ്. ഉദാഹരണത്തിന് 'വിധി' എന്ന വാക്കെടുക്കാം. 'സുപ്രീംകോടതിവിധി' എന്നു പറഞ്ഞാൽ അതിൽ മലയാളമായി ഒന്നുമില്ല എന്ന് മനസ്സിലാകും. 'സുപ്രീം' ഇംഗ്ലീഷും 'കോടതി' സ്വാശീകരിക്കപ്പെട്ട Court ഉം 'വിധി' മണിപ്രവാളത്തിൽ നിന്ന് അവശേഷമായി കൈവന്ന സംസ്കൃത വാക്കുമാണ്. 'പാർലമെന്റിൽ ബിൽ പാസ്സായി' എന്ന വാക്യത്തിൽ ഇൽ എന്ന പ്രത്യയം മാത്രമാണ് മലയാളം. ഇതാണ് മലയാളത്തിന്റെ അന്യഭാഷാ സ്വീകരണശേഷി.

അന്യഭാഷകളെ മുഴുവൻ വർജ്ജിച്ചുകൊണ്ട് ഒരു 'തനിമലയാളം' ഉണ്ടാക്കാൻ പറ്റുമോ? ബുദ്ധിമുട്ടാണ് എന്നാണ് ഉത്തരം. തമിഴ് ഭാഷക്കാർ അങ്ങനെ ഒരു തനിത്തമിഴ് പദശേഖരം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ സംസാരത്തിൽ അഥവാ വാമൊഴിയിൽ ആ തനി വാക്കുകൾ അത്രയൊന്നും അവർ ഉപയോഗിക്കുന്നില്ല എന്ന് വേണം മനസ്സിലാക്കാൻ.

കമ്പ്യൂട്ടർ, എഞ്ചിനീയറിംഗ് തുടങ്ങിയ വാക്കുകളൊക്കെ തമിഴനും മലയാളിയും വർത്തമാനത്തിൽ ഒരുപോലെ ഉപയോഗിക്കും. ഇവിടെ നാം ഒരു പ്രായോഗിക മധ്യവർത്തിനയമായിരിക്കണം ഭാഷയുടെ കാര്യത്തിൽ സ്വീകരിക്കേണ്ടത് എന്ന് തോന്നുന്നു. മൗലിക വാദത്തോളം പോവാത്ത ഒരു ഭാഷാനയം, പദത്രുപീകരണനയം ആയിരിക്കണം അത്.

മലയാളം മറക്കുന്ന ബോർഡുകൾ

പക്ഷേ ഒരു കാര്യം അപ്പോഴും പറയാതെ വയ്യ. നമ്മുടെ റോഡിന് ഇരുവശത്തും, ഗ്രാമങ്ങളിൽ പോലും, തലയുയർത്തി നിൽക്കുന്ന ഇംഗ്ലീഷ് ബോർഡുകളാണത്. അതിന്റെ അർഥം ആർക്കെങ്കിലും മനസ്സിലാവുമോ എന്ന് ആ ബോർഡ് വെച്ചവർ പോലും മനസ്സിലാക്കിയിട്ടുണ്ടാവും എന്ന് തോന്നുന്നില്ല. പ്രത്യേകിച്ചും ഇംഗ്ലീഷ് അക്ഷരങ്ങൾ കഷ്ടിച്ച് മാത്രം പരിചയമുള്ളവർ അവ വായിച്ച് എന്തർത്ഥം മനസ്സിലാക്കാനാണ്! ആ ബോർഡുകളെങ്കിലും മലയാളത്തിലാക്കിക്കൂടെ?



പോട്ടി ശ്രീരാമുലു



ഇ.എം.എസ്. നമ്പൂതിരിപ്പാട്



പോൾ മണലിൽ

ഒരു രസികൻ പറഞ്ഞ തമാശ കൂടി പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം. എന്നെങ്കിലുമൊരിക്കൽ, ഒരുപക്ഷേ അടുത്ത നൂറ്റാണ്ടിൽ, കേരളം സന്ദർശിക്കാനെത്തുന്ന ഒരു മറുനാട്ടുവാസി ഇവിടെ കാണുന്ന 'ലൂയി ഫിലിപ്പ്' 'വാൻ ഹ്യൂസെൻ' 'അലൻ സോളി' തുടങ്ങിയ ബോർഡുകൾ മാത്രമുള്ള തെരുവുകൾ കണ്ട് താൻ ഒരു യൂറോപ്യൻ പ്രവിശ്യയിലാണോ വന്നു വീണത് എന്ന് അന്ധാളിക്കും. അത്രത്തോളം പോകണമോ നമ്മുടെ ഇംഗ്ലീഷ് പ്രേമം? ആ ബോർഡുകളിൽ ഒരിത്തിരി മലയാളം കൂടി ബാക്കി വെച്ചിട്ട് പോകാമല്ലോ ഇന്ന് ജീവിക്കുന്ന നമ്മൾക്ക്! ■

അടിക്കുറിപ്പ്: ചലച്ചിത്ര സംവിധായകൻ എം. ആർ. രാജൻ പറഞ്ഞത്: സിംഗപ്പൂരിൽ പോയാൽ അവിടെ തമിഴിൽ ബോർഡുകൾ കാണാം. എന്നാൽ ഗൾഫിലോ? ഗൾഫിൽ സിംഗപ്പൂരിലുള്ളതിനേക്കാളേറെ തമിഴരേക്കാൾ മലയാളികളുണ്ട്. എന്നാൽ മലയാളം ബോർഡുകൾ എത്ര കുറച്ചേ കാണൂ!

മാധ്യമ മലയാളം >> തോമസ് ജേക്കബ്
മാധ്യമ പ്രവർത്തകൻ



ലോകത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രചാരമുള്ളതു പത്രങ്ങൾക്കുതന്നെ. കേരളത്തിൽ ഇംഗ്ലിഷ് പത്രങ്ങൾ മലയാള പത്രങ്ങളുടെ പാതിവിലയ്ക്കൊക്കെ വിറ്റുനോക്കിയിട്ടും ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരം നേടിയത് മലയാള പത്രങ്ങളാണ്

സർക്കുലേഷന്റെയും ചുമതല പത്രാധിപർക്ക്



ഇരുപത്തിലൊരിക്കൽ കിട്ടുന്ന മാസികകൊണ്ടു തൃപ്തിപ്പെട്ടിരുന്നവർ അതുപോരാഞ്ഞു വാരികകളുടെയും പിന്നെ ദിനപത്രങ്ങളുടെയും വായനക്കാരായി മാറിയതാണ് കേരള മുണ്ടായതിനുശേഷമുള്ള എഴുപതു വർഷത്തിന്റെ ബാക്കിപത്രം. ആഴ്ചയിൽ ഒരു ദിവസവും മൂന്നുദിവസവുമൊക്കെ മാത്രം പ്രസിദ്ധീകരിച്ചിരുന്ന വാർത്താപത്രങ്ങൾ ആറുദിവസം പുറത്തുവന്നുതുടങ്ങിയപ്പോൾ ദിനപത്രം എന്നവകാശപ്പെടുന്നതിനു വായനക്കാർ അറുതി വരുത്തി: പത്രങ്ങൾ ആഴ്ചയിൽ ഏഴുദിവസം സാധ്യമായി.

ഈ നൂറ്റാണ്ടിൽ പത്രങ്ങൾ നിലനിൽക്കില്ലെന്ന ബിൽഗേറ്റ്സിന്റെ പ്രവചനം പാളിപ്പോയെങ്കിലും പത്രങ്ങളുടെ പ്രചാരം കുറഞ്ഞുവെന്നതിൽ അദ്ദേഹത്തിനു നിർവൃതിയടയാം. പക്ഷേ, ലോകത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രചാരമുള്ളതു പത്രങ്ങൾക്കുതന്നെ. കേരളത്തിൽ ഇംഗ്ലിഷ് പത്രങ്ങൾ മലയാള പത്രങ്ങളുടെ പാതിവിലയ്ക്കൊക്കെ വിറ്റുനോക്കിയിട്ടും ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരം നേടിയത് മലയാള പത്രങ്ങളാണ്. ആ മുൻതൂക്കം ഇന്നും ഇന്ത്യയിൽ മലയാള പത്രങ്ങൾ നിലനിർത്തുന്നു.

ദിനപത്രവും ബണ്ഡശൂകളും

ഇന്നലെ വായിച്ച പത്രത്തിന്റെ ഇന്നത്തെ കോപ്പി തേടി നമ്മൾ പോകുന്നതെന്തുകൊണ്ടാണ്? വാർത്താവതരണത്തിലും വിശകലനത്തിലുമുള്ള മേന്മതന്നെയാവും കാരണം. പക്ഷേ, പണ്ട് ഇതൊന്നുമായിരുന്നില്ല ആകർഷണങ്ങൾ. നല്ലൊരു തുടർനോവൽ ഉണ്ടെങ്കിൽ അടുത്തതായി എന്തു സംഭവിക്കുന്നു എന്നറിയാൻ ഈ ലക്കം തേടിപ്പിടിക്കും എന്ന ചിന്തയിൽ വാർത്താപത്രത്തിൽ നോവൽ പ്രസിദ്ധീകരിച്ചുതുടങ്ങിയതു കോട്ടയത്താണ്. വാരാന്തപ്പതിപ്പിലല്ല, പത്രത്തിൽത്തന്നെ. വാരാന്തപ്പതിപ്പ് എന്ന ഏർപ്പാട് അന്നായിട്ടില്ല.

ബഞ്ചമിൻ ബെയിലി കേരളത്തിലെ മൂന്നാമത്തെ വാർത്താപത്രമായ 'ജ്ഞാനനിക്ഷേപം' കോട്ടയത്ത് ആരംഭിക്കുന്നത് 1848ലാണ്. അതിന്റെ പുതിയ പത്രാധിപരാ

യി 1860ൽ ചുമതലയേറ്റ ആർച്ചുഡീക്കൻ കോശി (1825-1900) ഓഗസ്റ്റ് മുതൽക്കുള്ള ലക്കത്തിൽ തന്റെ 'പുല്ലേലിക്കുഞ്ഞു' നോവൽ പ്രസിദ്ധീകരിച്ചു തുടങ്ങി. 1882ൽ പുസ്തകരൂപം പ്രാപിച്ചപ്പോൾ അതിന്റെ പേര് പുല്ലേലിക്കുഞ്ഞു എന്നായിരുന്നില്ല. 'ജാതിഭേദം ഒരു സംഭാഷണം' എന്നായിരുന്നു. ഖണ്ഡശ്ശയ്ക്ക് ഒരു പേരിട്ടിട്ട് പുസ്തകമാക്കുമ്പോൾ അതു മാറ്റുന്നതൊക്കെ അന്നു പതിവായിരുന്നു. നോവലുകൾ ഏറ്റെടുക്കപ്പെട്ടു എന്നു കാണുമ്പോൾ പത്രാധിപരും നോവലിസ്റ്റുംകൂടി ആലോചിച്ച് നോവലിന്റെ നീളം കുട്ടാറുണ്ടായിരുന്നു. 'പരിണാമം' പത്തൊൻപത് അധ്യായങ്ങളിൽ അവസാനിപ്പിക്കാനാണ് എം പി നാരായണപിള്ള ഉദ്ദേശിച്ചിരുന്നത്. കലാകൗമുദി വായനക്കാർ ഹരംകൊണ്ടപ്പോൾ അതു നൂറുലക്കമായി.

പത്രം വിൽക്കാൻ നോവൽ ആവശ്യമില്ല എന്നൊരു സ്ഥിതി അപ്പോഴേക്കും ഉണ്ടായിക്കഴിഞ്ഞിരുന്നു. ലോകത്തിലാദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് ഗവൺമെന്റ് 1957ൽ കേരളത്തിൽ അധികാരത്തിൽവന്നു. അവർക്കെതിരെ 1959ൽ ജനാധിപത്യകക്ഷികൾ വിമോചനസമരം തുടങ്ങി. ഇതിന്റെയൊക്കെ വാർത്തകൾ കൊടുക്കാൻ തന്നെ സ്ഥലം തികയാതായപ്പോൾ നോവലുകൾ പത്രത്തിൽനിന്ന് അപ്രത്യക്ഷമായി.

വാരികയും നോവലും


വാരികയുടെ സർക്കുലേഷൻ വർധിപ്പിക്കാൻ എളുപ്പവഴി നോവലുകളാണെന്നു മാതൃഭൂമി കണ്ടെത്തിയത് വളരെ വൈകിയാണ്. വാരിക തുടങ്ങി ഇരുപത്തൊന്നാം വർഷമാണ് മാതൃഭൂമി 1953ൽ എന്ന അറിയിപ്പോടെയാണ് ജനുവരി 11ന് പരമ്പര ആരംഭിച്ചത്. ഉറൂബിന്റെ അടുത്ത നോവലായ 'സുന്ദരികളും സുന്ദരന്മാരും' 1954 മാർച്ച് 21നു മാതൃഭൂമി പ്രസിദ്ധീകരിച്ചതും ഇതുപോലെ പേരില്ലാതെയാണ്. ജനങ്ങൾ ഏറ്റെടുക്കുന്നുവെന്ന് കണ്ടപ്പോൾ ഒരേസമയം രണ്ടു നോവലുകൾ വരെ പ്രസിദ്ധീകരിക്കാൻ തുടങ്ങി.


സായാഹ്ന പത്രങ്ങളും പ്രഭാതപത്രവും

മിക്ക പത്രങ്ങളും ആദ്യം സായാഹ്നപ്രസിദ്ധീകരണങ്ങളായിരുന്നു. കേരളത്തിൽ തുടക്കം മുതൽ പ്രഭാതപത്രമായിരുന്നത് മാതൃഭൂമി മാത്രമാണ്. 1890ൽ മനോരമ പ്രവർത്തനം ആരംഭിച്ചതും ദിവാൻ സി പി രാമസ്വാമി അയ്യർ ഒൻപതു വർഷം പൂട്ടിയിടീച്ചശേഷം 1947ൽ ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യത്തിലേക്കു വന്നതും സായാഹ്നപത്രമായാണ്. 1950കളിൽ മാതൃഭൂമിയുടെയും മനോരമയുടെയും പ്രസിദ്ധീകരണസമയത്തിൽ അന്നത്തെ ഈ വ്യത്യാസം അറിയാത്തവർ ഗാന്ധിവധം റിപ്പോർട്ടു ചെയ്ത ജനുവരി 30ലെ മനോരമയും ജനുവരി 31ലെ മാതൃഭൂമിയും


ബഞ്ചമിൻ ബെയിലി


ആർച്ചുഡീക്കൻ കോശി


എം പി നാരായണപിള്ള


ബോറിസ് പാസ്റ്റർ നാക്ക്


സി എൻ ശ്രീകണ്ഠൻ നായർ

ആദ്യമൊക്കെ വാർത്തകൾക്കൊപ്പം ഒന്നാംപേജിൽത്തന്നെയായിരുന്ന നോവൽ ഖണ്ഡങ്ങൾ. പത്രം ഉള്ള എല്ലാ ദിവസവും നോവൽ ഒന്നാം പേജിൽ എന്ന സമ്പ്രദായം മനോരമ 1948 ജനുവരിയിൽ അവസാനിപ്പിച്ചു. എന്നാൽ, ആഴ്ചയിൽ ആറുദിവസം പത്രം ഉള്ള 1956ൽ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിൽ നോവൽ ഉൾപ്പേജിൽ കൊടുത്തിരുന്നു. പത്രങ്ങളിലെ നോവൽബാധ അവസാനിച്ചത് ഒരു നീണ്ടകഥയാണ്. റഷ്യക്കാർക്ക് അനഭിമതനായ ബോറിസ് പാസ്റ്റർ നാക്കിന് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം 1958 ഒക്ടോബർ 23നു ലഭിച്ചപ്പോൾ അമേരിക്കൻ ഇൻഫർമേഷൻ സെന്റർ സന്തോഷസൂചകമായി പാസ്റ്റർ നാക്കിന്റെ ഡോ. ഷിവാഗൊ നോവലിന്റെ ഓരോ കോപ്പി എല്ലാ പത്രങ്ങൾക്കും എത്തിച്ചു. കിട്ടിയ ഉടനെ ആ കോപ്പിയുമായിപോയ സി എൻ ശ്രീകണ്ഠൻ നായർ അതിന്റെ തർജമ ചെയ്ത് രണ്ടുമൂന്ന് അധ്യായങ്ങൾ ഒരാഴ്ച കഴിഞ്ഞ് തന്റെ പത്രമായ കൗമുദിയിലേക്കു കൊടുത്തയച്ചു. ദീപികയിൽ ആ നോവലിന്റെ ഭാഷാന്തരം മൂന്നു ലക്കമായി എന്ന് അദ്ദേഹത്തിന് ഓഫിസിൽനിന്ന് കുറിപ്പു കിട്ടി. അതോടെ ശ്രീകണ്ഠൻനായർ തർജമ അവസാനിപ്പിച്ചു. ദീപികയിലെ ആ പരിഭാഷകൻ മുട്ടത്തുവർക്കി ആയിരുന്നു.

ഉറൂബിന്റെ നോവലായ ഉമ്മാച്ചു ആരംഭിക്കുന്നത്. തുടർച്ചയാണ്, തുടർന്നും വായിക്കണം എന്നൊരു തോന്നലുണ്ടാക്കാനായി നോവലിന് ഒരു പേരുപോലും ഇടാൻ അന്ന് അവർ ആലോചിച്ചില്ല. ഓരോ അധ്യായത്തിന്റെ പേരായിരുന്ന ആ ലക്കത്തിലെ തലക്കെട്ട്. നോവലെന്ന പറയുകപോലും ചെയ്യാതെ ഒരു കഥ തുടങ്ങുന്ന





പത്രപ്രദർശനങ്ങളിൽ കാണുമ്പോൾ മാതൃഭൂമി എന്തേ ഗാന്ധിവധം ഒരുദിവസം വൈകിമാത്രം റിപ്പോർട്ടു ചെയ്തു എന്നു സംശയിക്കും.

ഹിന്ദുവും ഒരു സായാഹനപത്രമായിരുന്നു. 1878ൽ ഒരു വാരികയായി തുടങ്ങിയ ഹിന്ദു 1883 മുതൽ ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, വെള്ളി) പ്രസിദ്ധീകരിച്ചു തുടങ്ങിയത് സായാഹനപത്രമായാണ്. ഹിന്ദു 1889ൽ ദിനപത്രമായതും സായാഹന പ്രസിദ്ധീകരണമായാണ്.

ഹിന്ദുസ്ഥാൻ ടൈംസ് ദിനപത്രം 1924 സെപ്റ്റംബർ 26ന് ഡൽഹിയിൽ ആരംഭിച്ചതും സായാഹനപത്രമായാണ്. കെ കെ കുമാരവിള കേരളഭൂഷണം തുടങ്ങുന്നതു സായാഹനപത്രമായാണ്. എ വി ജോർജ് ഏറ്റെടുത്തശേഷമാണ് പ്രഭാതപത്രമാവുന്നത്. കൊച്ചിക്കു തെക്ക് ആഴ്ചയിൽ ഏഴു പ്രഭാതങ്ങളിലുമുള്ള ആദ്യപത്രമായി കേരളദ്ധ്വനി തുടങ്ങിയ ഡോ. ജോർജ് തോമസ് നിലവിലുള്ള കേരളഭൂഷണം കൂടി ഏറ്റെടുത്തശേഷം കേരളദ്ധ്വനി സായാഹനപത്രമാക്കി. തൈക്കാട്ടു രാജേന്ദ്രൻ സായാഹനപത്രമായി 1947ൽ തിരുവനന്തപുരത്ത് ആരംഭിച്ച സതേൺ സ്റ്റാർ പിന്നീടു പ്രഭാതപത്രമായി. രാഷ്ട്രദീപിക, കൗമുദി ഫ്ളാഷ്, കാസർകോട്ടെ ഉത്തരദേശം എന്നിവ പ്രധാനപ്പെട്ട സായാഹനപത്രങ്ങളാണ്.

റേഡിയോയും വാർത്താപ്രക്ഷേപണവും

ശാസ്ത്രീയസംഗീതമല്ലാതെ സിനിമാപ്പാട്ടുകൾ റേഡിയോയിൽ കേൾപ്പിക്കാത്ത ഒരു കാലമുണ്ടായിരുന്നുവെന്ന് ഇന്ന് ആലോചിക്കാൻപോലും പറ്റുമോ? ഇന്നു നോക്കുമ്പോൾ ഇതുപോലെ തലതിരിഞ്ഞ പല തീരുമാനങ്ങളും അന്നുണ്ടായിരുന്നു. പത്രങ്ങളിൽ ഒരു വാർത്ത അച്ചടിച്ചു വരുന്നതിനു മുൻപ് റേഡിയോയിൽ ആ വാർത്ത പ്രക്ഷേപണം ചെയ്തുകൂടാ എന്നൊരു വിലക്ക് വാർത്താ ഏജൻസികൾ ഏർപ്പെടുത്തിയിരുന്നു. ദേശീയ രാജ്യാന്തര വാർത്തകൾക്ക് വാർത്താ ഏജൻസികളെ റേഡിയോ പൂർണമായും ആശ്രയിച്ചിരുന്ന കാലത്തായിരുന്നു ഇത്. 1929ൽ പ്രവർത്തനം ആരംഭിച്ച കൊളംബിയ ബ്രോഡ്കാസ്റ്റിങ് സിസ്റ്റം സിബിഎസ് ആണ് ആദ്യമായി ഈ വിലക്ക് ലംഘിച്ചത്. ലിൻഡ്ബർഗിനെ തട്ടിക്കൊണ്ടുപോയെന്ന, ലോകത്തെ നടുക്കിയ വാർത്ത, പത്രങ്ങളിൽ വരുന്നതിനു മുൻപുതന്നെ പ്രക്ഷേപണം ചെയ്യാൻ സിബിഎസിൽ പുതുതായി ചുമതലയേറ്റ ന്യൂസ് എഡിറ്റർ പോൾ വൈറ്റ് നിർദേശിച്ചു. വിലക്കിനെപ്പറ്റി പിന്നീടാരും കേട്ടിട്ടേയില്ല.

പണ്ട് പത്രാധിപന്മാരുടെയോ പ്രക്ഷേപകരുടെയോ സൗകര്യത്തിനായിരുന്നു പരിപാടിയുടെ സമയം നിശ്ചയിച്ചിരുന്നതെങ്കിൽ പിന്നീടതു വായനക്കാരുടെയും പ്രേക്ഷകരുടെയും സൗകര്യത്തിനായി. പണ്ട് ഏതു പ്രധാന സ്പോർട്സ് പരിപാടി ടിവിയിൽ കാണണമെങ്കിലും നമ്മൾ അർധരാത്രി കഴിഞ്ഞ് ഉണരണമായിരുന്നു. ഇന്നു രാജ്യാന്തര ഫുട്ബോൾ കളി കാണാൻ മാത്രമേ നമ്മുടെ നാട്ടുകാർ ഉറക്കം മതിയാക്കി എഴുന്നേൽക്കണ്ടതുള്ളൂ. പാശ്ചാത്യനാടുകളിലുള്ളവരുടെ സൗകര്യത്തിനൊപ്പിച്ചുള്ള സമയത്താണ് ഫുട്ബോൾ സംപ്രേഷണം.

ഇന്ത്യ 1983ൽ ലോകകപ്പ് ക്രിക്കറ്റ് ജയിച്ചു. പിന്നെ പാക്കിസ്ഥാനും ശ്രീലങ്കയും ജയിച്ച കപ്പു നേടി. അതോടെ ക്രിക്കറ്റ് സംപ്രഷണം നമ്മുടെ സൗകര്യത്തിനുള്ള സമയത്തായി. പാശ്ചാത്യരാജ്യക്കാർ അതു കാണണമെങ്കിൽ ഉറക്കത്തിനിടെ എഴുന്നേൽക്കണം.

എഴുത്തിന്റെ ദൃശ്യഭാഷാസാധ്യതകൾ

ഓരോ സ്റ്റൈലും പിടിച്ച് മലയാളഭാഷ മുന്നേറി. വിഷ്വൽ റൈറ്റിങ് മലയാളത്തിൽ ആരംഭിച്ചത് ടിവിയുടെ വരവിനുശേഷമാണെന്നാണ് പലരും കരുതിയിരിക്കുന്നത്, മലയാളത്തിൽ ടിവി വന്നത്. 1985 ജനുവരി ഒന്നിന് ആണെന്നിരിക്കെ 1957ലെ ഒരു ഉദാഹരണം ഞാൻ പറയാം. വൈക്കം ചന്ദ്രശേഖരൻ നായർ കൊല്ലത്തു ജനയുഗത്തിൽ പ്രവർത്തിക്കുമ്പോഴാണ് മഹാകവി വള്ളത്തോൾ മരിക്കുന്നത്. അദ്ദേഹം അടുത്ത ബസിൽ കയറി ചെറുതുരുത്തിയിൽ ചെല്ലുമ്പോഴേക്ക് ശവദാഹത്തിനുള്ള സമയം അടുത്തു. ഭാരതപുഴയിലിറങ്ങി കുളിച്ച് വേഷം മാറിച്ചെന്ന വൈക്കത്തിന്റെ റിപ്പോർട്ട് തുടങ്ങുന്നത് ഇങ്ങനെയാണ്: ഏഴു തിരിയിട്ട നിലവിളക്കിനു ചുവടെ ചുട്ടികുത്താനെന്നവണ്ണം വള്ളത്തോൾ നീണ്ടുനിവർന്നു കിടന്നു.

ഏഴുതിരിയിട്ട നിലവിളക്ക് എന്നു വായിക്കുമ്പോൾത്തന്നെ കഥകളിയെ പുനരുദ്ധരിച്ച ഒരു മഹാപുരുഷനും കലാമണ്ഡലവും കൺമുന്നിൽ വരാം. ആ വാചകഖണ്ഡത്തിൽനിന്ന് അതു കിട്ടാത്തവർക്ക് ചുട്ടികുത്താനെന്നവണ്ണം എന്ന ഭാഗത്തെത്തുമ്പോൾ കഥകളിനാദങ്ങളുയരും. അപ്പൊഴും അതു പിടികിട്ടാത്തയാൾക്കു പിന്നെ ജീവിതത്തിലൊരിക്കലും അതു മനസ്സിലാകാൻ പോകുന്നില്ല. വള്ളത്തോൾ നീണ്ടുനിവർന്നു കിടന്നു എന്ന ഭാഗത്തെത്തുമ്പോൾ വള്ളത്തോൾ അക്കാലത്തെ ഒരു അപൂർവം ആറടിക്കാരിൽ ഒരാളാണല്ലോ എന്ന ഓർമവരും. ഇന്നു കാണുന്ന ആയിരം പേരിൽ പത്തുപേർ ആറടിക്കാരാണെങ്കിൽ അന്ന് ആയിരത്തിലൊരാളെ കണ്ടാൽ ഭാഗ്യം. രണ്ടുവരിയിൽ എത്ര വിഷ്വലുകൾ.

ഒറ്റവരിയുടെ ഭാവപ്രകാശം

സംസ്കൃത ജഡിലമായിരുന്ന മലയാള ഭാഷ സാധാരണക്കാരന്റെ നിലയിലേക്കിറങ്ങിവന്നു. സ്ഥാലീപുലാകന്യായേന






ഉറൂബ്



ദിവാൻ സി പി രാമസ്വാമി അയ്യർ



കെ കെ കുരുവിള



വൈക്കം ചന്ദ്രശേഖരൻ നായർ



തകഴി ശിവശങ്കരപിള്ള

എന്ന് എഴുതിയിരുന്നതു മാറ്റി വെന്തോ എന്നറിയാൻ അടുപ്പത്തിരിക്കുന്ന കലത്തിലെ മുഴുവൻ ചോറും നോക്കേണ്ടതില്ലല്ലോ എന്നാക്കി. പണ്ട് ലേഖനങ്ങളിൽ കണ്ടിരുന്ന മസ്തിഷ്ക പ്രക്ഷാളനം, അനാഗത ശ്മശ്രു, അഹമഹമികയാ, ഇതികർത്തവ്യതാമൂഢത്തം എന്നീ വാക്കുകൾ ഇന്നു കാണാനുണ്ടോ? ഒരേ അർഥമുള്ള നാലു വാക്കുകളുണ്ടെങ്കിൽ അവയിൽ നീളം കുറഞ്ഞതിനെയും അർഥം പെട്ടെന്നു പിടികിട്ടുന്നതിനെയും എഴുത്തുകാർ ഉപയോഗിച്ചുതുടങ്ങി.

ഒരു പത്രാധിപരുടെ ഇടപെടൽ ഒരു പംക്തിയെ എങ്ങനെ മെച്ചപ്പെടുത്തിയെന്നറിയിക്കാൻ വൈക്കം ചന്ദ്രശേഖരൻ നായർ പത്രാധിപരായിരുന്ന കാലത്തെ ചിത്രകാർത്തിക നോക്കിയാൽ മതി. ആ ആഴ്ചയിലെ വാർത്താപുരുഷനെപ്പറ്റി ആര് എഴുതിക്കൊണ്ടുവരുന്ന കുറിപ്പിലും ഒരു വരിയെങ്കിലും കൂട്ടിച്ചേർക്കാനുള്ള ലോകവിവരം വൈക്കത്തിനുണ്ടായിരുന്നു. ആ ഒറ്റവരികൊണ്ട് ആ കുറിപ്പ് അതുവരെയില്ലാത്തൊരു ഭാവപ്രകാശത്തിലേക്ക് ഉയരുകയും ചെയ്യും.

ഒരിക്കൽ സൈപ്രസ് പ്രസിഡന്റ് കൂടിയായ ആർച്ചുബിഷപ്പ് മക്കാറിയോസിനെക്കുറിച്ച് ഒരു പത്രാധിപക്കുഞ്ഞ് എഴുതിക്കൊടുത്ത 'മാൻ ഓഫ് ദ് വീക്ക്' ഒരു ഉപന്യാസംപോലെ നിർവികാരമായിരുന്നു. അദ്ദേഹം ആ കുറിപ്പിനു മുകളിൽ ഒരു വാചകം പ്രതിഷ്ഠിച്ചു: സ്വന്തം ജനതയ്ക്ക് ആധ്യാത്മികവും ഭൗതികവുമായ നേതൃത്വം നൽകിയ രണ്ടേ രണ്ടു പേരെ മാത്രമേ ഇരുപതാം നൂറ്റാണ്ടു കണ്ടിട്ടുള്ളൂ. ഒന്ന്, തിബത്തിലെ ദലൈലാമ, രണ്ട് സൈപ്രസിലെ ആർച്ചു ബിഷപ്പ് മക്കാറിയോസ്.

മറ്റൊരിക്കൽ തകഴിയായിരുന്ന വാർത്താപുരുഷൻ. എഴുതിക്കിട്ടിയ കുറിപ്പ് അവസാനിച്ചിരുന്നത് ഇങ്ങനെ: തകഴി കുട്ടനാടിന്റെ കഥാകാരനാണ്. അദ്ദേഹത്തിന്റെ മിക്ക യാത്രകളും കുട്ടനാട്ടിൽ ഒതുങ്ങുന്നു. അതിനു ചുവടെ വൈക്കം രണ്ടു വാചകങ്ങൾ എഴുതിച്ചേർത്തു ഒരിയ്ക്കൽ തിരുവനന്തപുരംവരെ പോയി. അന്ന്, അമ്പലപ്പുഴക്കാരൻ കേശവപിള്ള കൂടെയുണ്ടായിരുന്നു.

'ഏണിപ്പടികളി'ലെ നായകനെ ഓർക്കുന്നവർ ആ അവസാനവാചകം കൂടുതൽ ആസ്വദിച്ചു.

ആറു മലയാളിക്ക് നൂറു മലയാളം

ആറു മലയാളിക്ക് നൂറു മലയാളം എന്നിടത്ത് ഭാഷയുടെ മാനകീകരണം സാധിച്ചുവെന്നതാണ് പത്രങ്ങളുടെ വലിയൊരു സംഭാവന. ഭാഷയുടെയും ഉച്ചാരണത്തിന്റെയും മാനകീകരണം എളുപ്പമായത് പത്രങ്ങൾക്ക് ഇത്ര പ്രാദേശിക എഡിഷനുകളും റേഡിയോയ്ക്ക് ഇത്ര പ്രാദേശിക നിലയങ്ങളും ഇല്ലാതിരുന്നതുകൊണ്ടാണ്. അതുകൊണ്ടു നിയന്ത്രണം കൂടുതൽ എളുപ്പമായി. എല്ലാ ജില്ലയിലും നിന്ന് അവിടെ തയാറാക്കുന്ന പത്രം അച്ചടിച്ചുവിടുകയും അവിടവിടെ തയാറാക്കുന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യുകയുമായിരുന്നു തുടക്കം മുതലെങ്കിൽ എല്ലാം കുളമായേനെ.

ശക്തിയേറിയ പ്രസരണി എല്ലായിടത്തും ഇല്ലായിരുന്നുവെന്നതും മാനകീകരണത്തെ സഹായിച്ചു.

തിരുവനന്തപുരത്തുനിന്നു പ്രക്ഷേപണം ചെയ്യുന്നതു മാത്രമേ കേരളം മുഴുവൻ കേൾക്കുമായിരുന്നുള്ളൂ. ആലപ്പുഴയിൽ 100 വാട്ടിന്റെ പ്രസരണി 1971ൽ സ്ഥാപിച്ചതിലൂടെയാണ് തിരുവനന്തപുരം ഈ നേട്ടം കൈവരിച്ചത്. തുടക്കത്തിൽ പത്തുകിലോവാട്ടിന്റെ പ്രസരണശേഷിയാണ് കോഴിക്കോടു നിലയത്തിലുണ്ടായിരുന്നത്. ആ നിലയത്തിന്റെ പ്രക്ഷേപണപരിധിയിൽപെട്ട കാസർകോട്ടോ കണ്ണൂരിൽപോലുമോ അതിന്റെ വീചികൾ വ്യക്തമായില്ല. 1957ൽ ആരംഭിച്ച തൃശൂർ നിലയത്തിന്റെ പ്രസരണശേഷി ഇരുപതു കിലോവാട്ട് മാത്രമായിരുന്നു. നൂറും ഇരുനൂറും കിലോവാട്ടുള്ള പ്രസരണികൾ എല്ലായിടത്തും വന്നപ്പോഴേക്കു മാനകീകരണം പൂർത്തിയായിരുന്നു.

പ്രചാരം മുഖ്യം

ഏതു വാർത്തയും ഫീച്ചറും കഴിയുന്നത്ര ആളെയോ കുടുംബത്തെയോ വേദനിപ്പിക്കാതെ കൊടുക്കാനാണ് ഇന്നു മാധ്യമങ്ങൾ ശ്രദ്ധിക്കുന്നത്. ആ വാർത്ത വായിച്ച് അരിശം വന്ന് അയാൾ പത്രം നിർത്തരുതല്ലോ. ഇന്ന് ആളുകൾ ആത്മഹത്യ ചെയ്തതായി പത്രത്തിൽ വരാറില്ല. ഇപ്പോൾ മനുഷ്യർ വിഷം ഉള്ളിൽച്ചെന്നു മരിക്കുകയാണ്. അല്ലെങ്കിൽ മരിച്ചനിലയിൽ കാണപ്പെടുകയാണ്; ദുരൂഹസാഹചര്യത്തിൽ മരിക്കുകയാണ്, മരുന്നുമാറിക്കഴിച്ചു മരിക്കുകയാണ്.

ഇതൊക്കെ മലയാളമാധ്യമ രംഗത്ത് വലിയൊരു മാറ്റത്തിനു തുടക്കം കുറിച്ചു. പത്രമാസികകൾക്കു പ്രചാരം കൂട്ടുന്നതിന്റെ ഉത്തരവാദി ഇന്നു സർക്കുലേഷൻ മാനേജരല്ല, പത്രാധിപരാണ്.

പത്രാധിപരെ തോൽപിക്കുന്ന കുറെ എഴുത്തുകാരുണ്ടായിരിക്കുന്നു എന്നതാണ് ഇന്നത്തെ ദുരവസ്ഥ. അച്ചടിച്ച പത്തോ പതിനഞ്ചോ പേജുകളിൽ കുറഞ്ഞ ലേഖനം എഴുതാൻ അറിയാത്തവരാണിവർ. മുപ്പതു തുപ്പിയ നൂറു പേജിൽ വായനക്കാരന് പത്തോ പതിനഞ്ചോ രചനകൾ കിട്ടിയിരുന്ന സ്ഥാനത്ത് ഇന്നു കിട്ടുന്നത് നാലോ അഞ്ചോ നെടുങ്കൻ ലേഖനങ്ങൾ. ഇതിനു സർഗാത്മകത വേണ്ട, ഗീർവാണശേഷി മതി. മലയാള വാരികകളുടെ വൈവിധ്യം ഇത്തരം ലേഖകർ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഇതൊക്കെ മലയാളമാധ്യമ രംഗത്ത് വലിയൊരു മാറ്റത്തിനു തുടക്കം കുറിച്ചു: പത്രമാസികകൾക്കു പ്രചാരം കൂട്ടുന്നതിന്റെ ഉത്തരവാദി ഇന്നു സർക്കുലേഷൻ മാനേജരല്ല, പത്രാധിപരാണ്. ■



തളംകെട്ടി നിൽക്കുകയല്ല, പുതുചലനങ്ങൾക്കൊപ്പം സഞ്ചരിക്കുകയും അവയെ സ്വാംശീകരിക്കുകയും ചെയ്തുകൊണ്ടാണ് ഭാഷകൾ വളരുന്നത്. നിരന്തരം ഉൽപ്പാദിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിജ്ഞാനത്തെ കൈകാര്യം ചെയ്യാനും സംവേദനം ചെയ്യാനും പുതിയ വിജ്ഞാനത്തെ സ്വന്തമായി ഉൽപ്പാദിപ്പിക്കാനും ഭാഷകൾക്ക് കഴിയേണ്ടതുണ്ട്.

മലയാളത്തിന്റെ വൈജ്ഞാനിക പദവി



കേരളപ്പിറവിക്ക് ഏഴ പതിറ്റാണ്ടിന്റെ കരുത്ത് കൈവന്നെങ്കിലും ഐക്യകേരളത്തെ യാഥാർഥ്യമാക്കുന്നതിൽ പ്രമുഖസ്ഥാനം കയ്യാളിയ മലയാള ഭാഷയുടെ വളർച്ചയിൽ വേണ്ടതുപോലെ ഇടപെടാൻ നമുക്ക് കഴിഞ്ഞുവോ എന്ന ചോദ്യം ഇപ്പോഴും ബാക്കിനിൽക്കുന്നു. സാഹിത്യസമ്പത്തിന്റെ വളർച്ച, ദിനപത്രങ്ങളുടെയും ആനുകാലികങ്ങളുടെയും കുതിപ്പ്, ഭാഷാസ്ഥാപനങ്ങളുടെ രൂപീകരണം തുടങ്ങിയ നേട്ടങ്ങൾ ഉയർത്തിക്കാട്ടുമ്പോഴും മാറുന്ന ലോകത്തിനൊപ്പം സഞ്ചരിക്കുവാൻ ഭാഷയെ സജ്ജമാക്കുന്നതിൽ ഏറെയൊന്നും നമുക്കിതുവരെ ചെയ്യാനായിട്ടില്ല.

പുതുചലനങ്ങൾക്കൊപ്പം സഞ്ചരിക്കണം ഭാഷ

ശാസ്ത്രസാങ്കേതികരംഗത്തെ കുതിപ്പുകൾക്കൊപ്പം സഞ്ചരിക്കാൻ കഴിയാത്ത ഭാഷകൾ പിന്നണിയിലേക്ക് പോവുന്നതും ക്രമേണ നാശത്തിലേക്ക് കൂപ്പുകുത്തുന്നതുമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അനുഭവം. തളംകെട്ടി നിൽക്കുകയല്ല, പുതുചലനങ്ങൾക്കൊപ്പം സഞ്ചരിക്കുകയും അവയെ സ്വാംശീകരിക്കുകയും ചെയ്തുകൊണ്ടാണ് ഭാഷകൾ വളരുന്നത്. നിരന്തരം ഉൽപ്പാദിപ്പിക്കപ്പെടുകൊണ്ടിരിക്കുന്ന വിജ്ഞാനത്തെ കൈകാര്യം ചെയ്യാനും സംവേദനം ചെയ്യാനും പുതിയ വിജ്ഞാനത്തെ സ്വന്തമായി ഉൽപ്പാദിപ്പിക്കാനും ഭാഷകൾക്ക് കഴിയേണ്ടതുണ്ട്. ഇതാകട്ടെ തനിയേ സംഭവിക്കുന്ന ഒരു പ്രക്രിയ അല്ലതാനും. ഭാഷകസമൂഹങ്ങൾ ബോധപൂർവം തങ്ങളുടെ ഭാഷയെ അതിന് പര്യാപ്തമാക്കുകയാണ് ചെയ്യുന്നത്; ചെയ്യേണ്ടത്. ആധുനികവിജ്ഞാനത്തിനൊപ്പം സഞ്ചരിച്ച ഗ്രീക്കും ലാറ്റിനും തൊട്ട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി വൈജ്ഞാനികപദവി കൈവരിച്ച ഭാഷകൾക്കുവരെ ഇത്തരം ശ്രമങ്ങളുടെ കഥകൾ പറയുവാനുണ്ട്. ഇന്ന് അന്താരാഷ്ട്രതലത്തിൽ ഏറ്റവും പ്രമുഖമായ വൈജ്ഞാനികപദവി കൈക്കൊള്ളുന്ന ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായൊരു ശാസ്ത്രഗ്രന്ഥം പ്രസിദ്ധീകൃതമാവുന്നത് 1704-ൽ മാത്രമാണ്. ഐസക് ന്യൂട്ടന്റെ 'ഓപ്റ്റിക്സ്' എന്ന ഗ്രന്ഥമായിരുന്നു അത്. ഇംഗ്ലീഷിന്റെ വിസ്മയകരമായ വളർച്ച ആകസ്മികമായി സംഭവിച്ച ഒന്നല്ലെന്നും അതിനെ ശ്രദ്ധാപൂർവം വളർത്തിയെടുത്തതാണെന്നും റോബർട്ട് ഫില്ലിപ്സൺ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വൈജ്ഞാനികവിനിമയരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്കു പുറകിൽ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാങ്കേതികവുമായ കാരണങ്ങളോടൊപ്പം ഭാഷാപരമായ പ്രശ്നങ്ങൾ കൂടിയുണ്ടെന്ന് ജർമൻ ഭാഷാശാസ്ത്രജ്ഞനായ ഉൾറിഷ് അമോൺ ചൂണ്ടിക്കാട്ടുന്നു. ഭാഷയെ മുൻനിർത്തി വലിയതോതിൽ നിലനിൽക്കുന്ന വൈജ്ഞാനിക അസന്തുലിതാവസ്ഥ,

അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, അതിനെ അഭിസംബോധന ചെയ്യേണ്ട രീതികൾ തുടങ്ങിയവയെല്ലാം ആഗോളതലത്തിൽ സജീവമായ ചർച്ചാമേഖലകളാണിന്ന്. പ്രത്യേകിച്ച് ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ മാറ്റിമറിച്ച ഭാഷാമണ്ഡലത്തിന്റെ പശ്ചാത്തലത്തിൽ. വിജ്ഞാനമലയാളത്തെക്കുറിച്ചുള്ള ചർച്ചകൾ കേരളീയ അക്കാദമികമേഖലയിൽ സമീപകാലത്ത് കുറച്ചൊക്കെ സജീവമായിട്ടുണ്ടെങ്കിലും സാമൂഹികമണ്ഡലത്തിൽ അതിന്റെ അനുരണനങ്ങൾ ഇതുവരെ രൂപപ്പെട്ടുതുടങ്ങിയിട്ടില്ല.

വൈജ്ഞാനിക കൃതികളും ഉള്ളടക്കങ്ങളും

മലയാളത്തിലെ വൈജ്ഞാനികസമ്പത്തിനെ അളവുപരമായി വിലയിരുത്താനുള്ള കൃത്യമായ വിവരവ്യവസ്ഥകളൊന്നും ലഭ്യമല്ല. അത് ലഭ്യമാക്കിയാൽ മാത്രമേ നാം എത്രമാത്രം പുറകിലാണെന്നും ഓരോ മേഖലയിലേയും നമ്മുടെ നിജസ്ഥിതി എപ്രകാരമാണെന്നും തിരിച്ചറിയാൻ കഴിയൂ. ലഭ്യമായ വിവരങ്ങളനുസരിച്ച് പരിശോധിക്കുമ്പോൾ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാതിയിൽ ആകെ പ്രസിദ്ധീകരിക്കപ്പെട്ട മലയാളപുസ്തകങ്ങളിൽ സാഹിത്യേതരം 56.26 ശതമാനവും സാഹിത്യം 43.73 ശതമാനവുമായിരുന്നെന്ന് കാണാം. 1950 മുതൽ 2000 വരെയുള്ള അരനൂറ്റാണ്ടുകാലത്താവട്ടെ ഇത് 39.17 ശതമാനവും 60.82 ശതമാനവുമായി മാറുന്നു. അതായത്, സാഹിത്യേതര കൃതികളുടെ അളവ്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലെ 56.26 ശതമാനത്തിൽ നിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലേക്കെത്തുമ്പോൾ 39.17 ശതമാനത്തിലേക്ക് ഇടിയുന്നു. പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിൽത്തന്നെ നിലവാരം പുലർത്തുന്നവ എത്രയുണ്ടെന്നും വിഷയത്തെ ആഴത്തിൽ സമീപിക്കുന്നവ എത്രയുണ്ടെന്നും പരിശോധിക്കേണ്ടതുമുണ്ട്. മാധ്യമങ്ങളിലെയും വൈജ്ഞാനിക ഉള്ളടക്കത്തിന്റെ കാര്യത്തിലും ആശാവഹമായ സ്ഥിതി നിലനിൽക്കുന്നില്ല. ശാസ്ത്രവിരുദ്ധതയ്ക്കും കപടശാസ്ത്രങ്ങൾക്കുമാണ് പലപ്പോഴും പ്രാമുഖ്യം കിട്ടുന്നതെന്നും കാണാം.

ഭാഷയും സാമൂഹിക പുരോഗതിയും

ഭാഷയുടെ പുരോഗതി അതിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ലെന്നും അത് സാമൂഹിക പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണെന്നും നാമോർക്കേണ്ടതുണ്ട്. സാമൂഹിക പശ്ചാത്തലത്തിൽനിന്നും അടർത്തിമാറ്റി ഭാഷയുടെ വളർച്ചയെയോ അതിന്റെ വൈജ്ഞാനികതലത്തെക്കുറിച്ചോ നടത്തുന്ന ഏതൊരു ചർച്ചയും നിരർഥകമാണ്.

ഐക്യകേരളരൂപീകരണവും അതിനുമുമ്പും പിമ്പുമുള്ള സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വികാസവും അതിലെ ഇടർച്ചകളുമാണ് നമ്മുടെ ഭാഷയുടെ ഗതിവിഗതികളെ നിർണയിച്ചത്; ഇനി നിർണയിക്കാൻ പോവുന്നതും. ഇവിടുത്തെ സാക്ഷരതയുടെ വികാസം, വിദ്യാഭ്യാസ രംഗത്തെ വളർച്ചയും പ്രതിസന്ധികളും,അധ്യയനമാധ്യമരംഗത്തിലുണ്ടായ വ്യതിയാനങ്ങൾ, കേരളവികസനരംഗത്തെ രണ്ടാംതലമുറപ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുടെ



വിശാലമായ ക്യാൻവാസിൽ മാത്രമേ മലയാളഭാഷയുടെ വൈജ്ഞാനികതലത്തെക്കുറിച്ച് പരിശോധിക്കാൻ കഴിയൂ.

മലയാളത്തിന്റെ സാധ്യതയും കരുത്തും

വിജ്ഞാനം കൈകാര്യം ചെയ്യാനുള്ള മലയാളത്തിന്റെ സാധ്യതയേയും കരുത്തിനേയും ആശങ്കയുടെയും സംശയത്തിന്റെയും നിഴലിൽ നിർത്തേണ്ടതില്ല. കടന്നുവന്ന വഴികളിൽ സാധ്യതയുടെ ശക്തമായ തെളിവുകൾ കാലം ബാക്കിവെച്ചിട്ടുണ്ട്.

വിവിധ അടരുകളിലൂടെ വികാസം പ്രാപിച്ച് ഇവിടെ നിലനിന്നിരുന്ന ജ്ഞാനരൂപങ്ങൾ, വ്യാകരണം, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം തുടങ്ങിയ മേഖലകളിലുണ്ടായ ഗ്രന്ഥങ്ങൾ എന്നിവയെല്ലാം അത് സാക്ഷ്യപ്പെടുത്തുന്നു. മറ്റേതൊരു ഇന്ത്യൻ ഭാഷയിലും വരുന്നതിനുമുമ്പേ കൗടില്യന്റെ അർഥശാസ്ത്രത്തിന് പരിഭാഷ രൂപപ്പെട്ടത് മലയാളത്തിലായിരുന്നു. സി. ഇ. ഒൻപതാം നൂറ്റാണ്ടിലോ പത്താം നൂറ്റാണ്ടിലോ ആയിരിക്കും ഇത്.


യൂറോപ്പ് കണ്ടെത്തുന്നതിന് എത്രയോ മുമ്പേ കാൽക്കുലസിന്റെ അടിസ്ഥാനപ്രമാണങ്ങൾ കണ്ടെത്തിയതടക്കമുള്ള കേരളീയഗണിതസരണിയുടെ നേട്ടങ്ങളെക്കുറിച്ച് സമീപകാലത്ത് ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഗണിതരംഗത്തെ ഇത്തരം നേട്ടങ്ങളെ പതിനാറാം നൂറ്റാണ്ടിനോടടുപ്പിച്ച് മലയാളത്തിൽ രചിതമായ 'യുക്തിഭാഷ'യ്ക്ക് ഉൾക്കൊള്ളാനായിരുന്ന എന്നത് ലഘുവായ കാര്യമല്ല. ഇങ്ങേയറ്റത്താകട്ടെ ബിരുദാനന്തരബിരുദതലത്തിലുള്ള അന്താരാഷ്ട്ര പാഠപുസ്തകങ്ങൾ മലയാളത്തിൽ സാധ്യമാണെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാല പ്രവർത്തനങ്ങളും തെളിയിച്ചു. പരിമിതികളും പോരായ്മകളും ഉണ്ടായിരുന്നെങ്കിലും ആധുനിക വൈജ്ഞാനിക വിഷയങ്ങളെ ഉൾക്കൊള്ളാനുള്ള മലയാളഭാഷയുടെ കഴിവിനെയാണ് അത് തെളിയിച്ചത്.

പദങ്ങളല്ല പ്രധാനം; ശാസ്ത്രസങ്കൽപ്പനങ്ങൾ

ഭാഷയുടെ വൈജ്ഞാനികതലത്തെക്കുറിച്ചുള്ള നമ്മുടെ ചർച്ചകൾ പലപ്പോഴും സാങ്കേതികപദങ്ങളെ ചുറ്റിപ്പറ്റി മാത്രമായിപ്പോവുന്നതായാണ് കാണാറ്. സാങ്കേതികപദങ്ങളെവിടെ, ഇത് മലയാളത്തിൽ എങ്ങനെ പ്രകാശിപ്പിക്കും തുടങ്ങിയ സന്ദേഹങ്ങൾ, ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയുള്ള പരിഹാസം എന്നിങ്ങനെ പലതലങ്ങളിലേക്ക് അത് വ്യാപിക്കും. വിജ്ഞാനഭാഷാ പരിവർത്തനമെന്നാൽ അത് സാങ്കേതികപദങ്ങളെ കണ്ടെത്തുക എന്ന ഒറ്റമൂലികൊണ്ട് സാധ്യമാകുന്ന ഒന്നല്ലെന്ന് തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. സാങ്കേതികപദങ്ങളുടെ രൂപീകരണത്തിലുപരി ശാസ്ത്രസങ്കൽപ്പനങ്ങളെ ഭാഷയുമായി വിളക്കിച്ചേർക്കുന്നതിനായിരിക്കണം ഊന്നൽ. അങ്ങനെയാവുമ്പോൾ സ്വാഭാവികമായി രൂപപ്പെട്ടുവരുന്ന ഒന്നായി സാങ്കേതികപദങ്ങൾ മാറും.

സാങ്കേതികപദങ്ങളോടൊപ്പം ഭാഷാപര

വിജ്ഞാനഭാഷാ പരിവർത്തനമെന്നാൽ അത് സാങ്കേതികപദങ്ങളെ കണ്ടെത്തുക എന്ന ഒറ്റമൂലികൊണ്ട് സാധ്യമാകുന്ന ഒന്നല്ലെന്ന് തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. സാങ്കേതികപദങ്ങളുടെ രൂപീകരണത്തിലുപരി ശാസ്ത്രസങ്കൽപനങ്ങളെ ഭാഷയുമായി വിളക്കിച്ചേർക്കുന്നതിനായിരിക്കണം ഊന്നൽ



മായ അധീശത്വത്തിനെതിരായ സമരം, ഭാഷാമനോഭാവങ്ങളിൽ മാറ്റം വരുത്തൽ, അധ്യയനമാധ്യമം, ഭാഷയുടെ നവീകരണം, മാനകീകരണം, കോർപ്പസ് വിപുലീകരണം, വലിയതോതിൽ റഫറൻസ് മെറ്റീരിയലുകളുടെ നിർമാണം, ഡിജിറ്റൽവൽക്കരണം, വിവരസാങ്കേതികവിദ്യയുടെ വികാസവും ലഭ്യതയും ഉറപ്പുവരുത്തൽ, വിവിധ തലങ്ങളിലുള്ള ശാസ്ത്രസമ്മേളനങ്ങൾ, അക്കാദമിക ജേണലുകൾ, എന്നിങ്ങനെ നിരവധി ഘടകങ്ങൾ കൂടിച്ചേരുമ്പോഴേ ഭാഷയുടെ വൈജ്ഞാനികപദവിയിൽ മാറ്റം സാധിതമാക്കാൻ കഴിയൂ.

സാങ്കേതികപദരൂപീകരണത്തിലാവട്ടെ, ഇതുവരെയുള്ള അനുഭവങ്ങളെ വിമർശനാത്മകമായും യുക്ത്യധിഷ്ഠിതമായും സമീപിക്കുകയും പുതിയകാലത്തിന്റെ ആവശ്യങ്ങളെക്കൂടി പരിഗണിച്ച് ആവശ്യമായ തിരുത്തലുകൾ കൈക്കൊള്ളുകയുമാണ് വേണ്ടത്. ഇത്തരമൊരു സമീപനത്തിൽ സ്വാതന്ത്ര്യാനന്തരനാളുകളിൽ കൈക്കൊണ്ട പാൻ ഇന്ത്യൻ പദാവലികളെന്ന സമീപനത്തെയും സംസ്കൃതാധിഷ്ഠിത പദങ്ങളോടുള്ള അമിതമായ ആവേശത്തെയും കൈയൊഴിയേണ്ടിവരും. വൈജ്ഞാനിക മേഖലയുടെ അഭ്രപൂർവമായ വളർച്ചയേയും ലോകസാഹചര്യങ്ങളിൽ ഉണ്ടായ സമൂലമായ മാറ്റങ്ങളേയും പരിഗണിക്കുമ്പോൾ ഇതല്ലാതെ മറ്റു വഴികളില്ല. സാധ്യമായേടത്തോളം സ്വന്തം ഭാഷയിൽ പുതുപദരൂപീകരണം, അതിനു കഴിയാതെ വരുമ്പോൾ അന്താരാഷ്ട്രതലത്തിലുള്ള പദങ്ങളെ പ്രയോജനപ്പെടുത്തൽ എന്ന സമീപനമായിരിക്കും കരണീയം. ഭാഷയിൽ പുതുതായി പദങ്ങൾ രൂപീകരിക്കുമ്പോൾപ്പോലും അതിന്റെ അന്താരാഷ്ട്രപദം എന്താണെന്ന് അറിയാനുള്ള സാഹചര്യം വിദ്യാർഥികൾക്കുമുന്നിൽ തുറന്നിടേണ്ടതുമുണ്ട്. ഉന്നതവിദ്യാഭ്യാസവേളയിലും അതിനുശേഷമുള്ള അവസരങ്ങളിലും അന്താരാഷ്ട്രതലത്തിൽ നടക്കേണ്ട വൈജ്ഞാനികവിനിമയത്തെ സുഗമമാക്കുന്നതിനുവേണ്ടിയാണത്.

ചക്രവാളവിഷയങ്ങളെ (frontier disciplines) ഭാഷയുമായി വിളക്കിച്ചേർക്കുമ്പോൾ പുതിയ 'മണിപ്രവാളഭാഷ' രൂപപ്പെടുന്നത് തികച്ചും സ്വാഭാവികമാണ്. അതിനെ നോക്കി നെറ്റി ചുളിച്ചതുകൊണ്ടോ പരിഹസിച്ചതുകൊണ്ടോ കാര്യമില്ല. ഭാഷയുടെ തനിമ, ക്ലാസിക്കൽഭാവം തുടങ്ങിയവ നഷ്ടപ്പെടുന്നു എന്ന് വിലപിച്ചിട്ടും കാര്യമില്ല. പ്രത്യേകവിഷയമേഖലകളിലെ സവിശേഷമായ ഉപയോഗത്തിനായി രൂപീകരിക്കപ്പെടുന്നവയാണ് ആ പദങ്ങൾ. അവ ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം പലപ്പോഴും ക്ലിഷ്ടവും അപ്രാപ്യവുമായിരിക്കും.

സംസ്കൃതാധിഷ്ഠിതപദങ്ങളെക്കൊണ്ട് നവീനവൈജ്ഞാനികമേഖലകളെ കൈകാര്യംചെയ്യാമെന്ന ധാരണയും യാഥാർഥ്യങ്ങൾക്ക് നിരക്കുന്നതല്ല. സംസ്കൃതജ്ഞാനമില്ലാത്തവർക്ക് ഇത്തരം പദങ്ങൾ പ്രത്യേകിച്ച് ഒരു അർഥബോധവും പകർന്നു നൽകുന്നുമില്ല. സി. എസ്. ടി. ടി. (Commission for Scientific and Technical Terminology) തയ്യാറാക്കിയ പദാവലികളെ മുൻനിർത്തി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ശബ്ദാവലികൾ നൽകിയ അനുഭവപാഠങ്ങൾ നമുക്കുമുന്നിലുണ്ട്.

മലയാളത്തിന്റെ വൈജ്ഞാനികപദവി

മലയാളത്തിന്റെ വൈജ്ഞാനികപദവിയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇന്ന് ഏറ്റവും ആശങ്കാജനകമായ കാര്യം സംസ്ഥാനത്ത് അധ്യയനമാധ്യമരംഗത്ത് സമീപകാലത്തായി സംഭവിച്ച പരിവർത്തനമാണ്. ഭൂരിഭാഗം വിദ്യാർഥികളും മാതൃഭാഷയെ നിരാകരിച്ച് ഇംഗ്ലീഷ് മാധ്യമവിദ്യാഭ്യാസത്തെ സ്വീകരിച്ചിരിക്കയാണ്. പുതിയ അറിവുൽപാദനം വിഷയത്തിൽ ആഴത്തിലുള്ള ജ്ഞാനം നേടുമ്പോഴാണ് സാധ്യമാവുകയെന്നതും, ഒരാൾക്ക് കാര്യങ്ങൾ ഏറ്റവും നന്നായി ഉൾക്കൊള്ളാൻ കഴിയുന്നത് സ്വന്തം ഭാഷയിലൂടെയാണെന്നുമുള്ള കാര്യം പരിഗണിക്കപ്പെടാതെ പോവുകയാണ്. ക്ലാസുകളിലില്ലാത്ത ഭാഷ വളരുകയോ വികസിക്കുകയോ ചെയ്യില്ല. നാളത്തെ കേരളത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഒരുവേള ഈ വിഷയമായിരിക്കും.

മലയാളത്തിന്റെ വൈജ്ഞാനികപദവി എന്നത് കേവലം ഭാഷയുടെ പദവിയുമായി ബന്ധപ്പെട്ട ഒന്നല്ല; മറിച്ച് നാളത്തെ കേരളത്തിന്റെ വൈജ്ഞാനിക അടിത്തറയുമായി ബന്ധപ്പെട്ട ഒന്നാണ്. ഭാഷ, മാതൃഭാഷ, വിജ്ഞാനം, വിജ്ഞാനഭാഷ, വിജ്ഞാനസമൂഹം തുടങ്ങിയ സങ്കൽപനങ്ങളിൽ പുതിയകാലം നൽകുന്ന തെളിച്ചങ്ങൾ നമുക്ക് കരുത്തായി മാറ്റാം. സമകാലിക വിനിമയാവശ്യങ്ങൾക്ക് ഉതകുംവിധത്തിൽ സമഗ്രമായ രീതിയിൽ ഭാഷയുടെ വളർച്ച കൈവരിക്കാൻ ബോധപൂർവമായ ശ്രമങ്ങൾക്ക് തുടക്കമിടാം. ഭാഷയുടെ നാളെയെ പരിഗണിച്ചുകൊണ്ടുള്ള ഭാഷാസൂത്രണനയവും പരിപാടികളും രൂപപ്പെടുത്താം. അതാകട്ടെ ഔദ്യോഗികതലത്തിലേക്കാൾ സാമൂഹികമായി ഉയർന്നുവരേണ്ടിയിരിക്കുന്നു. ■



മനുഷ്യർ ജീവിച്ച ദേശങ്ങളുടെയും അവർ തമ്മിൽ പുലർത്തിയ ബന്ധങ്ങളുടെയും അധ്വാനത്തിന്റെയും വിശ്വാസങ്ങളുടെയും ചരിത്രം ഭാഷയിൽ പതിഞ്ഞതിന്റെ അടയാളങ്ങളാണ്- പ്രാദേശിക ഭാഷാഭേദങ്ങൾ

ഒരു മലയാളം... പല മലയാളം...



ഒ വി വിജയൻ

"എന്തൂട്ടാ, ഇജ്ജ് ഇങ്ങനെ നോക്കണത്?"
"എന്തോന്നാടേ, നീയിത് പറയണത്?"
"എന്റെ പൊന്നേ, നിങ്ങളൊന്ന് അടങ്ങിക്കേ!"
"അത് കൊള്ളാം, ഇപ്പ ശരിയാക്കിത്തരാം!"

നാലു സംഭാഷണങ്ങൾ. ഒരുപക്ഷേ നാലു ദേശങ്ങൾ. വാക്കുകൾ മലയാളമാണ്. എന്നാൽ അവയുടെ താളം ഒന്നല്ല. ഉച്ചാരണത്തിന്റെ വളവുകൾ ഒന്നല്ല. ഓരോ വാക്കിനും പിന്നിൽ നിൽക്കുന്ന മനുഷ്യരുടെ ജീവിതാനുഭവങ്ങൾ പോലും ഒന്നല്ല. പാലക്കാടിന്റെ മണ്ണിൽ ഒരു വാക്കിന് നാട്ടിന്റെ ഗന്ധമുണ്ടാകാം. തൃശ്ശൂരിലെത്തുമ്പോൾ അതിന് പ്രത്യേക താളം കൈവരാം. കൊച്ചിയിൽ അത് തുറമുഖനഗരത്തിന്റെ ബഹുസ്വരതയുമായി കലരാം. വടക്കൻ മലബാറിൽ അതേ വികാരത്തിന് മറ്റൊരു ശബ്ദവും മറ്റൊരു പ്രയോഗവും ലഭിച്ചേക്കാം..

മലയാളത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നമുക്ക് ആദ്യം ഓർമ്മ വരുന്നത് അക്ഷരമാലയും വ്യാകരണവും പാഠപുസ്തകങ്ങളും പത്രത്താളുകളുമാണ്. എന്നാൽ മലയാളം അതിന്റെ ഏറ്റവും സ്വാഭാവികമായ സൗന്ദര്യം പുറത്തെടുക്കുന്നത് മനുഷ്യർ പരസ്പരം സംസാരിക്കുമ്പോഴാണ്. അമ്മ മകനെ വിളിക്കുമ്പോൾ, ചായക്കടയിൽ രാഷ്ട്രീയം പറയുമ്പോൾ, പാടത്തുനിന്ന് കർഷകൻ വീട്ടിലേക്ക് മടങ്ങുമ്പോൾ, കടൽപ്പുറത്ത് മീൻ വിലപേശൽ നടക്കുമ്പോൾ, തൊഴിലിടങ്ങളിൽ മനുഷ്യർ വിശേഷങ്ങൾ കൈമാറുമ്പോൾ. അപ്പോഴാണ് മലയാളം ജീവിതത്തിന്റെ ഭാഷയാകുന്നത്.

ഒരേ ഭാഷ സംസാരിക്കുന്നവരാണ് നമ്മൾ. എന്നിട്ടും പാലക്കാട്ടുകാരന്റെ മലയാളം തിരുവനന്തപുരത്തുകാരന്റേതിൽനിന്ന് വേറിട്ടുനിൽക്കുന്നു. കൊല്ലത്തും തൃശ്ശൂരിലും കോഴിക്കോട്ടും കണ്ണൂരിലും കാസർഗോഡും മലയാളം വ്യത്യസ്ത ശബ്ദങ്ങളിൽ ജീവിക്കുന്നു. ഇവയെല്ലാം പൊതുമലയാളത്തിന്റെ അതിരുകൾക്കുള്ളിലെ ചെറിയ വ്യതിയാനങ്ങളല്ല. മനുഷ്യർ ജീവിച്ച ദേശങ്ങളുടെയും അവർ തമ്മിൽ പുലർത്തിയ ബന്ധങ്ങളുടെയും അധ്വാനത്തിന്റെയും വിശ്വാസങ്ങളുടെയും ചരിത്രം ഭാഷയിൽ പതിഞ്ഞതിന്റെ അടയാളങ്ങളാണ്.

ഭാഷാശാസ്ത്രം ഈ വൈവിധ്യത്തെ പ്രാദേശികവും സാമൂഹികവുമായ ഭാഷാഭേദങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കുന്നു. സാവിത്രി നമ്പൂതിരിപ്പാടും മാർക്ക് ഗാരെലെക്കും ചേർന്ന് ജേർണൽ ഓഫ് ദി ഇന്റർനാഷണൽ ഫൊണറ്റിക് അസോസിയേഷനിൽ പ്രസിദ്ധീകരിച്ച പഠനം മലയാളത്തിലെ ഔപചാരിക ഭാഷയും സംസാരഭാഷയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നുണ്ട്. എഴുത്തിലും ഔപചാരിക സന്ദർഭങ്ങളിലും ഉപയോഗിക്കുന്ന ഭാഷാരൂപത്തിന് ഒരു പൊതുഘടനയുണ്ടെങ്കിലും സംസാരമലയാളത്തിന് ഒരൊറ്റ മാനക ലിപിരൂപമില്ലെന്നും അതിൽ പ്രാദേശികവും സാമൂഹികവുമായുള്ള വ്യത്യാസങ്ങളുണ്ടെന്നും അവർ ചൂണ്ടിക്കാട്ടുന്നു.



ഈ നിരീക്ഷണത്തിൽനിന്ന് ഒരു പ്രധാന കാര്യം മനസ്സിലാക്കാം. നാം എഴുതുന്ന മലയാളം ഭാഷയുടെ ഒരു രൂപമാണ്; മനുഷ്യർ സംസാരിക്കുന്ന മലയാളം അതിനെക്കാൾ വിശാലമായ ലോകമാണ്.

ഖസാക്കിന്റെ ഭാഷ
ഒരു ദേശം സാഹിത്യമായി മാറുമ്പോൾ

പ്രാദേശിക മലയാളത്തിന്റെ സാഹിത്യ സാധ്യതകളെക്കുറിച്ച് സംസാരിക്കുമ്പോൾ ഒ.വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം ഒരു നിർണായക വഴിത്തിരിവാണ്. പാലക്കാടൻ ഗ്രാമജീവിതത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന ഖസാക്ക് ഒരു സാങ്കൽപ്പിക ദേശമാണെങ്കിലും അതിന്റെ ഭാഷയ്ക്കും വിശ്വാസങ്ങൾക്കും മനുഷ്യബന്ധങ്ങൾക്കും ജീവിക്കുന്ന ഒരു പ്രദേശത്തിന്റെ സ്വാഭാവികതയുണ്ട്.

വിജയന്റെ നേട്ടം നാട്ടുഭാഷയിലെ വാക്കുകൾ സാഹിത്യത്തിൽ ഉപയോഗിച്ചു എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഒരു ദേശത്തിന്റെ വിശ്വാസങ്ങളും ഐതിഹ്യങ്ങളും



എം.ടി. വാസുദേവൻ നായർ, സാറാ ജോസഫ്, എം. മുകുന്ദൻ

ഭയങ്ങളും ആഗ്രഹങ്ങളും മനുഷ്യരുടെ സംഭാഷണങ്ങളും ചേർന്ന് ഒരു സമ്പൂർണ സാഹിത്യലോകം സൃഷ്ടിക്കാമെന്ന് അദ്ദേഹം തെളിയിച്ചു. ഖസാക്കിലെ മനുഷ്യർ സംസാരിക്കുന്നത് വ്യാകരണപുസ്തകത്തിലെ വാക്യങ്ങൾ പോലെയല്ല. അവരുടെ ഭാഷയിൽ നാട്ടറിവും നാടോടിക്കഥകളും പരിഹാസവും ജീവിതത്തിന്റെ അനിശ്ചിതത്വവുമുണ്ട്. ആ ഭാഷയെ പൊതുമലയാളത്തിന്റെ അച്ചിൽ വാർത്തിരുന്നെങ്കിൽ ഖസാക്കിന്റെ ആത്മാവ് തന്നെ ചോർന്നുപോകുമായിരുന്നു.

എം.ടി.യും വള്ളുവനാടൻ ഭാഷയുടെ സാഹിത്യപ്രഭാവവും

എം.ടി. വാസുദേവൻ നായരുടെ രചനകളിൽ വള്ളുവനാടൻ ദേശത്തിന്റെ ഭാഷയും സാമൂഹികജീവിതവും ഓർമകളും പ്രത്യേക സ്ഥാനമലങ്കരിക്കുന്നു. നാലുകെട്ട്, കാലം, അസുരവിത്ത് തുടങ്ങിയ കൃതികളിൽ കുടുംബബന്ധങ്ങളും അധികാരവും അപമാനവും ഏകാന്തതയും ദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലവുമായി ചേർന്നുനിൽക്കുന്നു. എം.ടി.യുടെ സംഭാഷണങ്ങളുടെ ശക്തി അവയുടെ മിതത്വത്തിലും നിശ്ശബ്ദതകളിലുമാണ്. എം.ടി.യുടെ രചനകൾക്കും തിരക്കഥകൾക്കും ലഭിച്ച ജനപ്രീതി വള്ളുവനാടൻ ഭാഷാശൈലിയെ കേരളത്തിന്റെ പൊതുസാംസ്കാരികബോധത്തിൽ കൂടുതൽ പരിചിതമാക്കി. എന്നാൽ ഒരു എഴുത്തുകാരൻ തന്റെ ദേശത്തിന്റെ ഭാഷയ്ക്ക് സാഹിത്യപരമായ അംഗീകാരം നേടിക്കൊടുക്കുമ്പോൾ, ആ ഭാഷാശൈലി പിന്നീട് പൊതുവായ സാഹിത്യഭാഷയുടെ മാതൃകയായി മാറാനുള്ള സാധ്യതയുമുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ടത് എം.ടി.യുടെ ഭാഷയുടെ മേന്മയെ ചോദ്യം ചെയ്യുകയല്ല; മറ്റുള്ള ദേശങ്ങളുടെ ഭാഷകൾക്ക് സമാനമായ അംഗീകാരം ലഭിച്ചിരുന്നോ എന്ന് അന്വേഷിക്കുകയാണ്.

സാറാ ജോസഫ്
തൃശൂരിന്റെ ഭാഷയും അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതവും

തൃശ്ശൂരിന്റെ പ്രാദേശിക ഭാഷയെ അതിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലത്തിൽ വായിക്കാൻ സാറാ ജോസഫിന്റെ ആലാഹയുടെ പെണ്മക്കൾ പ്രധാനപ്പെട്ട കൃതിയാണ്. കൊക്കാഞ്ചിറയിലെ ഭാഷ കഥാപാത്രങ്ങളുടെ സംഭാഷണത്തിന് പ്രാദേശിക നിറം നൽകുന്നതിലുപരി അവരുടെ സാമൂഹികസ്ഥാനവും അനുഭവങ്ങളും വെളിപ്പെടുത്തുന്നു. പൊതുമലയാളത്തിന്റെ അധികാരകേന്ദ്രങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെട്ട മനുഷ്യരുടെ ജീവിതം അവരുടെ സ്വന്തം ഭാഷയിൽ പറയാനുള്ള ശ്രമമാണത്. ദലിത് ക്രൈസ്തവ സമൂഹത്തിന്റെ അനുഭവങ്ങളും സ്ത്രീകളുടെ ജീവിതവും ജാതിയും മതവും അധികാരവും തമ്മിലുള്ള സംഘർഷങ്ങളും നോവലിൽ ഭാഷയിലൂടെ തന്നെ പ്രകടമാകുന്നു. ഈ കൃതിയിലെ ഭാഷയുടെ രാഷ്ട്രീയത്തെക്കുറിച്ചുള്ള നിരൂപണങ്ങളും പ്രാദേശിക ഭാഷയുടെ ഉപയോഗം സാമൂഹികമായ പ്രതിരോധത്തിന്റെ ഒരു രൂപമായി പ്രവർത്തിക്കുന്നുവെന്ന് നിരീക്ഷിക്കുന്നു. ഒരു സ്ത്രീ സ്വന്തം അനുഭവം പറയുമ്പോൾ അവൾ തിരഞ്ഞെടുക്കുന്ന വാക്കുകൾക്കൊപ്പം അവൾക്ക് സംസാരിക്കാൻ കഴിയുന്ന സാമൂഹിക ഇടവും പ്രധാനമാണ്. ആരുടെ മുന്നിൽ മിണ്ടാതിരിക്കണം, ആരോട് എതിർക്കാം, ആരാണ് അവളുടെ വാക്കുകളെ ഗൗരവത്തോടെ കേൾക്കുന്നത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഭാഷയുടെ സാമൂഹിക രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാറാ ജോസഫിന്റെ രചനകളിൽ പ്രാദേശിക ഭാഷ ഈ മനുഷ്യാനുഭവങ്ങളുടെ ഭാഗമാണ്.

മുകുന്ദന്റെ മയ്യഴിയും പൊറ്റെക്കാട്ടിന്റെ കോഴിക്കോടും

മയ്യഴി വെറുമൊരു ഭൂപ്രദേശമല്ല. ഫ്രഞ്ച് ഭരണത്തിന്റെ ചരിത്രം, സാംസ്കാരിക ഇടപെടലുകൾ, രാഷ്ട്രീയ മാറ്റങ്ങൾ, കുടുംബബന്ധങ്ങൾ, മനുഷ്യരുടെ പ്രതീക്ഷകൾ നഷ്ടങ്ങൾ എന്നിവയെല്ലാം ചേർന്നാണ് അത് സാഹിത്യത്തിൽ ജീവിക്കുന്നത്.

മയ്യഴിയുടെ ഭാഷയെ ഒരു പ്രത്യേക ഉച്ചാരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവചിക്കാനാവില്ല. അവിടത്തെ സാംസ്കാരിക ചരിത്രവും വിവിധ ഭാഷകളുമായുള്ള സമ്പർക്കവും മനുഷ്യരുടെ ഓർമകളും ചേർന്നാണ് അതിന്റെ വ്യക്തിത്വം രൂപപ്പെടുന്നത്. മുകുന്ദന്റെ രചനകളിൽ ദേശം കഥാപാത്രങ്ങളുടെ ജീവിതത്തെ സ്വാധീനിക്കുന്നതുപോലെ കഥാപാത്രങ്ങളും ദേശത്തിന്റെ ഓർമ്മകളെ പുനർനിർമ്മിക്കുന്നു.

എസ്.കെ. പൊറ്റെക്കാട്ടിന്റെ 'ഒരു തെരുവിന്റെ കഥ' കോഴിക്കോട് നഗരത്തിന്റെ സാമൂഹികജീവിതത്തെ മനുഷ്യരുടെ അനുഭവങ്ങളിലൂടെ അവതരിപ്പിക്കുന്നു. തെരുവ് ഇവിടെ വെറുമൊരു ഭൗതിക ഇടമല്ല. അവിടത്തെ മനുഷ്യരുടെ വരവും പോക്കും കച്ചവടവും സംഭാഷണങ്ങളും ബന്ധങ്ങളും ചേർന്നാണ് അത് കഥയാകുന്നത്. നഗരത്തിന്റെ ഭാഷ അതിന്റെ ചരിത്രത്തിൽനിന്ന് വേർപെടുത്താനാവില്ലെന്ന തിരിച്ചറിവാണ് ഈ രചനയുടെ പ്രസക്തി.

ഇവരുടെ കൃതികളെല്ലാം ഒരേ അർഥത്തിൽ പ്രാദേശിക ഭാഷയുടെ രേഖപ്പെടുത്തലുകളാണെന്ന് പറയാനാവില്ല. എന്നാൽ സാഹിത്യത്തിൽ ദേശം, മനുഷ്യർ, സംഭാഷണം എന്നിവ തമ്മിലുള്ള ബന്ധം എങ്ങനെ രൂപപ്പെടുന്നു എന്ന് മനസ്സിലാക്കാൻ അവ സഹായിക്കുന്നു.

വൈക്കം മുഹമ്മദ് ബഷീറിനെയും ഇവിടെ ഓർക്കണം. 'പാത്തുമ്മായുടെ ആട്' പോലുള്ള കൃതികളിൽ ദൈനംദിന സംഭാഷണവും കുടുംബത്തിലെ കലഹങ്ങളും സാധാരണ മനുഷ്യരുടെ വാക്കുകളും സാഹിത്യത്തിന്റെ സ്വാഭാവിക മാധ്യമമാ



എസ് കെ പൊറ്റക്കാട്, വൈക്കം മുഹമ്മദ് ബഷീർ

കന്നഡ. സംസാരഭാഷയ്ക്ക് സാഹിത്യത്തിൽ പ്രവേശിക്കാൻ പ്രത്യേകമായ മിനുക്കുപണികൾ ആവശ്യമില്ലെന്ന് ബഷീർ കാണിച്ചുതന്നു. അദ്ദേഹത്തിന്റെ ഭാഷയുടെ ശക്തി അതിന്റെ സ്വാഭാവികതയിലും നർമ്മത്തിലും മനുഷ്യരുടെ ജീവിതത്തോടുള്ള അടുപ്പത്തിലുമാണ്.

തമിഴും കന്നഡയും
അതിർത്തികൾ കടന്നെത്തിയ വാക്കുകൾ

മലയാളത്തിന്റെ പ്രാദേശിക വൈവിധ്യം മനസ്സിലാക്കാൻ തമിഴുമായും കന്നഡയുമായും അതിനുള്ള ബന്ധം പരിശോധിക്കണം. മലയാളവും തമിഴും ദ്രാവിഡഭാഷാകുടുംബത്തിലെ അടുത്ത ബന്ധമുള്ള ഭാഷകളാണ്. അവയുടെ ചരിത്രപരമായ ബന്ധം പദസമ്പത്തിലും ശബ്ദഘടനയിലും വ്യാകരണത്തിലും പ്രതിഫലിക്കുന്നു.

കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലും പാലക്കാടിന്റെ അതിർത്തിമേഖലകളിലും തമിഴുമായുള്ള ദീർഘകാല സമ്പർക്കത്തിന്റെ അടയാളങ്ങൾ കാണാം. വ്യാപാരം, കൃഷി, തൊഴിൽ, കുടുംബബന്ധങ്ങൾ, ആരാധനാപാരമ്പര്യങ്ങൾ എന്നിവ ഭാഷകളെ പരസ്പരം സ്വാധീനിച്ചിട്ടുണ്ട്. ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് വാക്കുകൾ കടന്നുവരുന്നു; ചിലപ്പോൾ ആ വാക്കുകളുടെ ഉച്ചാരണവും അർത്ഥവും ഉപയോഗവും പുതിയ പ്രദേശത്ത് മാറുന്നു. ഇതൊരു ഭാഷയുടെ ദൗർബല്യമല്ല. മനുഷ്യർ പരസ്പരം ഇടപഴകുമ്പോൾ ഭാഷകൾ സ്വാഭാവികമായി നടത്തുന്ന കൈമാറ്റമാണ്.

കന്നഡയുമായുള്ള ബന്ധം വടക്കൻ കേരളത്തിൽ, പ്രത്യേകിച്ച് കാസർഗോഡിന്റെ ചില ഭാഗങ്ങളിൽ, പ്രധാനമാണ്. മലയാളം, കന്നഡ, തുളു തുടങ്ങിയ ഭാഷകൾ ദീർഘകാലമായി സമ്പർക്കത്തിലിരിക്കുന്ന ഈ പ്രദേശങ്ങളിൽ ഭാഷകൾ പരസ്പരം സ്വാധീനിക്കുക മാത്രമല്ല, ചില സന്ദർഭങ്ങളിൽ പുതിയ കലർന്ന സംസാരരീതികൾ രൂപപ്പെടുകയും ചെയ്യുന്നു.

കാസർഗോഡിലെ എല്ലാ സംസാരരീതികളെയും ഒരൊറ്റ ഭാഷാഭേദമായി കാണാനാവില്ല. പ്രദേശവും സമൂഹവും അനുസരിച്ച് അവയുടെ സ്വഭാവം മാറുന്നു. എന്നാൽ ഈ വൈവിധ്യം നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യമുണ്ട്: ഭാഷകൾക്ക് രാഷ്ട്രീയ അതിർത്തികളുണ്ടാകാം, മനുഷ്യരുടെ സംസാരത്തിന് അത്തരം അതിരുകൾ എല്ലായ്പ്പോഴും ബാധകമല്ല.

ഭാഷയുടെ മാനകവൽക്കരണം ചില ഭാഷാരൂപങ്ങൾക്ക് കൂടുതൽ അംഗീകാരം നൽകുകയും മറ്റു ചിലതിനെ പ്രാദേശികമോ അപരിഷ്കൃതമോ ആയി മുദ്രകുത്തുകയും ചെയ്യാം

വടകര മുതൽ തിരുവനന്തപുരം വരെ
സംസാരത്തിന്റെ സ്വന്തം താളം

വടകരയിലെയും കണ്ണൂരിലെയും മലബാർ സംസാരരീതികൾക്ക് അവയുടേതായ പദസമ്പത്തും താളവുമുണ്ട്. മാപ്പിള മലയാളത്തിന്റെ ചരിത്രം അറബ് വ്യാപാരബന്ധങ്ങളോടും മലബാറിലെ മുസ്ലിം സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യങ്ങളോടും ചേർന്നുനിൽക്കുന്നു. അറബി-മലയാളം എന്ന ലിപി പാരമ്പര്യവും മാപ്പിളപ്പാട്ടുകളും വാമൊഴിക്കഥകളും ഈ ഭാഷാലോകത്തിന്റെ സമ്പന്നത വ്യക്തമാക്കുന്നു.

തൃശ്ശൂരിന്റെ ഭാഷയെ നർമ്മത്തിന്റെ ഭാഷയായി മാത്രം ചുരുക്കുന്നതും തിരുവനന്തപുരത്തിന്റെ സംസാരത്തെ സിനിമയിലെ ഹാസ്യകഥാപാത്രങ്ങളുമായി മാത്രം ബന്ധിപ്പിക്കുന്നതും ഇതേ വൈവിധ്യത്തെ പരിമിതപ്പെടുത്തുന്നു.

കൊച്ചിയുടെ കാര്യത്തിലും ഒരൊറ്റ ഭാഷാഭേദം എന്ന ധാരണ ഒഴിവാക്കണം. തുറമുഖവും വ്യാപാരവും കുടിയേറ്റങ്ങളും പലതരം സാമൂഹികസമൂഹങ്ങളും ചേർന്ന നഗരത്തിൽ സംസാരരീതികൾ തൊഴിൽ, പ്രദേശം, കുടുംബപശ്ചാത്തലം എന്നിവയനുസരിച്ച് മാറുന്നു. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, നഗരത്തിലെ മറ്റു ഭാഗങ്ങൾ എന്നിവിടങ്ങളിലെ സംസാരത്തെ ഒരേ മാതൃകയിൽ ഒതുക്കാനാവില്ല.

ഏതാണ് ശരിയായ മലയാളം?

ഈ വൈവിധ്യത്തിനിടയിലാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഉയരുന്നത്. ഏതാണ് ശരിയായ മലയാളം?

വിദ്യാഭ്യാസത്തിനും ഭരണത്തിനും പൊതുവായ ആശയവിനിമയത്തിനും ഒരു മാനകഭാഷ ആവശ്യമാണ്. എന്നാൽ അതിന്റെ ആവശ്യകതയെ ഒരു പ്രത്യേക സംസാരരീതിയുടെ മേന്മയായി വ്യാഖ്യാനിക്കുന്നത് പ്രശ്നമാണ്. ഭാഷയുടെ മാനകവൽക്കരണം ചില ഭാഷാരൂപങ്ങൾക്ക് കൂടുതൽ അംഗീകാരം നൽകുകയും മറ്റു ചിലതിനെ പ്രാദേശികമോ അപരിഷ്കൃതമോ ആയി മുദ്രകുത്തുകയും ചെയ്യാം.

നമ്മൾ സംരക്ഷിക്കേണ്ടത് മാറ്റമില്ലാത്ത ഒരു മലയാളത്തെയല്ല. മനുഷ്യരുടെ ജീവിതത്തോടൊപ്പം മാറിക്കൊണ്ടിരിക്കുന്ന മലയാളത്തിന്റെ സമ്പന്നതയെയാണ്. അച്ചടിഭാഷ നമ്മുടെ പൊതുവായ ഇടമാകട്ടെ. എന്നാൽ ആ ഇടത്തിലേക്ക് പ്രവേശിക്കാൻ ആരും സ്വന്തം നാടിന്റെ ഉച്ചാരണം ഉപേക്ഷിക്കേണ്ടിവരരുത്. ഒരു ഭാഷയുടെ സൗന്ദര്യം എല്ലാവരും ഒരേ ശബ്ദത്തിൽ സംസാരിക്കുന്നതിലല്ല, വ്യത്യസ്ത ശബ്ദങ്ങൾക്കിടയിലും പരസ്പരം മനസ്സിലാക്കാൻ കഴിയുന്നതിലാണ്.

മലയാളം ഒരു നദിയാണെങ്കിൽ അതിലേക്ക് ഒഴുകിയെത്തുന്ന ഓരോ പ്രാദേശിക അരുവിയും അതിന്റെ ഭാഗമാണ്. തമിഴിന്റെയും കന്നഡയുടെയും സ്വാധീനങ്ങൾ, വിവിധ മതസമൂഹങ്ങളുടെ പാരമ്പര്യങ്ങൾ, കർഷകരുടെയും തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും സ്ത്രീകളുടെയും അനുഭവങ്ങൾ എന്നിവയെല്ലാം അതിന്റെ ഒഴുക്കിനെ സമ്പന്നമാക്കിയിട്ടുണ്ട്. ആ ഒഴുക്കിനെ ഒരേ ചാലിലേക്ക് തിരിച്ചുവിടുന്നതല്ല ഭാഷാസംരക്ഷണം. അതിന്റെ ഓരോ കൈവഴിയെയും തിരിച്ചറിയുകയും രേഖപ്പെടുത്തുകയും ആദരിക്കുകയും ചെയ്യുകയാണ്.

മലയാളത്തിന്റെ ഭാവി അതിന്റെ ഏകതാനതയിലല്ല, അതിന്റെ ബഹുസ്വരതയിലാണ്. ■

നൂറ്റിമുപ്പതിലേറെ എണ്ണം പറഞ്ഞ ബംഗാളികൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് ബംഗാൾ സാഹിത്യം മലയാളിക്ക് പ്രിയകരമാക്കിയ വിവർത്തക ലീലാ സർക്കാരുമായി ലോകപ്രശസ്തമായ ഒട്ടേറെ കൃതികൾ മലയാളത്തിലേക്ക് ഇതിനോടകം വിവർത്തനം ചെയ്ത പുതുതലമുറ എഴുത്തുകാരിയും കോളമിസ്റ്റും ഡെപ്യൂട്ടി കളക്ടറുമായ സി കബനി നടത്തിയ അഭിമുഖം

വംഗനാടിന്റെ മലയാണ്മയറിഞ്ഞ വിവർത്തക

ഏറെക്കാലത്തെ മോഹത്തിനു ശേഷം രണ്ടുവർഷം മുമ്പാണ് ഞാൻ കൊൽക്കത്തയിലേക്ക് ആദ്യമായി പോകുന്നത്. അതും ഒരു ദുർഗാപൂജാക്കാലത്ത്. എങ്ങും മുടിയഴിച്ചിട്ട ദുർഗമാർ. പട്ടുകുറ്റൻ പൂജാപന്തലുകളിലേക്ക് ഒഴുകുന്ന ജനം. എനിക്കേറ്റവും ഇഷ്ടമുള്ള നാടും നാട്ടുകാരും. ഹൗറാപാലം, കടുകരച്ചു വെച്ച ഹിൽസമീൻ, ചീരക്കറി, തോൾപ്പട്ടയ്ക്കു കീഴെ തുറക്കുന്ന ചിത്രപ്പണി ചെയ്ത കുർത്തകൾ, സുമംഗലികളുടെ ചുവപ്പുകരയുള്ള വെള്ള പ്പുടവ, ശംഖുവളകൾ, ശാന്തിനികേതൻ, ശാന്തയായൊഴുകുന്ന ഗംഗ, രവീന്ദ്രസംഗീതം, ബേലൂർ മഠം... ലീലാ സർക്കാരിന്റെ ബംഗാളിവിവർത്തനങ്ങളിലൂടെ കൂട്ടിക്കാലത്തേ പരിചയപ്പെട്ടതാണ ബംഗാളി ജീവിതം

കൊടകര സ്വദേശി കെ.കെ. മേനോന്റെയും തൊട്ടിപ്പാൾ അമ്മിണിയമ്മയുടെയും മകൾ ലീലാ മേനോൻ ദീപേഷ് സർക്കാറിനെ വിവാഹംകഴിച്ച് ബംഗാളിന്റെ മരുമകളായപ്പോൾ മലയാളത്തിന് ബംഗാൾ സാഹിത്യലോകം തനിമയോടെ ആസ്വദിക്കാനുള്ള വഴി കൂടി തുറക്കുകയായിരുന്നു.

അക്കാദമി പുരസ്കാരങ്ങളുടക്കം ഒട്ടേറെ പുരസ്കാരങ്ങൾ വിവർത്തനസാഹിത്യരംഗത്തെ പ്രവർത്തനങ്ങൾക്ക് അവരെ തേടിയെത്തി. നൂറ്റിമുപ്പതിലേറെ എണ്ണം പറഞ്ഞ ബംഗാളികൃതികളും ഒരു ബംഗാളി-മലയാളം നിഘണ്ടുവുമൊക്കെയായി വംഗനാടിന്റെ സാഹിത്യലോകത്തെ ആത്മാശം ചോരാതെ മലയാളത്തിലെത്തിച്ച പ്രിയവിവർത്തക 92-ാം വയസ്സിലും തുടരുന്ന തന്റെ എഴുത്തിനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സംസാരിക്കുന്നു.

അതിവിശിഷ്ടമായ സാഹിത്യപാരമ്പര്യമാണ് ബംഗാളിഭാഷയുടേത്. ആദ്യകാലം നിർവചിച്ചത് ടഗോറും ശരത്ചന്ദ്രനും ബങ്കിംചന്ദ്രനുമാണ്. രണ്ടാം ഘട്ടത്തിൽ മൂന്നു ബന്ദ്യോപാധ്യായമാർ (വിഭൂതിഭൂഷൺ, താരാശങ്കർ, മണിക്) പിന്നീട് ശീർഷേന്ദു മുഖോപാധ്യായയും മറ്റും. ഈ മൂന്നുഘട്ടത്തിലെയും ഏതാണ്ടെല്ലാ എഴുത്തുകാരെയും താങ്കൾ മലയാളത്തിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. എങ്ങനെയാണ് വിവർത്തനത്തിനായി എഴുത്തുകാരെ തിരഞ്ഞെടുക്കുന്നത്?

ബംഗാളി ഭാഷ എളുപ്പത്തിൽ പഠിച്ചെങ്കിലും ബംഗാളിസാഹിത്യത്തിൽ വളരെ കുറച്ച്



സി കബനി

പരിചയമേ ഉണ്ടായിരുന്നുള്ളൂ. അതുവെച്ച് പരമാവധി വായിച്ചുകൊണ്ടിരുന്നു. അന്ന് 'ദേശ്' എന്നൊരു മാസികയുണ്ടായിരുന്നു, ആനന്ദബസാർ പത്രികയിൽ നിന്ന്. പ്രമുഖ എഴുത്തുകാരുടെ തുടർക്കഥകളും ചെറുകഥകളും 'ദേശി'ൽ വായിച്ചു തുടങ്ങി. പലതിനും നമ്മുടെ നാടുമായും, ഭാഷയും ജീവിതവുമായും അടുപ്പമുള്ളതായി തോന്നി. അങ്ങനെയാണ് ബംഗാളിസാഹിത്യം പരിചിതവും പ്രിയപ്പെട്ടതുമായിമാറുന്നത്. ഇവയെല്ലാം വിവർത്തനം ചെയ്തു മലയാളത്തിലെത്തിച്ചാലോ എന്നായി ആലോചന. പക്ഷേ എഴുത്തുകാരുടെ അനുവാദം വേണ്ടേ. അതിനൊന്നുമുള്ള ധൈര്യം ഉണ്ടായിരുന്നില്ല. എങ്കിലും എനിക്ക് ഏറെ ഇഷ്ടമായതെല്ലാം വെറുതെ വിവർത്തനം ചെയ്തു. അന്ന് ദൂരദർശനിൽ ബുദ്ധദേവ് ഗുഹയുടെ കഥകൾ സീരിയലായി വന്നിരുന്നു.. ഗുഹയുടെ മിക്കവാറും കഥകൾ ഗാർഹിക പശ്ചാത്തലമുള്ളതാണ്,. അവയിൽ ചിലതെല്ലാം വിവർത്തനം ചെയ്തു വെച്ചു. എന്നിട്ടും അനുവാദം ചോദിക്കാൻ എനിക്കു പേടിയായിരുന്നു. ഗുഹയാകട്ടെ പേരുകേട്ട എഴുത്തുകാരനും ചാർട്ടേഡ് അക്കൗണ്ടന്റും. എന്നാലും ഒടുക്കം ധൈര്യം സംഭരിച്ച് 'ദേശി'ൽ കണ്ട അദ്ദേഹത്തിന്റെ ഓഫീസ്



ലീലാ സർക്കാർ



മേൽലാസത്തിൽ അനുവാദം ചോദിച്ച് കത്തയച്ചു. 'വിരോധമില്ല, എനിക്കും കൂടെ പേരു കിട്ടുന്ന കാര്യമല്ലേ' - അദ്ദേഹത്തിന്റെ മറുപടി താമസിയാതെ വന്നു. തുടർന്ന് അവ മാതൃഭൂമിയിലും കലാകൗമുദിയിലും ജനയുഗത്തിലുമായി അച്ചടിച്ചു വരാൻ തുടങ്ങി.

അന്ന് മലയാളത്തിൽ മറ്റ് ബംഗാളി വിവർത്തനങ്ങൾ വന്നു തുടങ്ങിയിരുന്നുവോ?

അന്ന് രവിവർമയും മറ്റും ചെയ്തിരുന്നത് വലിയ നോവലുകളുടെ വിവർത്തനമാണ് ശങ്കറിന്റെ 'ചൗരംഗി' പോലുള്ളവ. അതുകൊണ്ടുതന്നെ എന്റെ കഥാവിവർത്തനങ്ങൾ എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് പേടിയുണ്ടായിരുന്നു. മാതൃഭൂമി എഡിറ്ററായിരുന്ന എൻ വി കൃഷ്ണവാരിയർ എനിക്ക് അച്ഛനെ പോലെ ആയിരുന്നു. അയച്ചോളൂ എന്നദ്ദേഹം പ്രോത്സാഹിപ്പിച്ചു. അദ്ദേഹം പിന്നീട് 'കുങ്കുമത്തിലെത്തിയപ്പോൾ അവിടെയും കഥകൾ വന്നു തുടങ്ങി. കഥകൾ അവിടവിടെയായി വന്നു തുടങ്ങിയപ്പോൾ അവ പുസ്തകമാക്കണം എന്ന തോന്നലുണ്ടായി. ആദ്യം ബുദ്ധദേവിന്റെ പുസ്തകം തന്നെയാണ വന്നത്, 'രണ്ടാം നമ്പർ' കള്ളപ്പണമാണ് അതിന്റെ പ്രമേയം. പ്രസിദ്ധീകരിക്കാനുള്ള അനുമതി കിട്ടാൻ ഏറെ ബുദ്ധിമുട്ടി.. അതേ തുടർന്ന് 'രക്തം' എന്ന കഥാസമാഹാരം പുറത്തിറങ്ങി.

അങ്ങനെയിരിക്കെയാണ് മഹാശ്വേതാദേവിക്ക് അക്കാദമിപുരസ്കാരം ലഭിച്ച 'ആരണ്യത്തിന്റെ അധികാരം'. വിവർത്തനം ചെയ്യാൻ തുടങ്ങിയത്. അതിന് എനിക്ക് അക്കാദമിപുരസ്കാരം ലഭിക്കുകയും ചെയ്തു.

കൈ കൊണ്ടെഴുതിയുണ്ടാക്കുന്ന വിവർത്തനങ്ങൾ നഷ്ടപ്പെട്ടുപോകരുതെന്ന ആഗ്രഹമാണ് അവ പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നതിലേക്കു നയിച്ചത്. പുസ്തകമാക്കാത്ത ചിലത് അബദ്ധത്തിൽ നഷ്ടപ്പെട്ടു പോയിട്ടുമുണ്ട്.

മൂലകൃതിയിൽ നിന്നാണല്ലോ വിവർത്തനം ചെയ്യുന്നത്, എഴുത്തുകാരുമായി നേരിട്ട് സംവദിക്കാറുണ്ടോ?

ബുദ്ധദേവ് ഗുഹയുമായി നല്ല ബന്ധമുണ്ടായിരുന്നു. ബിമൽ കറിന്റെ കേന്ദ്രസാഹിത്യഅക്കാദമി പുരസ്കാരം നേടിയ 'അസമയം', എൻ വി കൃഷ്ണവാരിയർ ഉടനെ മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കാം എന്നു പറഞ്ഞു. ബിമൽകറുമായി പക്ഷേ കുറേ നാളത്തേക്ക് യാതൊരു ആശയവിനിമയവും സാധ്യമായില്ല. പിന്നീട് അദ്ദേഹത്തെ അടുത്തറിയാവുന്ന ഒരാൾ വഴി ബന്ധപ്പെട്ടപ്പോൾ വിവർത്തനം ചെയ്യാൻ അനുവാദത്തിന്റെ ആവശ്യമേയില്ലല്ലോ എന്നാണ് പറഞ്ഞത്. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നത് പൊതുവേ ബംഗാളി എഴുത്തുകാർക്കെല്ലാം സന്തോഷമുള്ള കാര്യമായിരുന്നു പ്രതിഫലത്തിന്റെ കാര്യത്തിൽ ആരും കർക്കശരായിരുന്നില്ല. രമാപദ ചൗധരിയുടെ അഭിമന്യു, തിരക്കിൽ ഒരല്പം ഇടം, ഹൃദയം, ഖാരിജി എന്നിങ്ങനെ നിരവധി കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. പ്രതിഫലം അയച്ചു കിട്ടിയാൽ അദ്ദേഹം വിഷമത്തോടു കൂടിയാണ് അതേപ്പറ്റി പറയാറുള്ളത്.

മഹാശ്വതാദേവിയുടെയും ആശാപൂർണാദേവിയുടെയും കൃതികൾ വിവർത്തനം ചെയ്യാൻ ആവശ്യപ്പെട്ടത് നാഷണൽ ബുക്ക് ട്രസ്റ്റ് ഇന്ത്യയാണ്. മഹാശ്വേതാദേവിയുടെ ജീവിതപങ്കാളിയായിരുന്ന ബിജാൻ ഭട്ടാചാര്യയ്ക്ക് എന്റെ ഭർത്താവ് സർക്കാരിന്റെ കുടുംബവുമായി ബന്ധമുണ്ട്. മഹാശ്വേതയുടെ 'അമ്മ' അവരുടെ മകൻ മരിച്ചതുമായി ബന്ധപ്പെട്ടെഴുതിയതാണ്. അത് വിവർത്തനം ചെയ്തത് വ്യക്തിപരമായ വിഷമമുണ്ടാക്കി.

ആശാപൂർണാദേവിയുമായി യാതൊരു ബന്ധവുമില്ലായിരുന്നു. വർഷങ്ങളോളം വീട്ടിനുള്ളിൽ തന്നെ ജീവിച്ച ഒരന്തർമുഖയായിരുന്ന അവർ. ഓരോരോരു ത്തർക്കും ഓരോ തരം ജീവിതമാണല്ലോ.

സത്യജിത് റായിയെ മിക്കവരും അറിയുന്നത് ചലച്ചിത്രകാരനായാണ്. അതിലും കവിഞ്ഞ അദ്ദേഹത്തിന്റെ വ്യക്തിത്വം പുറത്തു കൊണ്ടുവരുന്ന നിരവധി പുസ്തകങ്ങൾ താങ്കൾ വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹവുമായുള്ള ബന്ധത്തെ കുറിച്ചു പറയാമോ

എന്തെഴുതിച്ചോദിച്ചാലും പെട്ടെന്നു മറുപടി തരുന്ന ആളായിരുന്നു സത്യജിത് റായ്. തിങ്കളാഴ്ച അദ്ദേഹത്തിനു കത്തയച്ചാൽ വെള്ളിയാഴ്ചക്കുള്ളിൽ മറുപടിക്കത്ത് കിട്ടിയിരിക്കും. രണ്ടു വാക്കേ ഉള്ളെങ്കിൽ പോലും സ്വന്തം കൈപ്പടയിൽ നന്നുനന്ന കടലാസിൽ അദ്ദേഹം തന്നെ അത് എഴുതിയയ്ക്കും. 1989ൽ കൽക്കത്ത സന്ദർശനത്തിനിടയിൽ അദ്ദേഹത്തെ വീട്ടിൽ പോയിക്കണ്ടു. ഒരു ശസ്ത്രക്രിയയ്ക്കു ശേഷം അദ്ദേഹം അമേരിക്കയിൽ നിന്നു തിരിച്ചെത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ആദ്യത്തെ ദിവസം കാണാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ മകൻ സമ്മതിച്ചില്ല. ഒഡീഷാ മുഖ്യമന്ത്രി അദ്ദേഹത്തെ കാണാൻ വരുന്നുണ്ടായിരുന്നു. കാര്യം പറയുന്നതിനിടയിൽ റായ് അകത്തു നിന്നു വിളിച്ചു ചോദിച്ചു. ആരാണവിടെ? ഒരു ലീലാ സർക്കാർ എന്ന് മകൻ പറഞ്ഞു. (പിന്നീട് ഏറെ പ്രശസ്തനായ സന്ദീപ് റായിയായിരുന്നു അത്.) ലീലാസർക്കാരാണോ, അകത്തേക്കു വരൂ എന്നായി സത്യജിത്ത് റായ്. അദ്ദേഹത്തോടു ബംഗാളിയിൽ തന്നെയാണു ഞാൻ സംസാരിച്ചത്. അന്നെനിക്ക് ബോംബെയിലെ ജഹാംഗീർ ആർട് ഗ്യാലറിയിൽ ജോലിയുണ്ട്. ഭാരതത്തിലെ എല്ലാ തരത്തിലുള്ള കലാകാരന്മാരെയും പറ്റി ഗ്യാലറി തയ്യാറാക്കിയ സചിത്രപുസ്തകം ഞാൻ അദ്ദേഹത്തിനു സമ്മാനിച്ചു. അദ്ദേഹത്തിനതു വലിയ സന്തോഷമായി.

മഹാരാഷ്ട്രയിൽ താമസിച്ചാണല്ലോ ബംഗാളി പഠിച്ചത്. ബംഗാളിൽ തന്നെ ജീവിച്ചിരുന്നെങ്കിൽ

വിവർത്തനങ്ങളിൽ കൂടുതൽ ഗുണപരമായ മാറ്റം സംഭവിക്കുമായിരുന്നോ?

തീർച്ചയായും. ഞാൻ ബംഗാളിയിലേക്ക് എംടിയുടെയും ബഷീറിന്റെയും കൃതികൾ വിവർത്തനം ചെയ്തല്ലോ. അതുപോലെ കൂടുതൽ പുസ്തകങ്ങൾ വിവർത്തനം ചെയ്യുമായിരിന്നിരിക്കും.ഒരു പക്ഷേ ബംഗാളിഭാഷയിലെ തന്നെ എഴുത്തുകാരിയുമായിട്ടുണ്ടാകാം. ആർക്കറിയാം! ബംഗാളിലേക്കു ഞാൻ രണ്ടു തവണയേ പോയിട്ടുള്ളൂ. എന്തോ മുൻജന്മബന്ധം ആ നാടിനോടുണ്ട്

പുസ്തകങ്ങളിലൂടെ മാത്രമായി ഒരു നാടിന്റെ സംസ്ക്കാരം പൂർണമായി മനസ്സിലാക്കാനാകുമോ? ദൂരെയിരുന്നുകൊണ്ട് മറ്റൊരു നാടിന്റെ സംസാരഭാഷ ഉൾക്കൊള്ളുന്നത് എത്രമാത്രം വെല്ലുവിളി നിറഞ്ഞതായിരുന്നു?

സംസാരഭാഷ ഉൾക്കൊള്ളുക എനിക്ക് വളരെ എളുപ്പമായിരുന്നു. ഈശ്വരനിശ്ചയം എന്നു തന്നെ പറയാം. ഒരു നാടിനെ പുസ്തകത്തിലൂടെ ആണ് കൂടുതൽ അറിയാൻ കഴിയുക. പക്ഷേ വായന അത്തരത്തിലുള്ളതാകണമെന്നു മാത്രം. എഴുത്തുകാരന്റെ ഭാവന ഏതിലേ പോകുന്നു എന്നു മനസ്സിലാക്കാന് കഴിയണം. ഒരു വീട്ടിലെ കഷ്ടപ്പാടിനെക്കുറിച്ചു വായിക്കുമ്പോൾ അവർ എന്തെല്ലാം നേരിടുന്നു എന്നു ഭാവനയിൽ കാണാൻ കഴിയണം. അപ്പോൾ അതിനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം തോന്നും. മറ്റു പുസ്തകങ്ങൾ വായിക്കുമ്പോൾ ചങ്ങല പോലെ ബന്ധപ്പെടുത്തിക്കൊണ്ടുപോകാനും സാധിക്കും.

താങ്കളുടെ വിവർത്തനങ്ങളിൽ എനിക്ക് വളരെ ഇഷ്ടമുള്ള ഒന്ന് ബുദ്ധദേവ് ഗുഹയുടെ 'രക്തം' എന്ന കഥാസമാഹാരമാണ്. അതാണ് എന്നെ ബംഗാളിലും ബംഗാളിസാഹിത്യത്തിലും അനുരക്തയാക്കിയത്. വിവർത്തന സാഹിത്യത്തോടുള്ള എന്റെ ഭ്രമം തുടങ്ങുന്നതും അങ്ങനെത്തന്നെ.

വളരെ സൂക്ഷ്മമായി എഴുത്തു കൈകാര്യം ചെയ്യുന്ന ആളായിരുന്നു ബുദ്ധദേവ്. ധാരാളം എഴുതിയിട്ടുമുണ്ട്. എന്തു ചോദിച്ചാലും മറുപടി വരും. എന്തുകൊണ്ട് അങ്ങനെ എഴുതി, ഇങ്ങനെ എഴുതി എന്നെല്ലാം ഞാൻ എഴുതിച്ചോദിക്കും. അപ്പഴപ്പോൾ തോന്നുന്നത് എഴുതുമെന്ന് അദ്ദേഹവും പറയും. അദ്ദേഹവുമായി ആത്മബന്ധമുണ്ടായിരുന്നു. എഴുത്തുകാരനെ കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞാൽ വിവർത്തനം കൂടുതൽ മികച്ചതാകും.



ഫോട്ടോ: കെ കെ സന്തോഷ്

എത്രയോ കൃതികൾ..കഥാപാത്രങ്ങൾ.. ചില വിവർത്തനങ്ങളെങ്കിലും ജീവിതത്തെ/ജീവിതബോധ്യത്തെ മാറ്റിമറിച്ചു എന്നു തോന്നിയിട്ടുണ്ടോ?

ഇല്ല. ഇല്ലേയില്ല. എന്റെ ജീവിതം എനിക്കു പറ്റുന്ന രീതിയിൽ അല്ലേ നയിക്കാൻ പറ്റൂ. മകനുണ്ടായതിനു ശേഷം അവനാണ് എന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ആൾ. പകൽ മുഴുവൻ ജോലി ചെയ്തു വന്ന് ആഹാരമുണ്ടാക്കി കുട്ടിയെ നോക്കി, രാത്രി എഴുതും. വിവർത്തനങ്ങൾക്കിടെ നിഘണ്ടുവും തയ്യാറാക്കി. 1987 തൊട്ട് 2000 വരെ അതിന്റെ ജോലിയുമുണ്ടായിരുന്നു. അഞ്ചാറു ഡിക്ഷ്ണറികൾ മുമ്പിൽ നിരത്തി വെച്ചായിരുന്നു എഴുത്ത്. ബിഭൂതിഭൂഷന്റെ കൃതികളിലെ മരങ്ങൾ, പക്ഷികൾ, പൂക്കൾ... അതിനെല്ലാം മലയാളത്തിൽ പേരു കണ്ടെത്തണമെന്ന് ഞാൻ വാശിപിടിച്ചു.ബിഭൂതിയുടെ 'ഇച്ഛാമതി'യിലെ സ്ത്രീകഥാപാത്രം എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. ഗ്രാമീണജീവിതത്തിലെ അവളുടെ ധൈര്യം എന്നെ അമ്പരപ്പിച്ചു. അതുപോലെ തന്നെയാണ് ബങ്കിംചന്ദ്രന്റെ 'ദേവി ചൗധറാനി' യും.

ബംഗാളിയിൽ നിന്നു മലയാളത്തിലേക്ക് മൊഴിമാറ്റുമ്പോൾ എന്തൊക്കെയാണ് പ്രത്യേകം ശ്രദ്ധിച്ചിരുന്നത്? ബംഗാളിസംസ്ക്കാരത്തിനു മാത്രം സവിശേഷമായ കാര്യങ്ങൾ വിവർത്തനം ചെയ്യുമ്പോൾ ഫുട്നോട്ടുകളുടെ അധിക സഹായമില്ലാതെ എങ്ങനെയാണു സാധിച്ചത്?

വിവർത്തനത്തിൽ ഫുട്നോട്ടുകളുടെ ആവശ്യമേ ഇല്ല. സംസാരിക്കുമ്പോൾ എങ്ങനെയാണ് ഒരാളെ കാര്യം പറഞ്ഞു മനസ്സിലാക്കിക്കുന്നത്, അത് ഫുട്നോട്ടുകൾ കൊണ്ടല്ലല്ലോ. അതുപോലെ വിവർത്തനത്തിലും കൗശലം ഉപയോഗിക്കണം. ഓരോ കാര്യവും ഓരോ വ്യാഖ്യാനവും നല്ലതുപോലെ പറഞ്ഞു വ്യക്തമാക്കണം. അത് ചിലപ്പോൾ ഒരു വാക്കിൽ നിന്നൊന്നും വരില്ല. ബംഗാളിയുടെയും മലയാളത്തിന്റെയും വ്യാകരണത്തിൽ വലിയ വ്യത്യാസങ്ങളില്ല. നമ്മുടെ ഭാഷയിലെ പോലെ ബംഗാളിയിലും വസ്തുക്കൾക്ക് ലിംഗ വ്യത്യാസം ഇല്ല. ഞാൻ സർവനാമങ്ങൾ പരമാവധി ഉപയോഗിക്കാറില്ല. പേരു തന്നെ ഉപയോഗിക്കും. ബംഗാളിയും മലയാളവും രണ്ടു ഭാഷാകുടുംബങ്ങളാണെന്ന് എനിക്കു തോന്നിയിട്ടില്ല. രണ്ടു ഭാഷയും സംസ്കൃതത്തിൽ നിന്നു വന്നതു തന്നെ.



ലീലാ സർക്കാർ സത്യജിത് റായിക്കൊപ്പം

വിവർത്തനങ്ങളിൽ ബംഗാളിന്റെ ഭൂപ്രദേശവും ജീവിതരീതിയും ഹിൽസമീനും കടുകെണ്ണയും ആൽത്തയും ബാലുച്ചരി സാരിയും ഇലക്കുമ്പിളിലെ ചൂടുള്ള ജിലേബിയും ഗംഗയും ഹൗറാപാല വുമെല്ലാം കടന്നു വരുന്നുണ്ട്. ഈ അടയാളങ്ങളെല്ലാം എന്നെയും മറ്റു വായനക്കാരെയും കൊൽക്കത്ത കാണുന്നതിനും മുമ്പേ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

എന്റെ വിവർത്തനങ്ങളുടെ പല വായനക്കാരും കൽക്കട്ടയിൽ ചെന്നിട്ട് അവിടത്തെ സ്ഥലങ്ങളും റോഡുകളുമെല്ലാം പരിചിതമാണെന്ന് എഴുതിയിട്ടുണ്ട്. ജീവിതപങ്കാളി ബംഗാളിയായതിനാൽ തന്നെ അവിടത്തെ ആഹാരവും ജീവിതരീതികളും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ബംഗാളിസംസ്കാരത്തിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് അവരുടെ സാരികളാണ്.

എന്നെയും!

ബംഗാളിസാഹിത്യത്തിൽ പലഘട്ടങ്ങളെന്ന പോലെ പല പ്രസ്ഥാനങ്ങളുമുണ്ടായിട്ടുണ്ട്. ബങ്കിംചന്ദ്രന്റെ ചരിത്ര നോവലുകളിൽ തുടങ്ങി ശരത്ചന്ദ്രന്റെ റിയലിസ്റ്റിക്ക് നോവലുകളിലൂടെ മുന്നേറി, ശീർഷേന്ദുവിന്റെ 'ചിതൽ' പോലുള്ള അസ്തിത്വവ്യഥാ നോവലുകളുണ്ടായല്ലോ.

ജീവിതത്തിന്റെ ഓരോ ദശകളാണ് വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ. ബങ്കിം ചന്ദ്രന്റെ 'കപാലകുണ്ഡല'യും 'ആനന്ദമഠ'വും ദേശത്തെ അടുപ്പിക്കുന്നതിനു കാരണമായി. ശരത്ചന്ദ്രന്റെ കൃതികൾ ഏറെ ജനപ്രിയമായിരുന്നു. അവ ഏറെയും .മനുഷ്യബന്ധങ്ങളെ കുറിച്ച പറഞ്ഞു. അദ്ദേഹത്തിന്റെ പഥേർ ദാബി, അരക്ഷണീയ, ദേവദാസ് തുടങ്ങിയവയെല്ലാം ഞാൻ മലയാളത്തിലെത്തിച്ചു. ശരത്ചന്ദ്രന്റെ നൂറ്റമ്പതാം ജന്മവാർഷികത്തോടനുബന്ധിച്ച് ശരത്ചന്ദ്രവിവർത്തന പുരസ്കാരവും കൊൽക്കത്ത ടാൻസ്ലേറ്റേഴ്സ് ഫോറത്തിന്റെ വിവർത്തനത്തിനുള്ള ഈ വർഷത്തെ സമഗ്രസംഭാവനാപുരസ്കാരവും ലഭിച്ചു. ഈയടുത്താണ് കേരളത്തിലെ ഏക്സൈസ് മന്ത്രി എം ലിജു ഭാര്യയും മക്കൾക്കുമൊപ്പമെത്തി എന്നെ കണ്ടത്.

വിവർത്തനത്തിനായി തിരഞ്ഞെടുത്ത എഴുത്തുകാരെയും പുസ്തകങ്ങളെയും നോക്കുമ്പോൾ ഭാഷയുടെ/ വിവർത്തനത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗിക്കാനും പരിമിതികൾ മറികടക്കാനും ശ്രമിച്ചിട്ടുണ്ട്,

മഹാശ്വേതാ ദേവിയും ആശാപൂർണയും - ഈ രണ്ടു വലിയ എഴുത്തുകാരികൾ ആശയപരമായും വൈകാരികമായും വിഭിന്നധ്രുവങ്ങളിലാണ്. ഇവരെ തനിമ ഒട്ടും ചോരാതെ എങ്ങനെ വിവർത്തനം ചെയ്യാനായി?

ഒരു പുസ്തകം വിവർത്തനം ചെയ്യാനായി കയ്യിലെടുക്കുമ്പോൾ എഴുത്തുകാരൻ എന്താണ പറയാൻ ആഗ്രഹിക്കുന്നതെന്ന്, എന്ത് ആശയമാണ് പ്രകാശിപ്പിക്കുന്നതെന്ന് അറിയണം. പുറം ലോകമാണ് മഹാശ്വേതാദേവിയുടെ കഥാപ്രപഞ്ചത്തിലുള്ളത്. ഭദ്രലോകിന്റെ ആന്തരികലോകമാണ് ആശാപൂർണയുടേത്. ഒരു പുസ്തകം



ഷന്റെ 'ആരണ്യക്' വിവർത്തനം ചെയ്തിട്ടുണ്ടല്ലോ. കൂടാതെ 'അപരാജിത'നും 'അപുവിന്റെ ലോക'വും. താരാശങ്കറിന്റെ കഥകളുമുണ്ട്.

'ആരണ്യകം - പ്രകൃതിയുടെ നിലയ്ക്കാത്ത സംഗീതം' എന്ന പേരിലാണ് 'ആരണ്യക്' മലയാളത്തിലേക്കെത്തിച്ചത്. പ്രകൃതിയുടെ അനന്തമായ സൗന്ദര്യവും സമൃദ്ധിയും, അതിന്റെ നേരവകാശികളായ കർഷകരുടെയും ആദിവാസികളുടെയും കടുത്ത ദാരിദ്ര്യവും ആരണ്യകിലുണ്ട്. ജലം പോലെ ഒഴുകുന്ന ഒരു നോവലാണത്. ബിഭൂതിഭൂഷന്റെ യഥാർഥ ജീവിതത്തിലെ അനുഭവങ്ങളിൽ നിന്നാണ് അതെഴുതിയിട്ടുള്ളത്. താരാശങ്കറിന്റെ നോവലുകൾ മുമ്പ് മലയാളത്തിൽ വന്നിട്ടുണ്ടെങ്കിലും കഥകൾ ഞാനാണ വിവർത്തനം ചെയ്തത്. താരാശങ്കറിന്റെ കഥയെഴുത്തു വിദ്യ അതിശയിപ്പിക്കുന്നതാണ്.

എംടിയുടെ 'വാനപ്രസ്ഥ'വും ബഷീറിന്റെ 'മതിലുക'ളും മറ്റും മലയാളത്തിൽ നിന്നും ബംഗാളിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ടല്ലോ.

ബംഗാളിയിലേക്കുള്ള വിവർത്തനത്തിന് വേണ്ടത്ര പ്രോത്സാഹനം കിട്ടിയില്ല. ആരും വായിച്ച് കാര്യമായ അഭിപ്രായങ്ങളൊന്നും

വിവർത്തനമെന്നാൽ പുസ്തകത്തിൽ നോക്കിപ്പകർത്തുന്നപോലെ അനായാസമാണെനിക്ക്. എഡിറ്റിംഗോ തിരുത്തലോ ചെയ്യാറില്ല. കയ്യെഴുത്തു പ്രതിയാണ് പ്രസാധകർക്കു കൊടുക്കുന്നത്. ചിലപ്പോൾ മാത്രം ഡിക്ഷ്ണറി നോക്കും. അതേറെയും നാട്ടുവാക്കുകൾക്കു വേണ്ടിയാകും

ചെയ്യാനും എന്റെ ഭാഗത്തു നിന്ന് മുന്നൊരുക്കങ്ങൾ ഒന്നുമുണ്ടാകാറില്ല.

വിവർത്തനമെന്നാൽ പുസ്തകത്തിൽ നോക്കിപ്പകർത്തുന്ന പോലെ അനായാസമാണെനിക്ക്. എഡിറ്റിംഗോ തിരുത്തലോ ചെയ്യാറില്ല. കയ്യെഴുത്തു പ്രതിയാണ് പ്രസാധകർക്കു കൊടുക്കുന്നത്. ചിലപ്പോൾ മാത്രം ഡിക്ഷ്ണറി നോക്കും. അതേറെയും നാട്ടുവാക്കുകൾക്കു വേണ്ടിയാകും.

സ്നീഹൃദയങ്ങളെ കൈകാര്യം ചെയ്യുമ്പോൾ, തികഞ്ഞ അത്മാർഥത വേണം. നമ്മളാണ് ആ സ്ഥലത്തെന്ന് വിചാരിക്കണ്ടി വരും. ശരിയായ വാക്കുകൾ വഴിയേ വരും. ഓരോ വിവർത്തകന്റേയും വെവേറെ വഴിയാണ്. എന്റെത് ആത്മാർഥതയുടെതാണ്.

ബിഭൂതിഭൂഷണും താരാശങ്കറുമെല്ലാം മലയാളത്തിൽ കൾട്ട് സ്റ്റാറ്റസുള്ള എഴുത്തുകാരാണ്. ബിഭൂതിഭൂ

പറഞ്ഞതുമില്ല. പൊതുവേ നമ്മുടെ അത്ര തുറന്ന സംസ്ക്കാരമല്ല ബംഗാളികളുടേത്. 'അഘോരശിവ'വും 'വൃദ്ധസദന'വുമെല്ലാം ബംഗാളിയിലെത്തിക്കണമെന്ന് ആഗ്രഹിച്ചെങ്കിലും നടന്നില്ല.

മലയാളത്തിൽ ഈയിടെ പ്രസിദ്ധീകരിച്ച വിവർത്തനം ചെയ്യണമെന്ന് ഇഷ്ടം തോന്നിയ ഏതെങ്കിലും പുസ്തകമുണ്ടോ

ഇ സന്തോഷ്കുമാറിന്റെ 'തപോമയിയുടെ അച്ഛൻ' വളരെ ഇഷ്ടമായി. ഈ നോവൽ ഒരു ബംഗാളി എഴുതിയതാണെന്നേ തോന്യൂ. അത്രമാത്രം സൂക്ഷ്മമായാണ് ബംഗാളിനെക്കുറിച്ചും ബംഗാളി സംസ്കാരത്തെക്കുറിച്ചും എഴുതിയിട്ടുള്ളത്. അതു വിവർത്തനം ചെയ്യണമെന്നുണ്ടായിരുന്നെങ്കിലും ആരോഗ്യം സമ്മതിക്കുന്നില്ല. എങ്കിലും എല്ലാ ദിവസവും ഏതെങ്കിലും പുസ്തകത്തിൽ നിന്നും രണ്ടോ മൂന്നോ താളെങ്കിലും വിവർത്തനം ചെയ്യും. ശേഷിച്ചതെല്ലാം ഇനി അടുത്ത ജന്മത്തിൽ. ■

ഡോ. സുനീത ടി വി, പ്രൊഫസർ, മലയാളം സർവകലാശാല, തിരൂർ




സൈബറിടത്തിലെ ഭാഷാപ്രയോഗം പരമ്പരാഗത വ്യാകരണ-ലിപിനിയമങ്ങളെ എല്ലായ്പ്പോഴും കർശനമായി പിന്തുടരുന്നില്ല. അക്ഷരശുദ്ധി, ചിഹ്നം, പദങ്ങൾക്കിടയിലെ അകലമിടൽ, വാക്യഘടന തുടങ്ങിയവയിൽ വ്യതിയാനങ്ങൾ കാണാം.

ഡിജിറ്റൽജീവിതവും ഭാഷാമാറ്റങ്ങളും

വിവരസാങ്കേതികവിദ്യയുടെ അതിവേഗവികാസം ഭാഷയുടെ ഘടനയിലും പ്രയോഗരീതികളിലും ആവിഷ്കാരസാധ്യതകളിലും ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

കമ്പ്യൂട്ടർ-മാധ്യമാധിഷ്ഠിത ആശയവിനിമയം വാമൊഴിയുടെയും വരമൊഴിയുടെയും സവിശേഷതകൾ സംയോജിപ്പിക്കുന്ന പുതിയ ഭാഷാപ്രയോഗത്തിന് വഴിയൊരുക്കിയിട്ടുണ്ട്. എഴുത്തിന്റെ സ്ഥിരതയും സംസാരത്തിന്റെ അനൗപചാരികതയും ഇവിടെ ഒരുമിക്കുന്നു. ചുരുക്കെഴുത്ത്, ഇമോജി, ചിഹ്നങ്ങൾ, ലിപിമിശ്രണം, ആവർത്തനം തുടങ്ങിയവ അർഥനിർമ്മാണത്തിന്റെ ഭാഗമാകുന്നു. അതിനാൽ ഡിജിറ്റൽ ഭാഷയെ പരമ്പരാഗത എഴുത്തുഭാഷയുടെ തുടർച്ചയായി കാണുന്നതിനുപകരം, സാങ്കേതികസാധ്യതകളും സാമൂഹികശീലങ്ങളും ചേർന്ന് രൂപപ്പെടുത്തുന്ന പ്രത്യേക ഭാഷാപ്രയോഗരീതിയായി മനസ്സിലാക്കേണ്ടതുണ്ട്.



സൈബർ ഭാഷയുടെ സവിശേഷതകൾ

സൈബറിടത്തിലെ ഭാഷാപ്രയോഗം പരമ്പരാഗത വ്യാകരണ-ലിപിനിയമങ്ങളെ എല്ലായ്പ്പോഴും കർശനമായി പിന്തുടരുന്നില്ല. അക്ഷരശുദ്ധി, ചിഹ്നം, പദങ്ങൾക്കിടയിലെ അകലമിടൽ, വാക്യഘടന തുടങ്ങിയവയിൽ വ്യതിയാനങ്ങൾ കാണാം. എന്നാൽ ഇവയെ ഭാഷയുടെ തകർച്ചയായി വിലയിരുത്തുന്നത് ഉചിതമല്ല. ആശയവിനിമയത്തിന്റെ വേഗത, അനൗപചാരികത, സാങ്കേതികപരിചയം, ഉപയോക്താക്കളുടെ സാമൂഹികപശ്ചാത്തലം തുടങ്ങിയ ഘടകങ്ങളാണ് ഇത്തരം പ്രയോഗങ്ങളെ സ്വാധീനിക്കുന്നത്.

ടെക്സ്റ്റിനൊപ്പം ചിത്രം, ശബ്ദം, വീഡിയോ, ജിഫ്, ഇമോജി, സ്റ്റിക്കർ തുടങ്ങിയവ അർഥനിർമ്മാണത്തിൽ പങ്കാളികളാകുന്ന ബഹുമാതൃകാ ആശയവിനിമയം ഡിജിറ്റൽ ഭാഷയുടെ പ്രധാന സവിശേഷതയാണ്. ഉദാഹരണത്തിന്, "ശരി" എന്നതിനൊപ്പം ?? ചേർക്കുന്നത് സമ്മതത്തെയോ സൗഹൃദപരമായ പ്രതികരണത്തെയോ സൂചിപ്പിക്കാം. സിനിമാദൃശ്യങ്ങളെയും ചെറിയ വാചകങ്ങളെയും കൂട്ടിച്ചേർക്കുന്ന മീമുകൾ പലപ്പോഴും ദീർഘമായ വിശദീകരണങ്ങളേക്കാൾ ഫലപ്രദമായി സാമൂഹിക വിമർശനമോ, സവിശേഷാർഥ വിനിമയമോ ഒക്കെ സാധ്യമാക്കുന്നു.

ഹൈപ്പർടെക്സ്റ്റ്വാലിറ്റിയും ഡിജിറ്റൽ ഭാഷയുടെ ശ്രദ്ധേയമായ സവിശേഷതയാണ്. ഒരു പാഠത്തെ മറ്റൊരു പാഠം, ചിത്രം, വീഡിയോ, വെബ്പേജ് തുടങ്ങിയവയുമായി ബന്ധിപ്പിക്കുന്ന ഹൈപ്പർലിങ്കുകൾ വായനയെ അരേഖീയമാക്കുന്നു. ടെഡ് നെൽസൻ അവതരിപ്പിച്ച ഹൈപ്പർടെക്സ്റ്റ് സങ്കൽപ്പം വായനക്കാരന് വിവിധ വഴികളിലൂടെ സഞ്ചരിക്കാവുന്ന തുറന്ന പാഠഘടനയെയാണ് മുന്നോട്ടുവയ്ക്കുന്നത്

മലയാളത്തിന്റെ ഡിജിറ്റൽ പ്രവേശനം

ഇന്റർനെറ്റിന്റെ വ്യാപനത്തോടെ മലയാളം അച്ചടിമാധ്യമങ്ങളുടെ പരിധി വിട്ട് വെബ്സൈറ്റുകൾ, ബ്ലോഗുകൾ, ഇ-മെയിൽ, ഓൺലൈൻ വാർത്താമാധ്യമങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ, വീഡിയോ പ്ലാറ്റ്ഫോമുകൾ, സന്ദേശവിനിമയ ആപ്പുകൾ, പോഡ്കാസ്റ്റുകൾ, ഓൺലൈൻ പ്രഭാഷണങ്ങൾ, ഡിജിറ്റൽ പുസ്തകങ്ങൾ തുടങ്ങിയ മേഖലകളിലേക്ക് വ്യാപിച്ചു. യൂണിക്കോഡ് പോലുള്ള സാങ്കേതിക മാനദണ്ഡങ്ങളുടെ വ്യാപനം മലയാളലിപിയുടെ ഡിജിറ്റൽ ഉപയോഗത്തിന് സ്ഥിരത നൽകി. വാർത്താവിനിമയം, വിദ്യാഭ്യാസം, സാഹിത്യം, വിനോദം, വിപണനം, രാഷ്ട്രീയസംവാദം തുടങ്ങിയ മേഖലകളിൽ മലയാളത്തിന്റെ ഡിജിറ്റൽ സാന്നിധ്യം ഇന്ന് ശക്തമാണ് .ഇവ ഭാഷയുടെ പ്രയോഗപരിധി കൂടുതൽ വിപുലീകരിച്ചു. ഈ സാഹചര്യത്തിലാണ് 'നെറ്റ് മലയാളം' എന്ന പ്രയോഗരൂപത്തെക്കുറിച്ചുള്ള ചർച്ച പ്രസക്തമാകുന്നത്.

'നെറ്റ് മലയാളവും' പുതിയ പദപ്രയോഗങ്ങളും

സൈബറിടത്ത് രൂപപ്പെടുന്ന മലയാളത്തിന്റെ സവിശേഷ പ്രയോഗരീതിയെ 'നെറ്റ് മലയാളം' എന്നു വിളിക്കാം. ഇത് സ്ഥിരമായ ഒരു ഭാഷാഭേദമല്ല; ഉപയോക്താക്കളുടെ സാങ്കേതികശീലങ്ങൾക്കും സാമൂഹികബന്ധങ്ങൾക്കും അനുസരിച്ച് മാറുന്ന ഭാഷാരൂപമാണ്.

ഇംഗ്ലീഷ് പദങ്ങൾക്ക് മലയാളപ്രത്യയങ്ങളും ക്രിയാരൂപങ്ങളും ചേർത്ത് പുതിയ

പദങ്ങൾ രൂപപ്പെടുത്തുന്നത് ഇതിന്റെ പ്രധാന സവിശേഷതയാണ്. ലൈക്കുക, ഷെയറുക , പോസ്റ്റുക, ബ്ലോക്കുക, ട്രോളുക, വൈറലാകുക തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ഇംഗ്ലീഷ് പദങ്ങളും മലയാള വ്യാകരണഘടനയും തമ്മിലുള്ള ഈ സമ്പർക്കം ഭാഷയുടെ സൃഷ്ടിപരമായ വഴക്കത്തെ വ്യക്തമാക്കുന്നു കമന്റ് ഇടുക , മെൻഷൻ ചെയ്യുക, അൺഫോളോ ചെയ്യുക , അൺഫ്രണ്ട് ചെയ്യുക , റീൽ ഇടുക തുടങ്ങിയ പ്രയോഗങ്ങളും ഡിജിറ്റൽ ഭാഷയിൽ വ്യാപകമാണ്.

സാമൂഹ്യമാധ്യമങ്ങൾ പുതിയ അനൗപചാരിക പദസമ്പത്തിനും രൂപം നൽകിയിട്ടുണ്ട്. തള്ള്, പൊങ്കാല, ചങ്ക്, ബ്രോ, അനോണി, ഫെമിനിച്ചി, തന്തവൈബ്, തള്ളവൈബ്, റോമാഞ്ചിഫിക്കേഷൻ, കിടിലൻ കണ്ടന്റ്, അടിപൊളി വൈബ്, കട്ട സപ്പോർട്ട്, പണി പാളി, സീൻ ആയി, സെറ്റ് തുടങ്ങിയ പ്രയോഗങ്ങൾ ഡിജിറ്റൽ സമൂഹങ്ങളുടെ ഹാസ്യബോധത്തെയും സാമൂഹികാനുഭവങ്ങളെയും പ്രതിഫലിപ്പിക്കുന്നു. പ്രത്യേകിച്ച് തന്തവൈബ്, തള്ളവൈബ് എന്നിവയിലെ 'വൈബ്', റോമാഞ്ചിഫിക്കേഷൻ പോലുള്ള രൂപങ്ങളിലെ പദഘടനാ സംയോജനം എന്നിവ ഡിജിറ്റൽ ഭാഷയുടെ സൃഷ്ടിപരത വ്യക്തമാക്കുന്നു.

മംഗ്ലീഷും ലിപിമിശ്രണവും

മലയാളവും ഇംഗ്ലീഷും ഒരേ വാക്യത്തിൽ ഇടകലരുന്ന കോഡ്-മിക്സിംഗ് ഡിജിറ്റൽ ആശയവിനിമയത്തിൽ സാധാരണമാണ്. 'ഇന്ന് Meeting ഉണ്ടോ?', 'ആ Post ഒന്ന് ഷെയർ ചെയ്യൂ', 'അത് വളരെ Cute ആണ്', 'ഞാൻ Message അയച്ചിട്ടുണ്ട്' തുടങ്ങിയവ ഉദാഹരണങ്ങളാണ്.

റോമൻ ലിപിയിൽ മലയാളം എഴുതുന്ന മംഗ്ലീഷ് രീതിയും വ്യാപകമാണ്: 'enthu cheyyunnu?', 'njan varam?', 'sukhamano?' തുടങ്ങിയവ. മലയാളലിപി ടൈപ്പ് ചെയ്യാനുള്ള പരിചയക്കുറവ്, മൊബൈൽ കീബോർഡിന്റെ സൗകര്യം, ആശയവിനിമയത്തിലെ വേഗത എന്നിവ ഇതിന്റെ വ്യാപനത്തെ സ്വാധീനിക്കുന്നു. മലയാളവും ഇംഗ്ലീഷും ഒരേ വാക്കിൽ സംയോജിപ്പിക്കുന്ന 'cuteപ്പൻ", "ക്രേzy', 'ലെ","ഉതൾ" തുടങ്ങിയ രൂപങ്ങളും ഡിജിറ്റൽ എഴുത്തിലെ ലിപിസീമകളുടെ അയവിനെ സൂചിപ്പിക്കുന്നു.

ചുരുക്കെഴുത്ത്, ഹാഷ്ടാഗ്, മീം, ട്രോൾ

ചുരുക്കെഴുത്ത് ഡിജിറ്റൽ ഭാഷയുടെ മറ്റൊരു സവിശേഷതയാണ്. എൽ.ഒ-.എൽ. , ഒ.എം.ജി., ബി.ടി.ഡബ്ല്യു. തുടങ്ങിയ ആഗോള ചുരുക്കരൂപങ്ങൾക്കൊപ്പം പ്രാദേശികമായ രൂപങ്ങളും പ്രചാരത്തിലുണ്ട്. 'ഓട് മോനേ കണ്ടം വഴി' എന്നതിന്റെ OMKV എന്ന ചുരുക്കരൂപം ഇതിന് ഉദാഹരണമാണ്. ഇത്തരം രൂപങ്ങൾ സമയം ലാഭിക്കുന്നതിനൊപ്പം പ്രത്യേക ഡിജിറ്റൽ സമൂഹത്തിലെ കൂട്ടായ സാംസ്കാരിക ബോധത്തെയും പ്രകടിപ്പിക്കുന്നു.



ഹാഷ്ടാഗ് , മീം, ട്രോൾ , ഇമോജി , ജിഫ്, സ്റ്റിക്കർ തുടങ്ങിയവയും പുതിയ അർഥവ്യവസ്ഥകൾ സൃഷ്ടിക്കുന്നു. സിനിമ, രാഷ്ട്രീയം, സാമൂഹികപ്രശ്നങ്ങൾ, കായികം, സ്ത്രീപക്ഷ ചർച്ചകൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ഹാഷ് ടാഗുകൾ വ്യക്തിഗത പ്രതികരണങ്ങളെ കൂട്ടായ പൊതുചർച്ചയുടെ ഭാഗമാക്കുന്നു. സിനിമാ സംഭാഷണങ്ങളെയും ജനപ്രിയ കഥാപാത്രങ്ങളെയും പുതിയ സാഹചര്യങ്ങളിൽ പുനഃസ്ഥാപിക്കുന്ന മീമുകൾ പ്രാദേശിക ഹാസ്യബോധവും സാമൂഹികവിമർശനവും ഒരേസമയം പ്രകടിപ്പിക്കുന്നു.

മലയാളത്തിന്റെ ഡിജിറ്റൽ ഭാവിയും നിർമ്മിതബുദ്ധിയും

മലയാളത്തിന്റെ ഡിജിറ്റൽ ഭാവിയിൽ നിർമ്മിതബുദ്ധിക്കും, സ്വാഭാവിക ഭാഷാപ്രക്രിയക്കും (NLP) നിർണ്ണായക സ്ഥാനമുണ്ട്. യന്ത്രപരിഭാഷ, ശബ്ദത്തെ എഴുത്താക്കി മാറ്റൽ (Speech-to-Text), എഴുത്തിനെ ശബ്ദമാക്കി മാറ്റൽ (Text-to-Speech), അക്ഷരശുദ്ധി പരിശോധന (Spell Checking), വികാരവിശകലനം (Sentiment Analysis), ഉള്ളടക്കനിയന്ത്രണം (Content Moderation), സംഭാഷണാധിഷ്ഠിത നിർമ്മിതബുദ്ധി (Conversational AI) തുടങ്ങിയ മേഖലകളിൽ മലയാളത്തിന്റെ സാധ്യതകൾ വർധിച്ചുവരുന്നു.

അതേസമയം പരിമിതമായ ഡിജിറ്റൽ ഭാഷാശേഖരങ്ങൾ, ഭാഷാഭേദങ്ങളുടെ വൈവിധ്യം, മലയാളത്തിന്റെ രൂപഘടനാപരമായ സങ്കീർണത, മംഗ്ലീഷ്, ലിപിമിശ്രണം, അസ്ഥിരമായ അക്ഷരവിന്യാസം എന്നിവ വെല്ലുവിളികളാണ്. അതിനാൽ ഗുണമേന്മയുള്ള ഡിജിറ്റൽ ഭാഷാശേഖരങ്ങളും ഭാഷാ വിഭവങ്ങളും ഡിജിറ്റൽ

സൈബറിടത്ത് രൂപപ്പെടുന്ന മലയാളത്തിന്റെ സവിശേഷ പ്രയോഗരീതിയാണ് 'നെറ്റ് മലയാളം'. ഇത് സ്ഥിരമായ ഒരു ഭാഷാഭേദമല്ല; ഉപയോക്താക്കളുടെ സാങ്കേതികശീലങ്ങൾക്കും സാമൂഹികബന്ധങ്ങൾക്കും അനുസരിച്ച് മാറുന്ന ഭാഷാരൂപമാണ്

ആർക്കൈവുകളും മലയാളകേന്ദ്രിത ഭാഷാസാങ്കേതികവിദ്യകളും വികസിപ്പിക്കേണ്ടതുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യ മലയാളത്തിന്റെ പ്രയോഗപരിസരത്തെയും ആവിഷ്കാരസാധ്യതകളെയും ഗണ്യമായി വിപുലീകരിച്ചിരിക്കുന്നു. അതിനാൽ നെറ്റ് മലയാളത്തെ സാമൂഹികവും സാങ്കേതികവുമായ പുതിയ സാഹചര്യങ്ങളോട് മലയാളം നടത്തുന്ന സജീവമായ പ്രതികരണമായി വിലയിരുത്തേണ്ടതാണ്. അതോടൊപ്പം മലയാളലിപിയുടെ സവിശേഷതകളും വ്യാകരണഘടനയും സാംസ്കാരിക സൂക്ഷ്മതകളും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളും അനിവാര്യമാണ്. സാങ്കേതികവിദ്യ മാറുന്നതിനനുസരിച്ച് മലയാളവും മാറുന്നു. ഈ മാറ്റം മലയാളത്തിന്റെ സമകാലികപരിണാമത്തെയും സാംസ്കാരിക സ്വത്വത്തെയും ഭാവിയിലെ ഭാഷാസാങ്കേതികസാധ്യതകളെയും മനസ്സിലാക്കാനുള്ള പ്രധാന പഠനമേഖലയാണ്. ■

>> നാരായണ ഭട്ടതിരി, ആർട്ടിസ്റ്റ്, കലിഗ്രാഫർ



അക്ഷരവും ഭാഷയും അടിസ്ഥാനമായുണ്ടായ കലയാണ് കലിഗ്രഫി. ഇതിനെ ലിപികല എന്നോ അക്ഷരകല എന്നോ പറയാം

അക്ഷരങ്ങളുടെ കല; ഭാഷയുടെയും

കേരളചരിത്രത്തിൽ സാമൂഹികജീവിതത്തിനും സംസ്കാരത്തിനുമുള്ള അത്രയും പ്രാധാന്യംതന്നെ മലയാള ഭാഷയ്ക്കുമുണ്ട്. മനുഷ്യന്റെ അനുഭവങ്ങളും ചിന്തകളും സ്വപ്നങ്ങളും മൂല്യങ്ങളുമെല്ലാം മറ്റൊരു സമൂഹത്തിലേക്കോ വരും തലമുറയിലേക്കോ കൈമാറുന്നതിനുള്ള മാധ്യമങ്ങളിലൊന്നാണ് ഭാഷ. മലയാളഭാഷയുടെ പിറവിയും വളർച്ചയും വികാസവും കേരളത്തിന്റെ സാംസ്കാരിക സ്വത്വം രൂപപ്പെടുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഭാഷയും സാമൂഹിക മാറ്റങ്ങളും

തമിഴ് ഉൾപ്പെടെയുള്ള ദ്രാവിഡഭാഷകളുടെയും സംസ്കൃതത്തിന്റെയും സ്വാധീനവും ചരിത്രപരമായ ബന്ധങ്ങളിലൂടെയുമാണ് മലയാളം രൂപപ്പെട്ടതെങ്കിലും കാലക്രമേണ തനതായ ഭാഷാരൂപവും സ്വഭാവവും സാഹിത്യപാരമ്പര്യവും സ്വന്തമാക്കാൻ അതിനു കഴിഞ്ഞു. നാടൻപാട്ടുകൾ, വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ഐതിഹ്യങ്ങൾ എന്നിവയിലൂടെ സാധാരണ ജനതയുടെ വിശ്വാസങ്ങളും ജീവിതവും അറിവനുഭവങ്ങളും ഭാഷയിൽ രൂപപ്പെട്ടു. ഇതോടെ മലയാളഭാഷ നാടിന്റെ സാംസ്കാരിക സമ്പത്തിന്റെ കലവറയായി മാറി. ഐക്യകേരളം രൂപം കൊണ്ടിട്ട് ഏഴ് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ, നമ്മുടെ മാതൃഭാഷയായ മലയാളവും ചരിത്രപരമായ പല പരിണാമഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. താളിയോലയിൽനിന്നും അച്ചടിയുടെ അച്ചുകളിലേക്കും, അവിടെനിന്ന് ഡിജിറ്റൽ യുഗത്തിലെ പിക്സലുകളിലേക്കും മലയാളം മാറിയപ്പോഴും, അക്ഷരങ്ങളുടെ തനതായ വടിവിനും ഭംഗിക്കും കോട്ടം തട്ടിയില്ല. മാത്രമല്ല, അക്ഷരങ്ങളെ വരകളുടെയും വർണ്ണങ്ങളുടെയും ലയഭംഗിയോടെ ചിത്രങ്ങളാക്കി മാറ്റുന്ന കലിഗ്രഫി



എന്ന കലാരൂപത്തിലൂടെ ലിപികൾ ഇന്ന് പുതിയൊരു ഭാവുകത്വം കൈവരിക്കുകയാണ്.

കലിഗ്രഫി അഥവാ ലിപികല


ഇതര കലകളെപ്പോലെയല്ലാതെ പൂർണമായും അക്ഷരവും ഭാഷയും അടിസ്ഥാനമായുണ്ടായ കലയാണ് കലിഗ്രഫി. ഇതിനെ ലിപികല എന്നോ അക്ഷരകല എന്നോ പറയാം.

കലിഗ്രഫി, കല്ലോസ് (സൗന്ദര്യം), ഗ്രാഫീൻ (എഴുതുക) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഈ പദം ഉരുത്തിരിഞ്ഞത്. നിഘണ്ടു പറയുന്നത് മനോഹരമായ കൈയക്ഷരത്തിന്റെ കല എന്നാണ്. എന്താണ് കലിഗ്രഫി എന്നതിന് ലളിതമായിപ്പറഞ്ഞാൽ അക്ഷരങ്ങളുടെ പ്രത്യേകരീതിയിലുള്ള ക്രമീകരണത്തിലൂടെ മനോഹരമായ ചിത്രമാക്കിമാറ്റുന്ന കലയാണ് കലിഗ്രഫി. അപ്പേൾ ഇവ തമ്മിലുള്ള ഒരു വ്യത്യാസം ഇങ്ങനെ കാണാം. കലിഗ്രഫി ഒരു കലാരൂപമാണ്, എന്നാൽ കൈയെഴുത്തിനെ കലാരൂപമായി ആരും കണക്കാക്കുന്നില്ല.

വളരെ വലുതല്ലെങ്കിലും തനിമയാർന്ന കലിഗ്രാഫി പാരമ്പര്യം ഇന്ത്യക്കുണ്ട്. സാഹിത്യകൃതികളും ദൈവങ്ങളെയും ഭരണാധികാരികളെയും രാജാക്കന്മാരെയും പ്രഭുക്കളെയും മറ്റ് അധികാരികളെയും വാഴ്ത്തിക്കൊണ്ടു രചിക്കുന്ന സ്തുതിഗീതങ്ങളും അപൂർവമായി രചിക്കപ്പെടുന്ന സർഗരചനകളുമെല്ലാം പ്രചരിപ്പിക്കാൻ അതിന്റെ രചയിതാക്കൾക്ക് പകർത്തിയെഴുതുക എന്ന ഒരേയൊരു മാർഗമേയുണ്ടായിരുന്നുള്ളൂ. പകർത്തിയെഴുതുമ്പോൾ സ്വന്തം കൈപ്പടമെച്ചപ്പെടുത്തിയെഴുതാൻ പലരും ശ്രമിച്ചിരുന്നു. സ്വന്തം കൈയെഴുത്തിൽ നിന്നും വിഭിന്നമായി, മനോഹരമായി എഴുതാൻ പലരും ശ്രമിച്ചുതുടങ്ങി. പലരും അതിനു തന്റേതായ ശൈലികൾ അനുവർത്തിച്ചുപോന്നു. ചിലർ ആ ശൈലികൾ അനുകരിക്കുകയും മറ്റു ചിലർ പുതിയ ശൈലികൾ സൃഷ്ടിക്കാനും തയാറായി. ഇത് കൈപ്പടയിൽ നിന്നും വിഭിന്നമാകാൻ കാരണമായി. ഓരോ ഭാഷയ്ക്കും അതതിന്റെ അക്ഷരഘടനയ്ക്കും എഴുത്തുരീതിയ്ക്കും അനുസരിച്ച് വിവിധങ്ങളായ ശൈലികൾ ഉണ്ടായി. അതേപോലെ ഓരോ ഭാഷയ്ക്കനുസരിച്ച് എഴുത്തുപകരണങ്ങളും മാറി. എഴുത്തുരീതിയുടെ പ്രത്യേകതകൊണ്ടാണ് ഉപകരണങ്ങൾ വ്യത്യസ്തമായത്. ഒരു ഉദാഹരണം പറഞ്ഞാൽ ഇന്ത്യൻ ഭാഷകളിലെ മിക്കവാറും എല്ലാ അക്ഷരങ്ങളും നമ്മൾ പ്രദക്ഷിണമായി എഴുതുമ്പോൾ വിദേശഭാഷകൾ ഭൂരിഭാഗവും അപ്രദക്ഷിണമായാണ് എഴുതുന്നത്. എഴുതുന്ന പ്രതലത്തിനനുസരിച്ച് മഷി അല്ലെങ്കിൽ ഉപയോഗിക്കുന്ന മീഡിയത്തിനും വ്യത്യാസം വരും.

കൈയെഴുത്തിന് എപ്പോഴും അതിന്റേതായ വലിപ്പത്തിനപ്പുറത്തേക്ക് കടക്കൽ ബുദ്ധിമുട്ടാണ്. എന്നാൽ കലിഗ്രഫിക്ക് ഒരു കലാരൂപമെന്നനിലയ്ക്ക് വലിപ്പത്തിനും പരിധിയില്ല. തീരെ ചെറിയ കടലാസു മുതൽ കിട്ടാവുന്നത്ര വലിപ്പമുള്ള കടലാസോ തുണിയോ ക്യാൻവാസോ ചുവരുതന്നെയോ





പ്രതലമായിക്കണ്ട് കലിഗ്രഫി ചെയ്യുന്നവർ ഇന്നും ധാരാളമുണ്ട്. ഒരു സൗധം മുഴുവനും നിറഞ്ഞു നിൽക്കുന്ന കലിഗ്രഫി ഇപ്പോൾ സ്വപ്നമല്ല, യാഥാർഥ്യമായിട്ടുണ്ട്.

ഉള്ളടക്കത്തിന് പ്രാധാന്യം നൽകിയ മലയാളം

നിർഭാഗ്യവശാൽ മലയാളം കലിഗ്രഫി ഇന്നും ശൈശവദശയിലാണ്. സമ്പൂർണ്ണ സാക്ഷരതയിൽ നിൽക്കുന്ന കേരളം ഇതിനെ അവഗണിക്കുന്നതല്ല മറിച്ച് നമ്മൾ കലിഗ്രഫിയെ മനസ്സിലാക്കി വരുന്നതേയുള്ളൂ. നൂറ്റാണ്ടുകൾക്കുമുമ്പ് താളിയോലയോ ലോഹത്തകിടുകളോ ആയിരുന്നല്ലോ എഴുത്തിന്റെ പ്രതലം. നാരായം കൊണ്ടും മൂർച്ചയുള്ള ലോഹസൂചികൾ പോലെയുള്ള ഉപകരണങ്ങളാണ് അതിനുപയോഗിച്ചിരുന്നത്. വായനയ്ക്കപ്പുറം ഭംഗിയായി എഴുതുക എന്ന കാര്യത്തിൽ അക്കാലത്തുള്ളവർ തുലോം ശ്രദ്ധിച്ചിരുന്നില്ല. ഉള്ളടക്കത്തിൽ കൂടുതൽ ശ്രദ്ധയൂന്നിയതുകൊണ്ടാകാം അക്കാലത്ത് ക്ലാസിക് എന്നു വിശേഷിപ്പിക്കാവുന്ന നിലവാരമുള്ള മികച്ച ഗ്രന്ഥങ്ങൾ മലയാളത്തിലുണ്ടായത്. പിന്നീട് വളരെ വൈകിയാണ് ദക്ഷിണേന്ത്യയിൽ കടലാസ് പ്രചാരത്തിലാകുന്നത്. അപ്പോഴും അക്ഷരവടിവിന്റെ മികവിനേക്കാൾ എഴുതുന്ന വിഷയത്തിനായിരുന്നു പ്രാധാന്യം.

നിർമ്മിതബുദ്ധിക്കാലത്തെ കലിഗ്രഫി

അച്ചടിയുടെ വരവോടുകൂടിയാണ് ചെറിയ തോതിലൊരു മാറ്റമുണ്ടാവുന്നത്. വ്യത്യസ്ത തരത്തിലുള്ള ഫോണ്ടുകൾ ആകാമെന്നും വൈവിധ്യത്തോടെ അക്ഷരങ്ങൾ എഴുതാമെന്നുമുള്ള ആശയം കൈവന്നു. അപ്പോഴും കലിഗ്രഫി എന്നത് അച്ചടിക്കുവേണ്ട വാക്കുകളായും തലക്കെട്ടുകളായും ചുവരെഴുത്തുകളായും സ്ഥാപനങ്ങളുടെ ബോർഡുകളായും മാത്രം ഒതുങ്ങി നിൽക്കുകയായിരുന്നു. കലിഗ്രഫിയെ സ്വതന്ത്ര കലാരൂപമായി കേരള ജനത പൂർണമായി ഉൾക്കൊണ്ടിട്ടില്ല. ഇന്ത്യയിലെ ഇതര ഭാഷകളിൽ മാത്രമല്ല ലോകമെമ്പാടും കലിഗ്രഫിയെ കലയായി അംഗീകരിക്കുകയും ധാരാളം പേര് ഈ രംഗത്തേക്കു കടന്നു വരികയും ചെയ്യുമ്പോഴും കേരളം കലിഗ്രഫിയോടു മുഖം തിരിച്ചു നില്ക്കുകയാണ്. കലിഗ്രഫിക്കുവേണ്ടി മാത്രമായ അക്ഷരോത്സവം ഇന്ത്യയിൽ നടക്കുന്നത് കേരളത്തിൽ മാത്രമാണെന്നത് ഈ അവസരത്തിൽ രേഖപ്പെടുത്താതെ ഇരിക്കാനും സാധ്യമല്ല. പുതിയ തലമുറ ധൈര്യപൂർവ്വം ഈ രംഗത്തേക്കു വരുന്നു എന്നതും ശുഭോദർക്കമായ കാര്യമാണ്.

ഫോട്ടോഗ്രഫി വന്നപ്പോൾ റിയലിസ്റ്റിക് പെയിന്റിംഗ് രചന അസ്തമിക്കും, കമ്പ്യൂട്ടർ വന്നാൽ ജോലി നഷ്ടപ്പെടും എന്നതുപോലെ ഒരു അന്ധവിശ്വാസമാണ് നിർമ്മിതബുദ്ധി കലിഗ്രഫിക്കു ഭീഷണിയാകും



എന്നത്. നിർമ്മിതബുദ്ധി ഉപയോഗിച്ച് കലിഗ്രഫി ചെയ്യാനാകില്ല എന്നല്ല ഇതിനർഥം. ഒരു കലിഗ്രഫറുടെ കയ്യൊപ്പു പതിക്കുന്ന രചന അയാളുടെ മനസ്സിൽ നിന്ന് കയ്യിലൂടെ, പേനയിലൂടെ, മഷിയിലൂടെ കടലാസിൽ തെളിയുന്നതു തന്നെയാണ്.






ഭാഷയിലൂടെ കേരളം സ്വന്തം ചരിത്രത്തെ തിരിച്ചറിഞ്ഞു; സാഹിത്യത്തിലൂടെ ചിന്തിക്കാൻ പഠിച്ചു; ഭാവനയുടെ ലോകത്തു പറക്കാൻ പഠിച്ചു. നവോത്ഥാനത്തിലൂടെ മാറ്റങ്ങളെ സ്വീകരിച്ചു; സംസ്കാരത്തിലൂടെ സ്വന്തം സ്വത്വം നിലനിർത്തി; കലിഗ്രഫിയിലൂടെ അക്ഷരം നശിക്കില്ല എന്ന വസ്തുത അന്വർഥമാക്കി. അതുകൊണ്ട് മലയാളം കേരളത്തിന്റെ സംസാരഭാഷ മാത്രമല്ല, ദൃശ്യഭാഷ കൂടിയാണ്. അതിന്റെ ചരിത്രവും ഓർമ്മയും സംസ്കാരവും സാമൂഹികബോധവും ഭാവിസ്വപ്നങ്ങളും ഉൾക്കൊള്ളുന്ന ജീവിക്കുന്ന സാന്നിധ്യമാണ്. ■

ഡോ. പ്രിൻസ് മോൻ ജോസ്
അസി.പ്രൊഫസർ,മലയാളവിഭാഗം
സെന്റ് തോമസ് കോളേജ് പാലാ



സൈബർ ലോകത്ത് ഏറ്റവും സജീവമായി നിൽക്കുന്നത് 'ജെൻ-സി', 'ആൽഫാ' തലമുറകളാണ്. പരമ്പരാഗത സങ്കൽപ്പങ്ങളെ കീഴ്മേൽ മറിക്കുന്നതികച്ചും വൈകാരികവും ഫലിതപ്രധാനവുമായ നവഭാഷാ സംസ്കാരം ഇവർ നിർമ്മിച്ചെടുത്തിട്ടുണ്ട്

ഗോട്ടും പൂക്കിയും ഡെലുലുവും ...
പുതുതലമുറയുടെ ഭാഷാവിനിമയങ്ങൾ



സാങ്കേതികമാറ്റത്തിനും സാങ്കേതികവികാസങ്ങൾക്കും അനുസൃതമായി നിരന്തരം പരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ജീവൽപ്രതിഭാസമാണ് ഭാഷ. ആധുനികസങ്കേതികവിദ്യയുടെ വികാസത്തോടെ ആശയവിനിമയത്തിന്റെ പരമ്പരാഗത അതിർവരമ്പുകൾ ഭേദിക്കപ്പെടുകയും 'സൈബർസ്പേസ്' എന്ന ആഗോള നവഭ്രമിക പിറവിയെടുക്കുകയും ചെയ്തു. അസംഖ്യവും അനന്തവും അതിരുകളില്ലാത്തതുമായ ഈ വ്യവഹാരമണ്ഡലത്തിൽ സംസ്കാരവും ജീവിതവും ഭാഷയും ഏകാത്മകമായി സമ്മേളിക്കുന്നു. ഇംഗ്ലീഷ് കേന്ദ്രീകൃതമായി ആരംഭിച്ച ഡിജിറ്റൽ ലോകത്തേക്ക് പ്രാദേശിക ഭാഷകൾ കടന്നുവന്നതോടെ രൂപപ്പെട്ട ആശയവിനിമയോപാധിയാണ് 'സൈബർ മലയാളം'. അക്ഷരമാലാപരമായ അതിരുകളെയും വ്യാകരണ നിഷ്കർഷകളെയും മറികടന്ന് ജനപ്രിയ സംസ്കാരത്തെയും യുവതലമുറയുടെ മനശ്ശാസ്ത്രത്തെയും ആധാരമാക്കി വളരുന്ന ഈ പുതുഭാഷ, മലയാള ഭാഷാചരിത്രത്തിലെ നൂതനമുഖങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ഇമോജി എന്ന ആഗോള ചിഹ്നഭാഷ

മാനവചരിത്രത്തിന്റെ ആരംഭഘട്ടത്തിൽ സുമേറിയൻ ക്യൂണിഫോം ശൈലിയിലും ചൈനീസ് ചിത്രലിപികളിലും നിഴലിച്ചിരുന്ന ആശയവിനിമയ തന്ത്രങ്ങളുടെ കാലാനുസൃതമായ സാങ്കേതിക പുനരാവിഷ്കാരമാണ് ഇന്നത്തെ സൈബർ വിനിമയങ്ങളിൽ കാണാൻ സാധിക്കുന്നത്. അക്ഷരങ്ങളിലൂടെ മാത്രം വികാരങ്ങളെയും ആശയങ്ങളെയും പ്രകടിപ്പിക്കുന്നതിലെ പരിമിതികളെ മറികടക്കാൻ നവമാധ്യമങ്ങൾ ഇമോജികളും സ്റ്റിക്കറു

കളും പോലുള്ള ഉപായങ്ങൾ സ്വീകരിച്ചു. ഇമോഷൻ, ഐക്കൺ എന്നീ പദങ്ങളുടെ സംയോജനമായ 'ഇമോത്തിക്കോൺ' (Emoticon) ആണ് പിൽക്കാലത്ത് ഇമോജികളായി മാറിയത്. ചിരി, കരച്ചിൽ, പ്രണയം, അത്ഭുതം, പുച്ഛം, നിരാശ തുടങ്ങിയ മാനുഷിക വികാരങ്ങളെ അതിരുകളില്ലാതെ പ്രകടിപ്പിക്കാൻ ഇവ സഹായിക്കുന്നു. ആശയവിനിമയ വേഗത വർദ്ധിപ്പിക്കാനും വാചകങ്ങളുടെ ദീർഘത കുറയ്ക്കാനും ഉപകരിക്കുന്നതോടൊപ്പം, വ്യത്യസ്ത ഭാഷക്കാരെ തമ്മിൽ ബന്ധിപ്പിക്കുന്ന ആഗോള ചിഹ്നഭാഷയായി ഇവ ഇന്ന് മാറിയിരിക്കുന്നു.

വാക്കുകളുടെ സന്ദർഭ വിശകലനം

മലയാള ഭാഷയിലെ 51 അക്ഷരങ്ങളെയും സങ്കീർണ്ണമായ കൂട്ടക്ഷരങ്ങളെയും കേവലം 26 ഇംഗ്ലീഷ് അക്ഷരങ്ങളുള്ള ക്വാർട്ടി (QWERTY) കീബോർഡിലേക്ക് ആവാഹിച്ചപ്പോൾ പിറവിയെടുത്തതാണ് 'മംഗ്ലീഷ്' (ഇംഗ്ലീഷ് അക്ഷരമാല ഉപയോഗിച്ച് മലയാളം എഴുതുന്ന രീതി). ലിപിയിലെ ഈ പരിമിതിയെ ജനങ്ങൾ തങ്ങളുടെ സ്വാഭാവികമായ അർത്ഥഗ്രാഹ്യശേഷി കൊണ്ട് തരണം ചെയ്തു. ഒരേ റോമൻ അക്ഷരവിന്യാസം സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത മലയാള പദങ്ങളെ പ്രതിനിധാനം ചെയ്യുന്ന കൗതുകകരമായ പ്രതിഭാസം മംഗ്ലീഷിൽ കാണാം. ഉദാഹരണത്തിന്, 'Muttam' എന്ന വാക്ക് സാഹചര്യത്തിനനുസരിച്ച് 'മുറ്റത്ത്' എന്നും 'മുട്ടം' എന്നും അർത്ഥം നൽകാം. അതുപോലെ 'Ariyuka' എന്നത് 'അറിയുക' എന്നോ 'അരിയുക' എന്നോ വായിക്കാം. 'Undoo' (ഉണ്ടോ / ഉണ്ട), 'Chetta' (ചേട്ടാ / ചെറ്റ) തുടങ്ങിയ പ്രയോഗങ്ങളിലും ഭാഷാപരമായ ഈ അനിശ്ചിതത്വത്തെ സംഭാഷണത്തിന്റെ മുൻപിൻ സന്ദർഭങ്ങൾ വിശകലനം ചെയ്ത് ഗ്രഹിക്കാനുള്ള കഴിവ് നവതലമുറ സ്വായത്തമാക്കിയിരിക്കുന്നു.

വിവർത്തനമില്ലാതെ സ്വാംശീകരണം

ഡിജിറ്റൽ ലോകത്തെ ആജ്ഞാപദങ്ങളെയും സാങ്കേതിക പദങ്ങളെയും മലയാള ഭാഷ സ്വന്തം വ്യാകരണഘടനയിലേക്ക് ഇന്ന് സ്വാംശീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് നാമപദങ്ങളോടും ക്രിയകളോടും മലയാളത്തിലെ 'ഉക' എന്ന കേവലക്രിയാപ്രത്യയവും 'ചെയ്യുക' എന്ന അനുപ്രയോഗവും ചേർത്താണ് പുതിയ പദങ്ങൾ സൃഷ്ടിക്കുന്നത്. 'Chatting' എന്നതിൽ നിന്ന് ചാറ്റുക എന്നും, 'Liking' എന്നതിൽ നിന്ന് ലൈക്കുക എന്നും, 'Blogging' എന്നതിൽ നിന്ന് ബ്ലോഗുക എന്നും പദങ്ങൾ രൂപപ്പെടുന്നു. കൂടാതെ ഡു-സപ്പോർട്ട് (Do-support) ശൈലിയെ അനുകരിച്ച്



ഇംഗ്ലീഷ് പദങ്ങളോട് 'ചെയ്യുക' ചേർക്കുന്ന രീതി സാർവത്രികമാണ്. ഷെയർ ചെയ്യുക, ടാഗ് ചെയ്യുക, മ്യൂട്ട് ചെയ്യുക, ഫോർവേഡ് ചെയ്യുക, അപ്ലോഡ് ചെയ്യുക, ഡിലീറ്റ് ചെയ്യുക എന്നിവ ഇതിനുദാഹരണങ്ങളാണ്. പോസ്റ്റ്, കമന്റ്, പ്രൊഫൈൽ, അക്കൗണ്ട്, ഹാഷ്ടാഗ്, അറ്റാച്ച്മെന്റ് തുടങ്ങിയ ചില സാങ്കേതിക ശബ്ദങ്ങളാകട്ടെ, വിവർത്തനം കൂടാതെ തന്നെ മലയാളത്തിന്റെ തനിമയുള്ള പ്രയോഗങ്ങളായി മാറിയിട്ടുമുണ്ട്.

'ജെൻ-സി' 'ജെൻ-ആൽഫാ നവഭാഷാ രീതികൾ

വിവരസാങ്കേതികവിദ്യയുടെ വേഗതയേറിയ ഒഴുക്കിൽ ദീർഘമായ വാചകങ്ങൾക്ക് പകരം ലളിതവും വേഗത്തിൽ അയക്കാവുന്നതുമായ ചുരുക്കെഴുത്തുകൾ പ്രചാരത്തിലായി. നിയമബദ്ധമായ ഭാഷാചട്ടങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് രൂപപ്പെട്ട പ്രധാന ചുരുക്കെഴുത്തുകളാണ് HBD (Happy Birthday), Gn8 / Gud nite (Good Night), Spl food (Special food), Congratz (Congratulations), Sry (Sorry), Gud mrng (Good Morning), Frnds (Friends) എന്നിവ. തൊഴിൽത്തിരക്കുകൾക്കിടയിലും യാത്രകൾക്കിടയിലും മൊബൈൽ ഉപയോഗിച്ച് വേഗത്തിൽ ആശയവിനിമയം നടത്താനുള്ള ശ്രമമാണ് ഭാഷയിൽ ഇത്തരം ചുരുക്കെഴുത്തുകൾക്ക് വഴിയൊരുക്കിയത്.

സൈബർ ലോകത്ത് ഏറ്റവും സജീവമായി നിൽക്കുന്നത് 'ജെൻ-സി' (Gen-Z), 'ആൽഫാ' (Gen-Alpha) തലമുറകളാണ്. പരമ്പരാഗത സങ്കൽപ്പങ്ങളെ കീഴ്മേൽ മറിക്കുന്ന തികച്ചും വൈകാരികവും ഫലിതപ്രധാനവുമായ നവഭാഷാ സംസ്കാരം ഇവർ നിർമ്മിച്ചെടുത്തിട്ടുണ്ട്. ജെൻ-സി തലമുറ അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാമൂഹികബന്ധങ്ങളെ അടിസ്ഥാനമാക്കി നിരവധി പുതിയ പദങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നു. കൂട്ടുകാരനെ 'ചങ്ക്', 'ചങ്കത്തി', 'മച്ചാൻ', 'ബ്രോ', 'സഹോ' എന്നിങ്ങനെ വിളിക്കുമ്പോൾ, ചതിക്കപ്പെടുകയോ നാണംകെടുകയോ ചെയ്യുന്ന വ്യക്തിയെ 'ശശി' എന്നും, വായ്നോക്കുന്ന സ്വഭാവമുള്ളയാളെ 'കോഴി' എന്നും, ബോധമില്ലാതെ പെരുമാറുന്നയാളെ 'സൈക്കോ' എന്നും വിളിക്കുന്നു. ടെൻഡുകൾ അറിയാത്തവരെ 'ഗ്രാമവാസി', 'കഞ്ഞി' എന്നും, പ്രണയനൈരാശ്യത്തെ 'തേപ്പ്' എന്നും, കാര്യങ്ങൾ വശക്കേടായ സാഹചര്യങ്ങളെ 'സീനായി' അല്ലെങ്കിൽ 'ഡെഡ് സിറ്റുവേഷൻ' എന്നും ഇവർ അടയാളപ്പെടുത്തുന്നു.

ഗേമിംഗ്, ടിക് ടോക്ക്, യൂട്യൂബ് സ്ട്രീമിംഗ് എന്നിവയിലൂടെ വളർന്ന ആൽഫാ തലമുറയാകട്ടെ മലയാള സംഭാഷണങ്ങളിലേക്ക് പുതിയ ഇംഗ്ലീഷ്-ആഗോള സ്ലാങ്ങുകളെ തടസ്സമില്ലാതെ ഇന്ന് പ്രയോഗിക്കുന്നു. വ്യക്തിപ്രഭാവം കൊണ്ട് മറ്റുള്ളവരെ ആകർഷിക്കാനുള്ള കഴിവിനെ 'റിസ്' എന്നും, ആരുടെയും അടിമയാകാത്ത സ്വതന്ത്ര വ്യക്തിത്വത്തെ 'സിഗ്മ' എന്നും, പൊങ്ങച്ചം കാണിക്കുന്നതിനെ 'ഫ്ലെക്സ്' എന്നും ഇവർ



ക്യൂണിഫോം ലിപി

വിശേഷിപ്പിക്കുന്നു. നണ പറയുന്നതിനെ 'ക്യാപ്' എന്നും സത്യമായിട്ടും എന്ന് സൂചിപ്പിക്കാൻ 'നോ ക്യാപ്' എന്നും, വിചിത്രമായ സാഹചര്യങ്ങളെ 'സ്റ്റിബിഡി' അല്ലെങ്കിൽ 'ഒഹിയോ' എന്നും ഇവർ പ്രയോഗിക്കുന്നു.

ഗോട്ടും പുക്കിയും ഡെലുലുവും

സാമൂഹികമാധ്യമങ്ങളുടെയും ഡിജിറ്റൽ സാങ്കേതികവിദ്യകളുടെയും സ്വാധീനത്തിൽ ജെൻ സി യുടെ ഭാഷയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ തലമുറയുടെ ആശയവിനിമയത്തിൽ പരമ്പരാഗത ഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് സ്ലാങ്ങുകളും ചുരുക്കരൂപങ്ങളും പുതിയ പ്രയോഗങ്ങളും വ്യാപകമാണ്. 'ഡെലുലു' എന്നത് യാഥാർഥ്യബോധമില്ലാത്ത സ്വപ്നചിന്തയെ സൂചിപ്പിക്കുന്ന പദമാണ്. 'സർവ്വംമായ' എന്ന നിവിൻ പോളി ചിത്രം മുതലാണ് ഈ പ്രയോഗം സാർവ്വത്രികമാകുന്നത്. ഗോട്ട് ഏറ്റവും മികച്ച വ്യക്തിയെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്നു.

പ്രിയപ്പെട്ടവരെ സ്നേഹത്തോടെ വിളിക്കുന്ന ഓമനപ്പേരാണ് പൂക്കി. 'വൈബ്' രൂപപ്പെടുത്തുന്ന അനുഭവാന്തരീക്ഷത്തെ സൂചിപ്പിക്കുന്നപദമാണ്. റിസ് ആകർഷിക്കാനുള്ള കഴിവിനെയും ഫ്ലെക്സ് സ്വന്തം നേട്ടങ്ങളോ കഴിവുകളോ പ്രകടിപ്പിക്കുന്നതിനെയും സൂചിപ്പിക്കുന്നു. അതുപോലെ സിഗ്മ സ്വതന്ത്രമായ വ്യക്തിത്വത്തെ സൂചിപ്പിക്കാനും 'സ്ലേ' മികച്ച രീതിയിൽ എന്തെങ്കിലും ചെയ്യുന്നതിനെ അഭിനന്ദിക്കാനും ഉപയോഗിക്കുന്നു. 'സസ്' സംശയാസ്പദമായ കാര്യങ്ങൾക്കും 'ഗ്യാറ്റ്' അതിശയമോ വിസ്മയമോ പ്രകടിപ്പിക്കാനും ഉപയോഗിക്കുന്നു. 'ഫയർ' മികച്ചതിനെ സൂചിപ്പിക്കുമ്പോൾ 'ബെറ്റ്' സമ്മതം അറിയിക്കുന്ന പ്രയോഗമാണ്. 'ബസ്സിൻ' വളരെ മികച്ചതോ രുചികരമായതോ ആയ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. 'സ്കിബിഡി' , 'ഡ്രിപ്', 'മോഗിങ്', 'നോ ക്യാപ്', 'ഫാക്ട്സ്', 'ലോക്കി' തുടങ്ങിയവയും സാമൂഹികമാധ്യമ ഭാഷയിൽ സജീവമാണ്. ഇത്തരം പ്രയോഗങ്ങൾ ഭാഷയുടെ കോഡ്-മിക്സിങ്, ചുരുക്കവൽക്കരണം, അർത്ഥപരിവർത്തനം, പുതിയ പദനിർമ്മാണം എന്നിവയുടെ ഉദാഹരണങ്ങളാണ്. അതിനാൽ ജെൻ സി ഭാഷ വെറും സ്ലാങ്ങുകളുടെ കൂട്ടമല്ല; സാങ്കേതികവിദ്യയും സാമൂഹികമാധ്യമങ്ങളും രൂപപ്പെടുത്തുന്ന ചലനാത്മകമായ പുതിയ ഭാഷാസംസ്കാരത്തിന്റെ പ്രതിഫലനമാണ്.

മീമുകളും ട്രോളുകളും

സമൂഹത്തിലെ വൈരുദ്ധ്യങ്ങളെയും രാഷ്ട്രീയ-സാമൂഹിക ജീർണ്ണതകളെയും ആക്ഷേപഹാസ്യത്തിലൂടെ വിമർശിക്കാൻ സൈബർ ലോകം ഉപയോഗിക്കുന്ന പ്രധാന ഉപാധികളാണ് മീമുകളും ട്രോളുകളും. ഭാവങ്ങൾ, ചിന്തകൾ, ആംഗ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സാംസ്കാരിക വിവരങ്ങളുടെ ഹ്രസ്വ രൂപങ്ങളാണ് മീമുകൾ; ഇത് ആരെയും നേരിട്ട് ആക്രമിക്കാതെ തമാശയും ചിന്തയും പകരുന്നു. എന്നാൽ സിനിമകളിലെ ജനപ്രിയ ഹാസ്യ രംഗങ്ങളും കഥാപാത്രങ്ങളുടെ മുഖഭാവങ്ങളും ഉപയോഗിച്ച് രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളെ നിശിതമായി വിമർശിക്കുന്ന മാധ്യമമാണ് ട്രോളുകൾ. പരമ്പരാഗത ആക്ഷേപഹാസ്യ രൂപങ്ങളായ 'ചാക്യാർകൂത്ത്', 'ഓട്ടൻതുള്ളൽ' എന്നിവയുടെ ആധുനിക ഡിജിറ്റൽ പതിപ്പാണ് ട്രോളുകൾ എന്ന് പറയാം. നവമാധ്യമസംസ്കാരം സോഷ്യൽ മീഡിയയിൽ പുതിയ ഭാഷാപ്രയോഗങ്ങൾക്ക് ജന്മം നൽകി. ക്ഷണിക്കപ്പെടാത്ത ഇടങ്ങളിൽ പ്രവേശിക്കുന്നതിനെ 'കുമ്മനടി' എന്നും, അപൂർവ്വവും കഠിനവുമായ ഇംഗ്ലീഷ് പദപ്രയോഗങ്ങളെ 'തത്രരിയൻ നിഘണ്ടു' എന്നും വിളിക്കുന്നത് ഇതിനുദാഹരണമാണ്. അത്യഗ്രൻ കാര്യങ്ങളെ 'എജ്ജാതി', 'അഡാറ്' എന്നും, അബദ്ധം പറ്റി നാണംകെടുന്നതിനെ 'പ്ലിങ്' എന്നും, നിലവാരമില്ലാത്ത തമാശകളെ 'ചളിയടി' എന്നും, ആവേശകരമായ പ്രകടനങ്ങളെ 'മരണമാസ്' എന്നും ഇവർ വിശേഷിപ്പിക്കുന്നു. കൂടാതെ രാഷ്ട്രീയ ധ്രുവീകരണത്തിന്റെ ഭാഗമായി 'സംഘി', 'കമ്മി', 'കൊങ്ങി', 'സുഡാപ്പി' തുടങ്ങിയ പദങ്ങളും സൈബർ ഇടങ്ങളിൽ വ്യാപകമായി.

മലയാളവും ഡിജിറ്റൽ ലോകത്തെ വിനിമയങ്ങളും

കുടുംബാന്തരീക്ഷത്തിലും പരമ്പരാഗത സാമൂഹിക മണ്ഡലങ്ങളിലും ഉപയോഗിക്കുന്ന മലയാളവും ഡിജിറ്റൽ ലോകത്തെ വിനിമയങ്ങളും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ട്. വീട്ടിലെ മലയാളം ഔദ്യോഗികവും വ്യാകരണ നിഷ്കർഷ പാലിക്കുന്നതുമായ ദീർഘവാചകങ്ങളാൽ സമൃദ്ധമായിരിക്കുമ്പോൾ, ഡിജിറ്റൽ മലയാളം സ്വാതന്ത്ര്യവും ആക്ഷേപഹാസ്യവും നിറഞ്ഞ വ്യാകരണ രഹിതമായ ചുരുക്കെഴുത്തുകളിലും ഇമോജികളിലും അധിഷ്ഠിതമാണ്. വീട്ടുകങ്ങളിൽ 'സുഖമാണോ?' എന്ന് ആദരവോടെ ചോദിക്കുന്ന സ്ഥാനത്ത്, ഡിജിറ്റൽ മാധ്യമങ്ങളിൽ 'Wxom?' എന്നോ ഒരു സ്മൈലി ഇമോജി അയച്ചോ സംഭാഷണം പൂർത്തിയാക്കാൻ സാധിക്കുന്നു. ഇത് ഭാഷയുടെ വാചികമായ ഘടനയെ മാറ്റിമറിച്ച് ദൃശ്യപരമായ അനുഭവമാക്കി മാറ്റുന്നു.

പുതുകാലത്തെ മലയാളം എന്നത് വ്യാകരണനിയമങ്ങളുടെ പരിധിയിൽ ഒതുങ്ങുന്ന ഒന്നല്ല; മറിച്ച്, നാടോടി വഴക്കങ്ങളും വായ്മൊഴികളും പോലെ അജ്ഞാതകർതൃകമായി സ്വയം നവീകരിക്കപ്പെടുന്ന ഒരു ജീവത്ഭാഷയാണ്. പാഠഭേദങ്ങൾക്കും പരിണാമങ്ങൾക്കും വഴങ്ങി കൊടുക്കുന്ന ഈ പുതുഭാഷ, കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഭാഷയുടെ ശുദ്ധിയെക്കുറിച്ചുള്ള പരമ്പരാഗത ആശങ്കകൾ നിലനിൽക്കുന്നുണ്ടെങ്കിലും, പുതുമലയാളം ഭാഷയുടെ വിനാശമല്ല, മറിച്ച് വർത്തമാനകാല സങ്കേതങ്ങൾക്കനുസരിച്ചുള്ള ഭാഷാപരിണാമമാണെന്ന് അവയിൽ സംഭവിക്കുന്നതെന്ന് നിരീക്ഷിക്കാം.

അക്ഷരങ്ങളിൽ നിന്ന് ചിത്രങ്ങളിലേക്കും, ചിത്രങ്ങളിൽ നിന്ന് സർഗ്ഗാത്മകമായ നവ-പ്രയോഗങ്ങളിലേക്കും സഞ്ചരിക്കുന്ന മലയാള ഭാഷ ഡിജിറ്റൽ ലോകത്തും തനതായ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് ഇന്ന് പ്രതിദിനം നവീകരിക്കപ്പെട്ടുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. ■

ഡോ. സ്മിത കെ. നായർ
അസോസിയേറ്റ് പ്രൊഫസർ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ



നിയമഭാഷയുടെ ലളിതവൽക്കരണം എന്നത് നിയമപരമായ കൃത്യതയിൽ വിട്ടുവീഴ്ച ചെയ്യുന്നതല്ല. ലളിതമായ വാക്യങ്ങൾ, വ്യക്തമായ പദപ്രയോഗം, ഉചിതമായ തലക്കെട്ടുകൾ, ഉപതലക്കെട്ടുകൾ, ആവശ്യമായിടത്ത് സാങ്കേതികപദങ്ങളുടെ വിശദീകരണം, പ്രായോഗിക ഉദാഹരണങ്ങൾ എന്നിവ ഉപയോഗിക്കുന്നത് നിയമരേഖകളുടെ ഘടനയെ എളുപ്പമാക്കും

കോടതി ഭാഷയിലെ മലയാളം



നിയമവും നീതിന്യായവ്യവസ്ഥയും പ്രധാനമായും ഭാഷയിലൂടെയാണ് പ്രവർത്തിക്കുന്നത്. നിയമനിർമ്മാണം, നിയമവ്യാഖ്യാനം, കോടതി നടപടികൾ, വിധിന്യായങ്ങൾ, ഹർജികൾ, സത്യവാങ്മൂലങ്ങൾ, കരാറുകൾ തുടങ്ങിയവയെല്ലാം ഭാഷയെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും നീതി ഉറപ്പാക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രധാന പൊതുസ്ഥാപനമാണ് കോടതി.

അതുകൊണ്ടുതന്നെ നിയമഭാഷ കേവലം നിയമവിദഗ്ധർക്കിടയിലെ ആശയവിനിമയത്തിനുള്ള ഒരു സാങ്കേതികഭാഷയല്ല മറിച്ച് സാധാരണ ജനങ്ങളും നീതിന്യായ വ്യവസ്ഥയും തമ്മിലുള്ള പ്രധാന ആശയവിനിമയമാധ്യമം കൂടിയാണ്. സാധാരണക്കാരന് തന്റെ അവകാശങ്ങളും ബാധ്യതകളും മനസ്സിലാക്കാനും കോടതിയിൽ നടക്കുന്ന നടപടികൾ ഗ്രഹിക്കാനും വിധിയുടെ അർഥം തിരിച്ചറിയാനും കഴിയുന്നത് ഭാഷയിലൂടെയാണ്.

നിയമവും നീതിന്യായനടപടികളും വ്യക്തികളുടെ ജീവിതത്തെയും സ്വത്തിനെയും അവകാശങ്ങളെയും നേരിട്ട് ബാധിക്കുന്നതിനാൽ കോടതിഭാഷയുടെ വ്യക്തതയും ലാളിത്യവും നീതി ലഭ്യതയുടെ പ്രധാന ഘടകങ്ങളാണ്. ജനാധിപത്യപരമായ നീതി ലഭ്യത ഉറപ്പാക്കുന്നതിന് സങ്കീർണ്ണമായ സാങ്കേതിക നിയമഭാഷയ്ക്ക് പകരം വ്യക്തവും സുഗമമായി മനസ്സിലാക്കാവുന്നതുമായ വ്യവഹാരഭാഷ വികസിപ്പിച്ചെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

കോടതിഭാഷ

നിയമരേഖകളിലും നിയമപരമായ മറ്റു സന്ദർഭങ്ങളിലും ഉപയോഗിക്കുന്ന സവിശേഷമായ വാക്യഘടനയും പദാവലിയും ചേർന്ന ഭാഷയാണ് പൊതുവേ നിയമഭാഷ എന്ന് നിർവചിക്കപ്പെടുന്നത്. സാങ്കേതിക പദങ്ങളുടെ ബാഹുല്യം, ദീർഘവും സങ്കീർണ്ണവുമായ വാക്യങ്ങൾ, ഔപചാരികപ്രയോഗങ്ങൾ എന്നിവ നിയമ ഭാഷയുടെ പ്രത്യേകതകളായി കാണുന്നു. ഇത്തരം സവിശേഷതകളുടെ കൂട്ടായ രൂപത്തെയാണ് 'legalese' അഥവാ നിയമഭാഷ എന്ന് വിളിക്കുന്നത്. നിയമ രേഖകളിലെ എഴുത്തുഭാഷയിൽ നാമീകരിച്ച ക്രിയകളുടെയും കർമ്മണിപ്രയോഗങ്ങളുടെയും ഉപയോഗം കൂടുതലാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇവ രണ്ടും നിയമ ഭാഷയുടെ പ്രധാന സവിശേഷതകൾ ആയി കണക്കാക്കപ്പെടുന്നു.

നിയമപരമായ രേഖകൾ പേജിൽ ഇടതിങ്ങി നിറഞ്ഞ രൂപത്തിലും ചിഹ്നങ്ങളുടെ കുറഞ്ഞ ഉപയോഗത്തോടെയും വളരെ ഔപചാരികമായ ശൈലിയിലാണ് തയ്യാറാക്കുന്നത്. ഇവ പലപ്പോഴും കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്ന മുൻമാതൃകകളെ അടിസ്ഥാനമാക്കി എഴുതപ്പെടുന്നവയാണ്. നിയമ രേഖകളിലെ

വാക്യങ്ങൾ വളരെ നീളമുള്ളതും വ്യാകരണപരമായി സങ്കീർണവുമാണ്. ചിലപ്പോൾ ഒരു ഖണ്ഡിക മുഴുവൻ ഒരൊറ്റ വാക്യം ആയിരിക്കും. ഇത്തരത്തിൽ സങ്കീർണ്ണമായ വാക്യഘടന കോടതി ഭാഷയെ കൂടുതൽ പ്രശ്നവൽക്കരിക്കുന്നു. ഈ വാക്യഘടന നിയമനിർമ്മാണരേഖകൾ, വിധിന്യായങ്ങൾ, ആധാരങ്ങൾ തുടങ്ങിയ എഴുത്തുരൂപങ്ങളിലാണ് കൂടുതൽ പ്രകടമാകുന്നത്. വാദങ്ങൾ മലയാളത്തിൽ നടക്കുന്ന കോടതികളിൽ അഭിഭാഷകർ സംസാരിക്കുമ്പോൾ എല്ലായിപ്പോഴും സങ്കീർണ്ണമായ നിയമഭാഷ ഉപയോഗിക്കുന്നില്ല. സങ്കീർണ്ണമായ വാക്യഘടനയും ദീർഘമായ വാക്യങ്ങളും ഔപചാരിക മായ പ്രയോഗങ്ങളും യൂറോപ്യൻ നിയമ ഭാഷയുടെ ഘടനയായിരുന്നു. നിയമപരമായ ആശയങ്ങൾക്ക് കൃത്യത നൽകുന്നതിന് ആയിട്ടാണ് ഇത്തരത്തിൽ പ്രത്യേക പദാവലിയും വാക്യഘടനയും ഉപയോഗിച്ചു തുടങ്ങിയത്. ഇത് ലോകമെമ്പാടും സ്വീകരിക്കപ്പെട്ടിരുന്നു. എന്നാൽ പിന്നീട് ആഗോളീകരണത്തിന്റെ ഭാഗമായി ഉണ്ടായ ഭാഷ മാറ്റങ്ങൾക്ക് അനുസരിച്ച് ഇത്തരം ഭാഷാ ഘടന ജനാധിപത്യവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ലോകമെമ്പാടും നടന്നുവരുന്നു.

സങ്കീർണ്ണം സാങ്കേതിക പദാവലി

വാക്യഘടനപോലെതന്നെ നിയമഭാഷയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിൽ ഒന്നാണ് സാങ്കേതിക പദാവലി. ലാറ്റിൻ, അറബി ഉൾപ്പെടെയുള്ള വിവിധ ഭാഷകളിൽ നിന്നുള്ള ഒട്ടനവധി പദങ്ങളും നിയമഭാഷയുടെ ചരിത്രപരമായ വികാസത്തിന്റെ ഭാഗമായി മലയാളത്തിൽ നിലനിൽക്കുന്നു. ഹേബിയസ് കോർപ്പസ് ബോണഫൈഡ്, ദർഘാസ്ത്, സബ് ജൂഡീസ് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. അറബി, പേർഷ്യൻ തുടങ്ങി വിവിധ ഭാഷകളിൽ നിന്ന് പ്രചാരത്തിലായ വക്കീൽ, അപ്പീൽ, ഹർജി തുടങ്ങി ഒട്ടനവധി പദങ്ങൾ മലയാളത്തിന്റെ തന്നെ ഭാഗമായിത്തീർന്നു.

നിയമഭാഷയിൽ പൊതുവേ നിയമരംഗത്ത് മാത്രം ഉപയോഗിക്കുന്ന പദങ്ങൾ (ഹർജി, വിധിന്യായം, കുറ്റപത്രം), സാധാരണഭാഷയിലും നിയമരംഗത്തും വ്യത്യസ്ത അർഥങ്ങളുള്ള പദങ്ങൾ (തീർപ്പ്, മൊഴി, വിധി), ദൈനംദിന ജീവിതത്തിലെ സാധാരണ പദങ്ങൾ (ഭൂമി, സ്വത്തവകാശം, രേഖ), രേഖകളിൽ കൃത്യമായി നിർവചിക്കുന്ന പദങ്ങൾ (നഷ്ടപരിഹാരം, ഹേബിയസ് കോർപ്പസ്, അമിക്കസ് ക്യൂറി) എന്നിങ്ങനെ നാലുതരം പദങ്ങൾ കാണപ്പെടുന്നു. പദങ്ങളുടെ വിവർത്തനത്തിലും ഇത് പ്രകടമായിക്കാണാം. Relief എന്ന പദം സാധാരണ ഭാഷയിൽ 'ആശ്വാസം' എന്നാണെങ്കിൽ, നിയമത്തിൽ ഇത് കോടതിമുഖേന ലഭിക്കുന്ന 'പരിഹാരം/നഷ്ടപരിഹാരം' ആണ്.

കോടതിമുറികളിലെ ആശയവിനിമയം

നിയമഭാഷ പൊതുഭാഷയെ അപേക്ഷിച്ചു താരതമ്യേന പതുക്കെയാണ് മാറ്റത്തിന് വിധേയമാകുന്നത്. നിയമഭാഷയെ വെറും ആശയവിനിമയ ഉപാധിയായി മാത്രം കാണാൻ കഴിയില്ല. അത് അധികാരത്തിന്റെ ഒരു സാമൂഹിക വ്യവഹാരമാധ്യമം കൂടിയാണ്. കോടതിഭാഷ സ്ഥാപനപരമായ അധികാരത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. കോടതിമുറിയിൽ ആരാണ് സംസാരിക്കുന്നത്, ആരെ എങ്ങനെ അഭിസംബോധന ചെയ്യുന്നു, ആരുടെ വാക്കുകൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു, സാക്ഷിയുടെ വിശ്വാസ്യത എങ്ങനെ ഭാഷയിലൂടെ നിർമ്മിക്കപ്പെടുന്നു തുടങ്ങിയ കാര്യങ്ങൾ സാമൂഹിക അധികാരബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്.



ജസ്റ്റിസ് കെ കെ നരേന്ദ്രൻ

ഈ പ്രക്രിയയിൽ സാധാരണക്കാരായ സാക്ഷികളുടെയും പ്രതികളുടെയും ആവിഷ്കാരസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുകയും ആശയവിനിമയ അസമത്വം രൂപപ്പെടുകയും ചെയ്യുന്നു.

"ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത കക്ഷികൾക്ക് വിധിന്യായങ്ങൾ ഇംഗ്ലീഷിൽ നൽകപ്പെടുന്നതുകൊണ്ട് വളരെ വൈഷമ്യം അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന പരാതി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. ഇതിൽ വളരെ വാസ്തവമുണ്ട്. ചിലപ്പോൾ ഈ രാജ്യത്തെ ഒരു പൗരനായ കക്ഷിയുടെ ജീവനെത്തന്നെ ബാധിക്കുന്ന വിധിയായിരിക്കും പ്രസ്താവിക്കപ്പെടുന്നത്. അത് അയാൾക്ക് മനസ്സിലാവാത്ത ഭാഷയിൽ നൽകുന്നത് തീർച്ചയായും നിർദയമാണ്" എന്ന് കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി റിപ്പോർട്ടിൽ, 1957 - ൽത്തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. തുടർന്ന് 87ലെ നരേന്ദ്രൻ കമ്മീഷൻ കോടതിഭാഷ മലയാളമാക്കുന്നതിന് ആവശ്യമായ സമഗ്രമായ നിർദേശങ്ങൾ നൽകി. പിന്നീട് കാലാകാലങ്ങളിൽ വിവിധ ഉത്തരവുകളും നിർദേശങ്ങളും ഉണ്ടായെങ്കിലും കോടതിഭാഷ പൂർണ്ണമായും മലയാളമായിട്ടില്ല. ഏറ്റവും ഒടുവിൽ 2026 ലെ മലയാളഭാഷ ആക്ട് കോടതി ഭാഷ മലയാളം ആക്കുന്നതിനുള്ള സമഗ്രമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കോടതി മലയാളം

കോടതിഭാഷ അതത് പ്രദേശത്തെ പ്രാദേശികഭാഷ ആയിരിക്കണം എന്ന കാര്യത്തിൽ സംശയമില്ല. വിധിന്യായങ്ങളുടെ ഉള്ളടക്കം സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയാത്തത് നിയമനടപടികളുടെ സുതാര്യത കുറയ്ക്കാനും അഭിഭാഷകരെ കക്ഷികൾ അമിതമായി ആശ്രയിക്കേണ്ടി വരാനും കാരണമാകുന്നു. കോടതിവ്യവഹാരങ്ങളിൽ ഉപയോഗിക്കുന്ന ഭാഷ, നിയമവിദഗ്ധരുടെ സാങ്കേതിക ആശയവിനിമയത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങാതെ, നീതി തേടിയെത്തുന്ന ഓരോ വ്യക്തിക്കും മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ളതായിരിക്കേണ്ടതുണ്ട്. നിയമഭാഷയുടെ വ്യക്തത, കൃത്യത, ലാളിത്യം, അർഥസുതാര്യത എന്നിവ നീതിന്യായവ്യവസ്ഥയുടെ ഫലപ്രാപ്തിയോടും നീതി ലഭ്യതയോടും നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഈ ശൈലി 'legalese' നിയമവ്യവസ്ഥയുമായി പരിചയമില്ലാത്ത സാധാരണക്കാർക്ക് വലിയ ഭാഷാപരമായ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. നിയമജ്ഞരല്ലാത്ത സാധാരണ മലയാളികൾക്ക് സങ്കീർണ്ണമായ നിയമഭാഷാപ്രയോഗം മനസ്സിലാവില്ല. ഇത് കോടതിഭാഷ മലയാളമാകുന്നതിനെക്കാൾ നന്ന് ഇംഗ്ലീഷ് തന്നെ എന്ന ധാരണയുണ്ടാക്കുന്നു. മറിച്ച് നിയമഭാഷ ലളിതമാക്കിയാൽ ജഡ്ജിമാർ, അഭിഭാഷകർ, കോടതി ഉദ്യോഗസ്ഥർ, വിചാരണ നേരിടുന്ന കക്ഷികൾ എന്നിവർക്കിടയിലുള്ള ആശയവിനിമയത്തിലെ അവ്യക്തതകൾ നീക്കി കേസ്സുതീർപ്പ് കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ളതുമാക്കാൻ സാധിക്കും.

നിയമഭാഷയുടെ ലളിതവൽക്കരണം

നിയമപദങ്ങൾ ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ യഥാർഥ നിയമാർഥം, സാങ്കേതിക കൃത്യത, സ്വാഭാവികമായ ഭാഷാപ്രയോഗം എന്നിവ ഒരേസമയം നിലനിർത്തേണ്ടതുണ്ട്. നിയമഭാഷയുടെ സാങ്കേതിക പദാവലി, ലാറ്റിൻ പ്രയോഗങ്ങൾ, സങ്കീർണ്ണമായ വാക്യഘടന, നിർവചനങ്ങളുടെ സൂക്ഷ്മത എന്നിവ നിയമരംഗത്തിന് പുറത്തുള്ളവർക്ക് നിയമരേഖകൾ മനസ്സിലാക്കുന്നതിൽ തടസ്സമാകുന്നു. ഹേബിയസ് കോർപ്പസ് മാൻഡമസ്, സെർട്ടിയോററി, പ്രൊഹിബിഷൻ, ക്വാവാറണ്ടോ തുടങ്ങിയ നിയമപ്രയോഗങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. അതിനാൽ



നിയമപദങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനു പകരം അവയുടെ നിയമപരമായ കൃത്യത നിലനിർത്തിക്കൊണ്ട് സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ വിശദീകരിക്കുകയാണ് അഭികാമ്യം.

നിയമഭാഷയുടെ ലളിതവൽക്കരണം എന്നത് നിയമപരമായ കൃത്യതയിൽ വിട്ടുവീഴ്ച ചെയ്യുന്നതല്ല. ലളിതമായ വാക്യങ്ങൾ, വ്യക്തമായ പദപ്രയോഗം, ഉചിതമായ തലക്കെട്ടുകളും ഉപതലക്കെട്ടുകളും, ആവശ്യമായിടത്ത് സാങ്കേതികപദങ്ങളുടെ വിശദീകരണം, പ്രായോഗിക ഉദാഹരണങ്ങൾ എന്നിവ ഉപയോഗിക്കുന്നത് നിയമരേഖകളുടെ ഘടനയെ എളുപ്പമാക്കും.

ഇതിനൊപ്പം പ്രാദേശികഭാഷകളിൽ മാനകീകരിച്ച നിയമപദാവലി വികസിപ്പിക്കേണ്ടതുണ്ട്. കൃത്യമായ നിയമവിവർത്തനം, ഡിജിറ്റൽ നിയമനിഘണ്ടുക്കൾ, നിയമപദാവലി ഡാറ്റാബേസുകൾ, നിയമകോർപ്പസുകൾ എന്നിവ വികസിപ്പിക്കുന്നത് ഇതിനു സഹായകമാകും. പ്രാദേശിക ഭാഷകളിലുള്ള നിയമവിദ്യാഭ്യാസവും ദ്വിഭാഷാ കോടതി നടപടികളും നിയമാവബോധം വർധിപ്പിക്കുന്നതിനുള്ള പ്രധാന മാർഗങ്ങളാണ്. സ്കൂൾതലം മുതൽ അടിസ്ഥാന നിയമവിദ്യാഭ്യാസം നൽകുകയും നിയമവിദ്യാർഥികൾക്കും അഭിഭാഷകർക്കും സങ്കീർണ്ണമായ നിയമകാര്യങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുകയും വേണം.

നിയമവിദ്യാഭ്യാസത്തിലും ന്യായാധിപരുടെ പരിശീലനത്തിലും ഭാഷാപരമായ അവബോധം ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രാദേശികഭാഷകളിൽ നിയമപഠനസാമഗ്രികൾ ലഭ്യമാക്കുന്നത് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനകരമാണ്. നിയമസാക്ഷരത വർധിപ്പിക്കുന്നതിൽ എൻ.ജി.ഒ.കൾ, ലീഗൽ ക്ലിനിക്കുകൾ, നിയമസഹായ സ്ഥാപനങ്ങൾ, സർക്കാർ വെബ്സൈറ്റുകൾ, സാമൂഹികമാധ്യമങ്ങൾ എന്നിവയ്ക്കും പ്രധാന പങ്കുണ്ട്. സങ്കീർണ്ണമായ നിയമവിവരങ്ങൾ ലളിതമായ ഭാഷയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ പ്രചരിപ്പിക്കുന്നത് പൊതുജനങ്ങളുടെ നിയമാവബോധം വർധിപ്പിക്കും.

ഡിജിറ്റൽ സാങ്കേതികവിദ്യയും കോടതിഭാഷയും

ഡിജിറ്റൽ സാങ്കേതികവിദ്യയും നിർമ്മിതബുദ്ധിയും നിയമഭാഷയെ കൂടുതൽ ജനസൗഹൃദമാക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. വിധിന്യായങ്ങളും നിയമരേഖകളും പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനായി സുവാസ്, അനുവാദിനി പോലുള്ള നിർമ്മിതബുദ്ധി അധിഷ്ഠിതസംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. വലിയ തോതിലുള്ള നിയമരേഖകളെ കോർപ്പസ് അധിഷ്ഠിതമായി വിശകലനം ചെയ്യുന്നതിലൂടെ ആവർത്തനങ്ങൾ, കാലഹരണപ്പെട്ട പ്രയോഗങ്ങൾ, സങ്കീർണ്ണമായ വാക്യഘടനകൾ എന്നിവ തിരിച്ചറിയാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വ്യക്തവും വായനാസൗഹൃദവുമായ നിയമഭാഷാഘടന വികസിപ്പിക്കാം.

ഡിജിറ്റൽ നിയമനിഘണ്ടുക്കളും മാനകീകരിച്ച നിയമപദാവലി കോർപ്പസുകളും നിയമവിവർത്തനത്തിന്റെ കൃത്യത വർധിപ്പിക്കുന്നതിനും സഹായിക്കും.

കോടതിയിൽ സമർപ്പിക്കുന്ന ഹർജികൾ, പത്രികകൾ, കാര്യവിവരങ്ങൾ, വിധിന്യായങ്ങൾ തുടങ്ങിയ നിയമരേഖകൾ മലയാളത്തിൽ തയ്യാറാക്കുന്നതിന് ആവശ്യമായ പദസമ്പത്തും ഭാഷാഘടനയും മലയാളത്തിനുണ്ട്. എന്നിരുന്നാലും, കോടതിഭാഷ പൂർണ്ണമായും മലയാളവൽക്കരിക്കപ്പെടുന്നതിന് ഭാഷാപരമായതിനു പുറമെ ചരിത്രപരവും സ്ഥാപനപരവുമായ നിരവധി ഘടകങ്ങൾ തടസ്സമായി നിലനിൽക്കുന്നു.

കൊളോണിയൽ ഭരണത്തിന്റെ പാരമ്പര്യമായി നിലനിന്ന ഔപചാരികതയും നടപടിക്രമങ്ങളും കോടതിഭാഷയിലും പ്രതിഫലിച്ചിട്ടുണ്ട്. വ്യവഹാരഭാഷയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വാഭാവികമായ ലളിതവൽക്കരണം കോടതിഭാഷയിൽ അതേ വേഗത്തിൽ പ്രകടമായിട്ടില്ല.

കോടതിഭാഷയിലെ സാങ്കേതികതയും ഔപചാരികതയും നിയമത്തിന്റെ കൃത്യതയും സൂക്ഷ്മതയും ഉറപ്പാക്കുന്നതിന് ആവശ്യമാണ്. എന്നാൽ അതേ സവിശേഷതകൾ നിയമരംഗത്തിന് പുറത്തുള്ള സാധാരണക്കാർക്ക് നിയമരേഖകളും കോടതി നടപടികളും മനസ്സിലാക്കുന്നതിൽ തടസ്സമാകുമ്പോൾ അവ പുനഃപരിശോധിക്കേണ്ടതുണ്ട്.

കോടതിഭാഷ ലളിതമാക്കൽ ഒരു ഭാഷാപരിഷ്കാരം മാത്രമല്ല, മറിച്ച് നിയമപരമായ കൃത്യത സംരക്ഷിച്ചുകൊണ്ട് നീതി, സുതാര്യത, നിയമാവബോധം, പൊതുപങ്കാളിത്തം എന്നിവ ഉറപ്പാക്കുന്ന സാമൂഹികവും ജനാധിപത്യപരവുമായ ഇടപെടലാണ്.

ഭാഷാശാസ്ത്രജ്ഞർ, നിയമവിദഗ്ധർ, നയരൂപീകരണ വിദഗ്ധർ, സാങ്കേതികവിദഗ്ധർ എന്നിവർ സംയുക്തമായി പ്രവർത്തിക്കുന്നതിലൂടെ കോടതിഭാഷയെ കൂടുതൽ കൃത്യവും ലളിതവും ജനസൗഹൃദവുമാക്കാൻ കഴിയും.

കോടതിഭാഷ സാധാരണക്കാരുടെ വ്യവഹാരഭാഷയോട് കൂടുതൽ അടുക്കുമ്പോൾ നിയമാവബോധവും പൊതുപങ്കാളിത്തവും നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസവും ശക്തിപ്പെടും. അതിനാൽ ഭാഷാപരിഷ്കാരങ്ങളെയും നിയമപരിഷ്കാരങ്ങളെയും സാങ്കേതികവിദ്യയെയും ഏകോപിപ്പിച്ച് കൃത്യവും ലളിതവും സുതാര്യവും ജനസൗഹൃദവുമായ കോടതിഭാഷ വികസിപ്പിക്കുകയാണ് കാലത്തിന്റെ ആവശ്യം. ■

കോടതിഭാഷ അതത് പ്രദേശത്തെ പ്രാദേശികഭാഷ ആയിരിക്കണം എന്ന കാര്യത്തിൽ സംശയമില്ല. അല്ലെങ്കിൽ സാധാരണക്കാർക്ക് അത് വെല്ലുവിളികൾ സൃഷ്ടിക്കും



ഒരു സമൂഹത്തിന്റെ ബോധാബോധങ്ങളിൽ തിണർത്തു കിടക്കുന്ന സകല നന്മയും തിന്മയും അവരുടെ ഭാഷയിൽ അടയാളപ്പെട്ടു കിടക്കും. കാലങ്ങളിലൂടെ സഞ്ചരിക്കുന്ന ഏതൊരു ജീവൽഭാഷയിലും കാലാനുസൃതമായി പദങ്ങളും ശൈലികളും പ്രയോഗങ്ങളും വരുകയും പോകുകയും ചെയ്യും

സ്വത്വബോധാധിഷ്ഠിതം പെൺമലയാളം

ആധുനിക കേരളീയസമൂഹം പിതൃകേന്ദ്രിതമായ പുരുഷാധിപത്യ സമൂഹമാണ്. ഒരു കാലഘട്ടത്തിന്റെ ശരിതെറ്റുകളെയും ധാരണകളെയും മൂല്യങ്ങളെയുമൊക്കെ നിർണ്ണയിക്കുന്നത് അതതു കാലത്തെ അധികാര ബന്ധങ്ങളാണ്. ആയിരത്താണ്ടുകളുടെ പുരുഷാധിപത്യം എഴുതിച്ചേർത്ത ശരിതെറ്റുകളും ധാരണകളും മൂല്യങ്ങളും തികച്ചും പുരുഷാധിപത്യത്തിന്റെ സാധുതയെ ചോദ്യം ചെയ്യാത്തതും അതിനെ ന്യായീകരിക്കുന്നതുമായിരിക്കും.

സ്ത്രീ എന്താണ്, അവൾ എങ്ങനെ ആയിരിക്കണം എന്ന പൊതുബോധത്തെ രൂപീകരിക്കുന്നതു സമൂഹമാണ്. സമൂഹം നടത്തുന്ന ഈ രൂപീകരണ പ്രക്രിയയ്ക്ക മധ്യത്തിലേയ്ക്കാണ് ഓരോ പെൺകുഞ്ഞും പിറന്നുവീഴുന്നത്. സമൂഹം നിർണ്ണയിക്കുന്ന ലിംഗപദവിക്ക് അനുരൂപമായി വ്യക്തിയെ വാർത്തെടുക്കുന്ന ദൗത്യത്തിൽ പ്രമുഖ സ്ഥാനമാണ് ഭാഷയ്ക്ക് ഉള്ളത്.

ഭാഷ ഒരു ആഗോള യുദ്ധരംഗമാണെന്നു പറഞ്ഞത് ഹെലീൻ സിക്സു ആണ്. ഒരു സമൂഹത്തിന്റെ ബോധാബോധങ്ങളിൽ തിണർത്തു കിടക്കുന്ന സകല നന്മയും തിന്മയും അവരുടെ ഭാഷയിൽ അടയാളപ്പെട്ടുകിടക്കും. കാലങ്ങളിലൂടെ സഞ്ചരിക്കുന്ന ഏതൊരു ജീവൽഭാഷയിലും കാലാനുസൃതമായി പദങ്ങളും ശൈലികളും പ്രയോഗങ്ങളും വരുകയും പോകുകയും ചെയ്യും. ജീവിതരീതികൾ, ആശയങ്ങൾ, ആവശ്യങ്ങൾ ഇവയ്ക്കൊക്കെ അനുരൂപമായി ഭാഷ പരിണമിച്ചു കൊണ്ടിരിക്കും.

ഈ മാറ്റങ്ങൾക്കിടയിൽ സമൂഹത്തിന്റെ സമസ്തമേഖലയിലും സംഭവിക്കുന്ന ആന്തരിക സംഘർഷങ്ങൾ, ബാഹ്യ ഇടപെടലുകൾ, മൂല്യവിചാരങ്ങൾ, അധികാര ബന്ധങ്ങൾ ഇവയെല്ലാം സ്വയമേവ ആലേഖിതമാകുന്നുണ്ട്. അതുകൊണ്ടാണ് സിക്സു മേല്പറഞ്ഞ നിരീക്ഷണം നടത്തിയത്. മാത്രമല്ല, തുല്യതയ്ക്കായുള്ള സ്ത്രീയുടെ നിരന്തര പോരാട്ടത്തിനു നിലവിലുള്ള ഭാഷ അപര്യാപ്തമാണെന്നും സ്ത്രീയുടെ വികാര വിചാരങ്ങളുടെ ആവിഷ്കാരത്തിന് ഒരു സ്ത്രൈണ ഭാഷാനിർമ്മിതി ആവശ്യമാണെന്നും 'മെഡൂസയുടെ ചിരി' എന്ന ഗ്രന്ഥത്തിൽ അവർ വാദിച്ചു.



വര - രശ്മി ആർ എസ് (ഐ & പി ആർ ഡി)

അതായത് നമ്മൾ മാനകീകരിച്ച് ഉപയോഗിക്കുന്ന ഭാഷയുടെ സാധ്യതകളിൽ നിന്നും വ്യത്യസ്തമായ ഒരു ആവിഷ്കാരപദ്ധതി തന്നെ വേണ്ടിവരും തുല്യത പ്രതിഫലിക്കുന്ന ഒരു ഭാഷാവ്യവഹാരം രൂപീകരിക്കാൻ. ഇത്തരം നിരവധി സൈദ്ധാന്തിക ശ്രമങ്ങൾ നാളിതുവരെയുള്ള സ്ത്രീ പക്ഷ ചിന്തയുടെ ഭാഗമായുണ്ട്. ഈ ആശയങ്ങൾകൂടി പരിഗണിച്ച വേണം കഴിഞ്ഞ ഏഴുപതിറ്റാണ്ടുകൊണ്ട് കേരളത്തിലെ സ്ത്രീകളുടെ ഭാഷാപരിണാമത്തെ വിലയിരുത്താൻ.

കേരളത്തിലെ സ്ത്രീസമൂഹം

കേരളത്തിൽ സ്ത്രീപക്ഷചിന്തയുടെ ശക്തമായ വേരോട്ടമുണ്ടായ ഒരു കാലഘട്ടംകൂടി

യാണ് കേരളം പിന്നിട്ട എഴുപതു വർഷങ്ങൾ. സുദീർഘമായ കാലയളവിനുള്ളിൽ മലയാളി സ്ത്രീകളുടെ സാമൂഹിക പദവിയിലും വിദ്യാഭ്യാസത്തിലും വിപ്ലവാത്മകമായ പുരോഗതി ഉണ്ടായി. അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്കും അരങ്ങിൽ നിന്നും അധികാരത്തിലേയ്ക്കുമുള്ള സ്ത്രീകളുടെ മുന്നേറ്റം ഇക്കാല ചരിത്രത്തിന്റെ ഭാഗമാണ്. സർക്കാർ സർവീസിൽ പൊതുഭരണ വകുപ്പ് ജീവനക്കാരിൽ 41% സ്ത്രീകളാണുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിൽ 37.3 ശതമാനം ജീവനക്കാരും സ്ത്രീകളാണ്. 50% ജനപ്രതിനിധികളും സ്ത്രീകളാണ്. സ്കൂൾ അധ്യാപകരിൽ 78% ഉം കോളേജധ്യാപകരിൽ 61.5% ഉം സ്ത്രീകൾ തന്നെ. കൂടാതെ കുടുംബശ്രീ പോലുള്ള പദ്ധതികളും സ്ത്രീ കൂട്ടായ്മകളുടെ സംരംഭങ്ങളുമെല്ലാം ചേർന്ന് സാമ്പത്തികമായി ഒരു പരിധിവരെ സ്വയംപര്യാപ്തരാകാൻ സ്ത്രീകളെ പ്രാപ്തരാക്കിയിട്ടുണ്ട്. അറിവ്, അധികാരം, സമ്പത്ത് ഇവ നല്കുന്ന ആത്മവിശ്വാസവും ഉണർവും ഏഴുപതിറ്റാണ്ടുകളിലെ ഭാഷയിൽ എപ്രകാരം ആലേഖിതമായിരിക്കുന്നു എന്നു നോക്കാം.

പുരുഷാധിപത്യപരമായ സാമൂഹിക ചട്ടക്കൂടുകളിൽ നിന്നും ഭാഷാപരമായ അടിച്ചമർത്തലുകളിൽനിന്നും വിടുതൽനേടി, തനതായ ശബ്ദവും വ്യക്തിത്വവും സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞ ഏഴ്പതിറ്റാണ്ടുകൾക്കിടയിൽ കേരളത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്.

അടിമത്തത്തിന്റെ ഭാഷയിൽനിന്ന് ആത്മവിശ്വാസത്തിന്റെ ഭാഷയിലേക്ക്

കേരള സംസ്ഥാന രൂപീകരണത്തിന്റെ പ്രാരംഭദശകങ്ങളിൽ ഭൂരിഭാഗം സ്ത്രീകളുടെയും ഭാഷാ പ്രയോഗം ഒതുക്കമുള്ളതും, വിധേയത്വം നിറഞ്ഞതുമായിരുന്നു. കുടുംബത്തിനകത്തും പുറത്തും പുരുഷന്മാർക്ക് മുന്നിൽ താഴ്മയോടെയും ഭയഭക്തിയോടെയും സംസാരിക്കാൻ സ്ത്രീകൾ നിർബന്ധിതരായിരുന്നു. എന്നാൽ വിദ്യാഭ്യാസരംഗത്തെ മുന്നേറ്റവും തൊഴിൽരംഗത്തെ സാർവത്രികമായ വളർച്ചയും ഈ അവസ്ഥയ്ക്ക് കാര്യമായ മാറ്റമുണ്ടാക്കി. ഇന്ന് സ്ത്രീകൾ തങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും യാതൊരു മടിയുംകൂടാതെ, ആത്മവിശ്വാസത്തോടെയും കൃത്യതയോടെയും സമൂഹമധ്യത്തിൽ വിളിച്ചുപറയുന്നു. വിധേയത്വത്തിന്റെ നിശബ്ദതയിൽനിന്ന് അവകാശങ്ങളുടെ ഉറച്ച ശബ്ദത്തിലേക്കുള്ള മാറ്റമാണിത്.



വര - രശ്മി ആർ എസ് (ഐ & പി ആർ ഡി)

പ്രൊഫഷണൽ ഭാഷയും അന്യഭാഷാ പരിചയവും

ഗാർഹികവൃത്തിയിൽ മാത്രം ഒതുങ്ങിയിരുന്ന സ്ത്രീകളുടെ സംസാരവിഷയങ്ങൾ വീട്ടുവിശേഷങ്ങൾ, പ്രസവം, അടുക്കളക്കാര്യങ്ങൾ, ആചാരങ്ങൾ എന്നിവയിൽ ഒതുങ്ങിയിരുന്നു. എന്നാൽ കഴിഞ്ഞ 70 വർഷത്തിനിടയിൽ ഉന്നതവിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തവും വർധിച്ചതോടെ സ്ത്രീകൾ പൊതുമണ്ഡലങ്ങളിലേക്ക് സജീവമായി കടന്നുവന്നു. രാഷ്ട്രീയം, ഭരണനിർവഹണം, ശാസ്ത്രം, സാഹിത്യം, സാങ്കേതികവിദ്യ, നിയമം, ബിസിനസ്സ് തുടങ്ങിയ മേഖലകളിൽ പ്രൊഫഷണൽ ഭാഷാശൈലി ഇന്ന് സ്ത്രീകൾക്ക് സ്വായത്തമാണ്. കൂടാതെ വിദേശത്തും അന്യസംസ്ഥാനത്തുമൊക്കെ ജോലിചെയ്യുന്നവർ അനേകം ഭാഷകളും ശൈലികളുമൊക്കെയടങ്ങിയ വ്യക്തിഭാഷയുടെ ഉടമകളുമാണ്

ലിംഗവിവേചനപരമായ പ്രയോഗങ്ങളെ തിരുത്തൽ

മലയാളഭാഷയിലെ പുരുഷകേന്ദ്രീകൃതമായ പല ശൈലികളെയും പ്രയോഗങ്ങളെയും തിരുത്താൻ സ്ത്രീകൾ മുന്നോട്ടുവരുന്നുണ്ട്. ഉദാഹരണത്തിന്, 'അവനവന്റെ' എന്നതിന് പകരം ലിംഗഭേദമില്ലാത്ത 'അവരവരുടെ' എന്ന പ്രയോഗം സാഹിത്യത്തിലും വിവർത്തനങ്ങളിലും ബോധപൂർവം ഉപയോഗിക്കുന്നു. അതുപോലെ, ചെയർമാൻ'എന്നതിന് പകരം 'ചെയർപേഴ്സൺ' എന്ന ലിംഗനിരപേക്ഷമായ പ്രയോഗം സ്വീകരിച്ചതും മാധ്യമങ്ങളിലെ സ്ത്രീവിരുദ്ധമായ ഭാഷാപ്രയോഗങ്ങളെ ചോദ്യംചെയ്തുകൊണ്ട് 'മലയാളഫെൺകൂട്ടം' പോലുള്ള വനിതാകൂട്ടായ്മകൾ രംഗത്തുവന്നതും ഈ ഭാഷാപരമായ വിപ്ലവത്തിന്റെ ഭാഗമാണ്.

ജീവിതമെഴുത്തിന്റെ തുറന്ന രീതി

ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി തുടങ്ങിയവർ മുതൽ സമകാലിക എഴുത്തുകാരികൾവരെ പുരുഷാധിപത്യ മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന ശക്തമായ ഭാഷയാണ് പ്രയോഗിക്കുന്നത്. സ്ത്രീയുടെ ശരീരത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും വൈകാരികാവസ്ഥകളെക്കുറിച്ചും ഒളിച്ചുവയ്ക്കലുകളില്ലാതെ തുറന്നു സംസാരിക്കാനുള്ള ഭാഷാപരമായ ധീരത ഇന്നത്തെ സ്ത്രീസമൂഹം നേടിക്കഴിഞ്ഞു.ഈ സ്ത്രൈണഭാഷാ നിർമ്മിതിക്ക് അവർ ഏറ്റവുമധികം ഉപയോഗിക്കുന്നത് പ്രാദേശിക ഭാഷാഭേദങ്ങളെയാണ്. സാഹിത്യ ഭാഷയിലും ഭാഷാഭേദങ്ങൾ മാനക ഭാഷയെ ആദേശം ചെയ്ത് സ്വാഭാവികമായി കടന്നുവരുന്നു.

ഡിജിറ്റൽ യുഗവും സോഷ്യൽ മീഡിയ ഭാഷയും

ഇന്റർനെറ്റിന്റെയും ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് തുടങ്ങിയ സോഷ്യൽ മീഡിയയുടെയും വരവോടുകൂടി സ്ത്രീകളുടെ ഭാഷാപ്രയോഗത്തിന് പുതിയൊരു തലം കൈവന്നു. വ്ലോഗുകളിലൂടെയും, പോസ്റ്റുകളിലൂടെയും, ടോളുകളിലൂടെയും സ്ത്രീകൾ തങ്ങളുടെ തനതായ പ്രാദേശിക ഭാഷാഭേദങ്ങളും, ഹാസ്യവും, രാഷ്ട്രീയവിമർശനങ്ങളും ശക്തമായി പ്രകടിപ്പിക്കുന്നു. സൈബർ ഇടങ്ങളിലെ അധിക്ഷേപങ്ങളെയും സദാചാര ആക്രമണങ്ങളെയും പ്രതിരോധിക്കാൻ കടുപ്പമേറിയതും പ്രതികരണാത്മകവുമായ ഭാഷാശൈലിയാണ് ഇന്നത്തെ സ്ത്രീകൾ സ്വീകരിക്കുന്നത്.

കേരളത്തിന്റെ കഴിഞ്ഞ 70 വർഷത്തെ ചരിത്രം സ്ത്രീകളുടെ ഭാഷാപരമായ വിമോചനത്തിന്റെ കൂടിയാണ്. ഭയത്തിന്റെയും സങ്കോചത്തിന്റെയും നിശബ്ദതയുടെയും ഭാഷയിൽ നിന്നും, മലയാളി സ്ത്രീ ഇന്ന് ലിംഗസമത്വത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ, പ്രൊഫഷണലിസത്തിന്റെ ആധുനിക ഭാഷയിലേക്ക് ചുവടുവച്ചിരിക്കുന്നു. ഭാഷയിലൂടെ തങ്ങളുടെ സ്വത്വവും അവകാശങ്ങളും നേടിയെടുക്കാനും സമൂഹത്തെ തിരുത്താനും അവർ തയ്യാറാകുന്നു എന്നതാണ് പെൺമലയാളത്തിന്റെ ഗരിമ. ■

>> ഡോ. രാജീവ് ആർ ആർ
ഭാഷാസാങ്കേതികവിദ്യാവിഭാഗം, അന്താരാഷ്ട്ര സ്വതന്ത്രവിജ്ഞാന ഗവേഷണ വികസനകേന്ദ്രം (ICFOSS)



ഭാഷയുടെ ഭാവി സാങ്കേതികവിദ്യയിൽ മാത്രം ആശ്രയിക്കുന്നതല്ല. വീടുകളിലും വിദ്യാലയങ്ങളിലും ഗ്രന്ഥശാലകളിലും പൊതുജീവിതത്തിലും മലയാളം ഉപയോഗിക്കപ്പെടുകയും വായനയും എഴുത്തും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. നിർമ്മിതബുദ്ധി ഈ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന ഉപകരണമായിരിക്കണം.

മലയാളഭാഷയും നിർമ്മിതബുദ്ധിയും



മലയാളഭാഷയും നിർമ്മിതബുദ്ധിയും തമ്മിലുള്ള ബന്ധം ഇന്ന് ഏറെ പ്രസക്തമാണ്. മലയാളത്തിൽ സംസാരിക്കുന്നവർക്കും വായിക്കുന്നവർക്കും എഴുതുന്നവർക്കും സാങ്കേതികവിദ്യ കൂടുതൽ പ്രാപ്യമാക്കാൻ ഇത് സഹായിക്കും. അതേസമയം, മലയാളത്തിന്റെ വ്യാകരണ സവിശേഷതകൾ, പ്രാദേശികഭാഷാഭേദങ്ങൾ, സാംസ്കാരിക അർഥങ്ങൾ, സാഹിത്യ പാരമ്പര്യം എന്നിവ ശരിയായി ഉൾക്കൊള്ളുന്ന സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

ഭാഷയും സാങ്കേതികവിദ്യയും

മലയാളത്തിൽ ഒരു വാചകം ടൈപ്പ്ചെയ്യുക, അക്ഷരത്തെറ്റുകൾ കണ്ടെത്തുക, ഒരു വാക്യം ഇംഗ്ലീഷിലേക്ക് മാറ്റുക, സംസാരിച്ച വാക്കുകൾ എഴുത്താക്കുക, എഴുത്ത് ശബ്ദമായി കേൾക്കുക എന്നിവ ഭാഷാസാങ്കേതികവിദ്യയുടെ ഉദാഹരണങ്ങളാണ്. ഭാഷയുടെ രൂപവും അർഥവും ഉപയോഗസന്ദർഭവും മനസ്സിലാക്കാൻ കമ്പ്യൂട്ടറിനെ സഹായിക്കുന്ന രീതികൾ വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഭാഷയെ കമ്പ്യൂട്ടറിന് കൈകാര്യംചെയ്യാൻ പറ്റുന്ന രൂപത്തിലാക്കാൻ ധാരാളം ഉദാഹരണങ്ങൾ ആവശ്യമാണ്. ഉദാഹരണത്തിന്, ഒരു വാക്ക് നാമമാണോ ക്രിയയാണോ, ഒരു വാക്യത്തിൽ ആരാണ് പ്രവൃത്തി ചെയ്യുന്നത്, ഒരു പദത്തിന് ഏത് അർഥമാണ് ഇവിടെ ഉദ്ദേശിക്കുന്നത് തുടങ്ങിയ വിവരങ്ങൾ ഭാഷാവിദഗ്ധർ അടയാളപ്പെടുത്തും. ഈ അടയാളപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ച് കമ്പ്യൂട്ടർമാതൃകകൾ പരിശീലിപ്പിക്കാം.

മലയാളത്തിന്റെ സവിശേഷതകൾ

മലയാളം ദ്രാവിഡഭാഷാ കുടുംബത്തിലെ പ്രധാന ഭാഷകളിലൊന്നാണ്. മലയാളത്തിൽ പദങ്ങളുടെ രൂപം മാറുന്നതും പദങ്ങളോട് പ്രത്യയങ്ങൾ ചേർന്ന പുതിയ അർഥങ്ങൾ ഉണ്ടാകുന്നതും സാധാരണമാണ്. ഈ സവിശേഷതകൾ കമ്പ്യൂട്ടർ സംവിധാനങ്ങൾക്ക് വെല്ലുവിളികളും സൃഷ്ടിക്കുന്നു.

ഉദാഹരണത്തിന്, 'വീട്', 'വീട്ടിൽ', 'വീട്ടിലേക്ക്', 'വീട്ടിൽനിന്ന്', 'വീടുകളിൽ' എന്നീ രൂപങ്ങൾ തമ്മിൽ അർഥബന്ധമുണ്ട്. ഇവയുടെ അടിസ്ഥാനപദം 'വീട്' ആണെന്ന് തിരിച്ചറിയുന്നതിനൊപ്പം ഓരോ രൂപവും നൽകുന്ന വ്യാകരണപരമായ അർഥവും മനസ്സിലാക്കണം. ഇംഗ്ലീഷിൽ വാക്കുകളുടെ ക്രമം പലപ്പോഴും പ്രധാനപ്പെട്ടതാണെങ്കിലും മലയാളത്തിൽ പദപ്രത്യയങ്ങളും വാക്യസന്ദർഭവും വലിയ പങ്കുവഹിക്കുന്നു.

മലയാളത്തിലെ വാക്കുകൾ പലപ്പോഴും ചേർത്തെഴുതപ്പെടുന്നു. ദീർഘമായ പദങ്ങൾ, സന്ധികൾ, സമാസങ്ങൾ, ക്രിയാരൂപങ്ങൾ, ആദരസൂചകപ്രയോഗങ്ങൾ എന്നിവയെല്ലാം കൃത്യമായി കൈകാര്യം ചെയ്യാൻ കഴിയുന്ന ഭാഷാമാതൃകകൾ ആവശ്യമാണ്. കൂടാതെ ഔപചാരിക മലയാളം, സംസാരമലയാളം, സാഹിത്യ

ഭാഷ, സാമൂഹികമാധ്യമങ്ങളിലെ എഴുത്ത് എന്നിവ തമ്മിലും വ്യത്യാസങ്ങളുണ്ട്.

നിർമ്മിതബുദ്ധിയെ മലയാളം പഠിപ്പിക്കുന്നത്

ഒരു കമ്പ്യൂട്ടർ സംവിധാനത്തിന് മലയാളം കൈകാര്യംചെയ്യാൻ കഴിയണമെങ്കിൽ അതിന് ഭാഷയുടെ നിരവധി ഉദാഹരണങ്ങൾ ലഭിക്കണം. പുസ്തകങ്ങൾ, പത്രലേഖനങ്ങൾ, വെബ്സൈറ്റുകൾ, പൊതുവായി ലഭ്യമായ രേഖകൾ, സംഭാഷണങ്ങളുടെ എഴുത്തുരൂപങ്ങൾ തുടങ്ങിയവ ഉപയോഗപ്രദമായ ഉറവിടങ്ങളാണ്. എന്നാൽ എല്ലാ ഡാറ്റയും സ്വതന്ത്രമായി ഉപയോഗിക്കാമെന്നല്ല. പകർപ്പവകാശം, സ്വകാര്യത, അനുമതി, ഡാറ്റയുടെ ഗുണനിലവാരം എന്നിവ ശ്രദ്ധിക്കണം.

ഡാറ്റ ശേഖരിച്ചതിനുശേഷം അതിലെ പിശകുകൾ പരിശോധിക്കുകയും ആവർത്തനങ്ങൾ നീക്കുകയും ആവശ്യമായിടത്ത് ഭാഷാപരമായ അടയാളപ്പെടുത്തൽ നടത്തുകയും വേണം

പിന്നീട് ഈ ഡാറ്റ ഉപയോഗിച്ച് നിർമ്മിതബുദ്ധി മാതൃക പരിശീലിപ്പിക്കുകയും അതിനുമുമ്പ് കാണാത്ത ഉദാഹരണങ്ങളിൽ പരീക്ഷിക്കുകയും ചെയ്യുന്നു. പരിശീലനത്തിൽ ഉപയോഗിച്ച അതേ വാക്യങ്ങളിൽ മാത്രം നല്ല ഫലം ലഭിക്കുന്നതുകൊണ്ട് സംവിധാനം വിജയകരമാണെന്ന് പറയാനാവില്ല. പുതിയ വാക്കുകൾ, പ്രാദേശികഭാഷാഭേദങ്ങൾ, തെറ്റായി ടൈപ്പ്ചെയ്ത വാക്യങ്ങൾ എന്നിവയിലും അത് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കണം.

വ്യാകരണപഠനത്തിനുള്ള സഹായം

നിർമ്മിതബുദ്ധി മലയാളവ്യാകരണം പഠിക്കുന്ന വിദ്യാർഥികൾക്കും അധ്യാപകർക്കും സഹായകമായ ഉപകരണമായി മാറാം. ഒരു വാക്യത്തിലെ പദവർഗങ്ങൾ തിരിച്ചറിയുക, വാക്യത്തിലെ പദങ്ങളുടെ ബന്ധം കാണിക്കുക, അക്ഷരത്തെറ്റുകൾ സൂചിപ്പിക്കുക, വാക്യം കൂടുതൽ വ്യക്തമായി എഴുതാനുള്ള നിർദേശങ്ങൾ നൽകുക തുടങ്ങിയ ജോലികൾ ചെയ്യാൻ ഇത്തരം സംവിധാനങ്ങൾ രൂപകൽപ്പനചെയ്യാം.

ഉദാഹരണത്തിന്, 'കുട്ടി പുസ്തകം വായിക്കുന്നു' എന്ന വാക്യത്തിൽ 'കുട്ടി' പ്രവൃത്തി ചെയ്യുന്ന വ്യക്തിയെയും 'പുസ്തകം' വായനയുടെ വിഷയത്തെയും 'വായിക്കുന്നു' പ്രവൃത്തിയെയും സൂചിപ്പിക്കുന്നു. ഈ ബന്ധം ദൃശ്യമായി കാണിക്കുന്ന ഒരു പഠനോപകരണം കുട്ടികൾക്ക് വാക്യഘടന മനസ്സിലാക്കാൻ സഹായിക്കും.

വിവർത്തനത്തിൽ നിർമ്മിതബുദ്ധി

വിവർത്തനം വാക്കുകൾക്ക് പകരം വാക്കുകൾ വയ്ക്കുന്നതു മാത്രമല്ല. ഒരു പ്രയോഗത്തിന്റെ സാംസ്കാരിക അർഥം, ആദരസൂചകത്വം, പരിഹാസം, പഴഞ്ചൊല്ല്, പ്രാദേശിക സൂചന എന്നിവ ശരിയായി കൈമാറണം. ഉദാഹരണത്തിന്, മലയാളത്തിലെ ഒരു പഴഞ്ചൊല്ല് അതേ വാക്കുകളോടെ മറ്റൊരു ഭാഷയിലേക്ക് മാറ്റിയാൽ അതിന്റെ യഥാർഥ ആശയം നഷ്ടപ്പെടാം.

നിയമപരമായ രേഖകൾ, വൈദ്യശാസ്ത്രനിർദേശങ്ങൾ, ഔദ്യോഗിക തീരുമാനങ്ങൾ തുടങ്ങിയവയിൽ യന്ത്രവിവർത്തനം മാത്രം ആശ്രയിക്കരുത്. വിവർത്തനത്തിന്റെ ഗുണനിലവാരം വിലയിരുത്തുമ്പോൾ അർഥത്തിന്റെ കൃത്യത, വായനാസൗകര്യം, പദപ്രയോഗത്തിലെ സ്ഥിരത എന്നിവ പരിശോധിക്കണം.

സംസാരവും എഴുത്തും

സംസാരിക്കുന്നതിനെ എഴുത്താക്കി മാറ്റുന്ന സാങ്കേതികവിദ്യയ്ക്ക് (സ്പീച്ച് ടു ടെക്സ്റ്റ്) ഉച്ചാരണം, വേഗം, പശ്ചാത്തലശബ്ദം, പ്രായം, ശബ്ദവ്യത്യാസം, പ്രാദേശികഭാഷാഭേദം എന്നിവ വെല്ലുവിളികളാണ്. ഒരേ വാക്ക് വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായി ഉച്ചരിക്കാം. പരിശീലന ഡാറ്റയിൽ ഒരു പ്രദേശത്തിന്റെ ശബ്ദം മാത്രം കൂടുതലാണെങ്കിൽ മറ്റു പ്രദേശങ്ങളിലെ സംസാരത്തെ സംവിധാനം തെറ്റായി തിരിച്ചറിയാം. മലയാളം ശബ്ദസാങ്കേതികവിദ്യ മെച്ചപ്പെടുത്താൻ വ്യത്യസ്ത പ്രദേശങ്ങളിൽനിന്നുള്ള വ്യക്തികളുടെ അനുമതിയോടെയുള്ള ശബ്ദശേഖരങ്ങൾ ആവശ്യമാണ്.

വിദ്യാഭ്യാസരംഗത്തെ ഉപയോഗം

മലയാളത്തിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് നിർമ്മിതബുദ്ധി പുതിയ പഠനസഹായങ്ങൾ നൽകും. ഒരു പാഠഭാഗം ലളിതമായി വിശദീകരിക്കുക, പ്രയാസമുള്ള പദങ്ങളുടെ അർഥം കണ്ടെത്തുക, പരിശീലനചോദ്യങ്ങൾ തയ്യാറാക്കുക, എഴുത്തിന്റെ ഘടന മെച്ചപ്പെടുത്താൻ നിർദേശിക്കുക തുടങ്ങിയവയ്ക്ക് ഇത് സഹായകരമാണ്.

വിദ്യാർഥിയുടെ നിലവാരത്തിന് അനുയോജ്യമായ വിശദീകരണം ലഭിക്കുന്നതും ഒരേ ആശയം പല രീതിയിൽ മനസ്സിലാക്കാൻ കഴിയുന്നതും ഗുണങ്ങളാണ്

സാഹിത്യവും സംസ്കാരവും

മലയാളസാഹിത്യത്തിൽ കവിത, നോവൽ, ചെറുകഥ, നാടകം, യാത്രാവിവരണം, ആത്മകഥ തുടങ്ങിയ വൈവിധ്യമാർന്ന രൂപങ്ങൾ ഉണ്ട്. നിർമ്മിതബുദ്ധി ഈ കൃതികളിലെ പദപ്രയോഗങ്ങൾ, വിഷയങ്ങൾ, കഥാപാത്രബന്ധങ്ങൾ, ഭാഷാശൈലികൾ എന്നിവ പരിശോധിക്കാൻ സഹായിക്കും. വലിയ അളവിലുള്ള സാഹിത്യശേഖരങ്ങളിൽ ഒരു പ്രത്യേക പദം എവിടെയൊക്കെ ഉപയോഗിച്ചിരിക്കുന്നുവെന്ന് കണ്ടെത്തുന്നത് ഇതിലൂടെ എളുപ്പമാകും. കാലക്രമത്തിൽ പദപ്രയോഗം എങ്ങനെ മാറിയെന്ന് പരിശോധിക്കുന്നതും ഇതിലൂടെ എളുപ്പമാകും.

സാഹിത്യത്തിന്റെ അർഥം കണക്കുകൾകൊണ്ട് മാത്രം പൂർണ്ണമായി മനസ്സിലാക്കാനാവില്ല. ഒരു കവിതയുടെ വൈകാരികത, ചരിത്രപരമായ പശ്ചാത്തലം, സാമൂഹികവിമർശനം, സൗന്ദര്യബോധം എന്നിവയിൽ മനുഷ്യവായനയും വിമർശനവും നിർണ്ണായകമാണ്. ഗവേഷകന്റെ കണ്ണ് കൂടുതൽ ഉദാഹരണങ്ങളിലേക്ക് നയിക്കുന്ന ഉപകരണമായി എ ഐ യെ കാണുന്നതാണ് ഉചിതം.

ഭാഷാഭേദങ്ങളും സാധാരണ സംസാരവും



നിയമപരമായ രേഖകൾ, വൈദ്യശാസ്ത്രനിർദേശങ്ങൾ, ഔദ്യോഗിക തീരുമാനങ്ങൾ തുടങ്ങിയവയിൽ യന്ത്രവിവർത്തനം മാത്രം ആശ്രയിക്കരുത്. വിവർത്തനത്തിന്റെ ഗുണനിലവാരം വിലയിരുത്തുമ്പോൾ അർഥത്തിന്റെ കൃത്യത, വായനാസൗകര്യം, പദപ്രയോഗത്തിലെ സ്ഥിരത എന്നിവ പരിശോധിക്കണം

ഒരു എ ഐ സംവിധാനം ഔപചാരിക വാർത്താഭാഷയിൽ മാത്രം പരിശീലിപ്പിക്കപ്പെട്ടാൽ സാധാരണ സംസാരത്തിലെ ചുരുക്കരൂപങ്ങളും പ്രാദേശികപദങ്ങളും തിരിച്ചറിയാൻ ബുദ്ധിമുട്ടാം. ഇത് ചില സംസാരഭാഷയെ 'തെറ്റ്' എന്നപോലെ കാണിക്കുന്ന അപകടവും സൃഷ്ടിക്കും. ഭാഷാഭേദങ്ങൾ ഭാഷയുടെ സമ്പത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് സാങ്കേതികവികസനത്തിൽ ആവശ്യമാണ്.

അതുകൊണ്ട് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്നുള്ള ഭാഷാഭേദങ്ങൾ ശേഖരിക്കുകയും അവയെ മാന്യമായും കൃത്യമായും രേഖപ്പെടുത്തുകയും വേണം. പ്രാദേശികസമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് ഡാറ്റയുടെ ഗുണനിലവാരത്തിനും സാംസ്കാരിക ഉത്തരവാദിത്തത്തിനും സഹായിക്കും.

മലയാളത്തിലെ ഡിജിറ്റൽ വിഭവങ്ങൾ

ഭാഷാസാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് ഡിജിറ്റൽ വിഭവങ്ങൾ അടിസ്ഥാനമാണ്. നിഘണ്ടുക്കൾ, വ്യാകരണവിവരണങ്ങൾ,

വാക്യശേഖരങ്ങൾ, പദത്രുപങ്ങളുടെ പട്ടികകൾ, വിവർത്തനങ്ങൾ, ശബ്ദരേഖകൾ, പഴയ ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ പതിപ്പുകൾ എന്നിവയെല്ലാം പ്രയോജനകരമാണ്.

ഇത്തരം വിഭവങ്ങൾ ക്രമബദ്ധമായി സൂക്ഷിക്കുകയും തിരയാവുന്ന രീതിയിൽ ലഭ്യമാക്കുകയും ചെയ്യണം. ഓരോ ഡാറ്റാസമാഹാരത്തിനും അതിന്റെ ഉറവിടം, ശേഖരണരീതി, ഉപയോഗാനുമതി, പരിമിതികൾ എന്നിവ രേഖപ്പെടുത്തണം. ഇതിലൂടെ ഗവേഷകർക്ക് ഫലങ്ങൾ ആവർത്തിച്ച് പരിശോധിക്കാനും വ്യത്യസ്ത മാതൃകകളെ താരതമ്യംചെയ്യാനും കഴിയും.

ഡിജിറ്റൽ വിഭവങ്ങൾ നിർമ്മിക്കുന്നത് ഒരു വ്യക്തിയുടെ മാത്രം ജോലിയല്ല. ഭാഷാശാസ്ത്രജ്ഞർ, അധ്യാപകർ, സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നവർ, ഗ്രന്ഥശാലകൾ, പ്രസാധകർ, എഴുത്തുകാർ, പൊതുസമൂഹം എന്നിവരുടെ സഹകരണം ആവശ്യമാണ്. ദീർഘകാല പരിപാലനവും പ്രധാനമാണ്. ഒരിക്കൽ സൃഷ്ടിച്ച ഡാറ്റ കാലഹരണപ്പെടാതിരിക്കാൻ പുതുക്കലും ഗുണനിലവാരപരിശോധനയും വേണം.

തൊഴിലും പൊതുസേവനങ്ങളും

മലയാളത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽസേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ഉപയോഗിക്കാനാകുന്നത് പ്രധാന നേട്ടമാണ്. പൊതുജനങ്ങൾക്ക് സർക്കാർപദ്ധതികളെക്കുറിച്ച് ചോദിക്കാനും വിവരങ്ങൾ ലളിതമായി മനസ്സിലാക്കാനും സഹായിക്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കാം. വലിയ രേഖകളിൽനിന്ന് ആവശ്യമായ വിവരങ്ങൾ കണ്ടെത്തുന്നതിലും പൊതുവായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലും എഐ സഹായകരമാകാം.


എന്നാൽ പൊതുസേവനങ്ങളിൽ തെറ്റായ മറുപടി നൽകുന്നത് ആളുകളെ തെറ്റിദ്ധരിപ്പിക്കാം. അതിനാൽ സർക്കാർ ആനുകൂല്യങ്ങൾ, നിയമങ്ങൾ, ആരോഗ്യവിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ തുടങ്ങിയ കാര്യങ്ങളിൽ വിശ്വസനീയമായ ഔദ്യോഗിക ഉറവിടങ്ങളിലേക്ക് ഉപയോക്താക്കളെ നയിക്കണം.

വായനാ പരിമിതിയുള്ളവർക്കും ശബ്ദസഹായം ആവശ്യമുള്ളവർക്കും സേവനങ്ങൾ പ്രാപ്യമാക്കാൻ ഭാഷാസാങ്കേതികവിദ്യ സഹായിക്കും. എന്നാൽ ഡിജിറ്റൽ ഉപകരണങ്ങളോ ഇന്റർനെറ്റോ ലഭ്യമല്ലാത്തവരെ ഒഴിവാക്കാത്ത രീതിയിൽ സേവനങ്ങൾ രൂപകൽപനചെയ്യണം.

മലയാളത്തിന്റെ ഭാവിയും നിർമ്മിതബുദ്ധിയും

മലയാളത്തിന്റെ ഭാവിയിൽ നിർമ്മിതബുദ്ധിയ്ക്ക് വലിയ പങ്കുവഹിക്കാനാകും. മികച്ച ശബ്ദതിരിച്ചറിയൽ സംവിധാനങ്ങൾ, കൂടുതൽ കൃത്യമായ വിവർത്തനം, ഭാഷാപഠനസഹായികൾ, പഴയ ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ ശേഖരങ്ങൾ, പ്രാദേശികഭാഷാഭേദങ്ങളെ ഉൾക്കൊള്ളുന്ന സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കാം.

മലയാളത്തിനായി വികസിപ്പിക്കുന്ന സാങ്കേതികവിദ്യകൾ മലയാളം സംസാരിക്കുന്നവരുടെ യഥാർഥ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയിരിക്കണം. രൂപകൽപനയിൽ വൈവിധ്യമാർന്ന ഉപയോക്താക്കളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തണം.



ഭാഷയുടെ ഭാവി സാങ്കേതികവിദ്യയിൽ മാത്രം ആശ്രയിക്കുന്നതല്ല. വീടുകളിലും വിദ്യാലയങ്ങളിലും ഗ്രന്ഥശാലകളിലും പൊതുജീവിതത്തിലും മലയാളം ഉപയോഗിക്കപ്പെടുകയും വായനയും എഴുത്തും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. നിർമ്മിതബുദ്ധി ഈ പ്രവർത്തനങ്ങൾക്ക് പിന്തുണനൽകുന്ന ഉപകരണമായിരിക്കണം.

ഭാവിയിലെ സാധ്യതകളും വെല്ലുവിളികളും

മലയാളം എ ഐ യുടെ വികസനത്തിന് സർക്കാർസ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, സർവകലാശാലകൾ, സ്വകാര്യ കമ്പനികൾ, ഭാഷാസമൂഹങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം അനിവാര്യമാണ്. ഗുണമേന്മയുള്ള ഡാറ്റാസെറ്റുകൾ നിർമ്മിക്കുക, പഴയ ഗ്രന്ഥങ്ങൾ ഡിജിറ്റൈസ്ചെയ്യുക, മലയാളം ഒ സി ആർ മെച്ചപ്പെടുത്തുക, യന്ത്രവിവർത്തനത്തിന്റെ കൃത്യത വർധിപ്പിക്കുക, പ്രാദേശികഭാഷാഭേദങ്ങളെ പ്രതിനിധീകരിക്കുന്ന ശബ്ദശേഖരങ്ങൾ വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം.

മലയാളഭാഷയും നിർമ്മിതബുദ്ധിയും തമ്മിലുള്ള ബന്ധം പുതിയ സാധ്യതകളും ഉത്തരവാദിത്തങ്ങളും നിറഞ്ഞ മേഖലയാണ്. ഭാഷാതിരിച്ചറിയൽ, വിവർത്തനം, വ്യാകരണപഠനം, വിദ്യാഭ്യാസം, സാഹിത്യഗവേഷണം, ഡിജിറ്റൽ ഗ്രന്ഥശാലകൾ, പൊതുസേവനങ്ങൾ തുടങ്ങിയ മേഖലകളിൽ നിർമ്മിതബുദ്ധി സഹായകമാകാം. എന്നാൽ ഈ സാധ്യതകൾ യാഥാർഥ്യമാക്കാൻ ഗുണമേന്മയുള്ള ഡാറ്റയും മലയാളത്തിന്റെ സവിശേഷതകളെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും ആവശ്യമാണ്.

മലയാളം ഒരു ആശയവിനിമയ ഉപാധിമാത്രമല്ല; അത് ചരിത്രവും സംസ്കാരവും ഓർമ്മകളും ഉൾക്കൊള്ളുന്ന ജീവിക്കുന്ന ഭാഷയാണ്. അതിനാൽ മലയാളത്തിനായുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുമ്പോൾ ഭാഷയുടെ വൈവിധ്യത്തെയും മനുഷ്യരുടെ അനുഭവങ്ങളെയും ആദരിക്കണം. പ്രാദേശികഭാഷാഭേദങ്ങളെ അവഗണിക്കാതെ ഉൾക്കൊള്ളണം. തെറ്റായ ഫലങ്ങൾ പരിശോധിക്കുകയും സ്വകാര്യത സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

അവസാനമായി, നിർമ്മിതബുദ്ധിയെ മനുഷ്യന്റെ അറിവിനും സൃഷ്ടിപരതയ്ക്കും പകരക്കാരനായി കാണുന്നതിനുപകരം അവയെ ശക്തിപ്പെടുത്തുന്ന ഉപകരണമായി കാണണം. ഭാഷാശാസ്ത്രജ്ഞർ, അധ്യാപകർ, വിദ്യാർഥികൾ, സാങ്കേതികവിദഗ്ധർ, എഴുത്തുകാർ, പൊതുസമൂഹം എന്നിവർ ചേർന്നുപ്രവർത്തിച്ചാൽ മലയാളത്തിന് കൂടുതൽ പ്രാപ്യവും സമ്പന്നവുമായ ഡിജിറ്റൽ ഭാവി സൃഷ്ടിക്കാനാകും. ■

ഡോ ആർ ശിവകുമാർ
ഭാഷാ വിദഗ്ധൻ ഔദ്യോഗിക ഭാഷാ വകുപ്പ്



ജനങ്ങളുടെ പങ്കാളിത്തം, അഭിപ്രായസ്വാതന്ത്ര്യം, സമത്വം, നിയമവാഴ്ച, സുതാര്യത, ഉത്തരവാദിത്വം, വിവരാവകാശം, ഭരണത്തിൽ പങ്കാളികളാകാനുള്ള അവസരം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വിശാലമായ ഭരണസങ്കൽപ്പമാണ് ജനാധിപത്യം. ഈ അർഥത്തിൽ നോക്കുമ്പോൾ ഭരണഭാഷയ്ക്ക് ജനാധിപത്യഭരണത്തിൽ നിർണ്ണായകമായ സ്ഥാനമാണുള്ളത്

ജനാധിപത്യത്തിന്റെ ഭാഷാരാഷ്ട്രീയം



ജനാധിപത്യം എന്നത് കേവലം തിരഞ്ഞെടുപ്പുകളിലൂടെ ജനപ്രതിനിധികളെ അധികാരത്തിലെത്തിക്കുന്ന ഭരണക്രമമല്ല. ജനങ്ങളുടെ പങ്കാളിത്തം, അഭിപ്രായസ്വാതന്ത്ര്യം, സമത്വം, നിയമവാഴ്ച, സുതാര്യത, ഉത്തരവാദിത്വം, വിവരാവകാശം, ഭരണത്തിൽ പങ്കാളികളാകാനുള്ള അവസരം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വിശാലമായ ഭരണസങ്കൽപ്പമാണ് ജനാധിപത്യം. ഈ അർഥത്തിൽ നോക്കുമ്പോൾ ഭരണഭാഷയ്ക്ക് ജനാധിപത്യഭരണത്തിൽ നിർണ്ണായകമായ സ്ഥാനമാണുള്ളത്. ഭരണകൂടം ജനങ്ങളുമായി ആശയവിനിമയം നടത്തുന്നതും നിയമങ്ങളും നയങ്ങളും ഉത്തരവുകളും അറിയിക്കുന്നതും അവരിൽനിന്ന് അപേക്ഷകളും പരാതികളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതും പ്രധാനമായും ഭാഷയിലൂടെയാണ്. ഭാഷ കേവലം ആശയവിനിമയത്തിനുള്ള ഉപാധിയല്ല; അത് വ്യക്തിയുടെ സ്വത്വത്തിന്റെയും സാമൂഹികബന്ധങ്ങളുടെയും സാംസ്കാരികപൈതൃകത്തിന്റെയും അധികാരബന്ധങ്ങളുടെയും ഭാഗവുമാണ്. ഒരു വ്യക്തി സംസാരിക്കുന്ന ഭാഷ അയാളുടെ അനുഭവലോകത്തെയും ചിന്താപ്രക്രിയയെയും സാമൂഹികമായ സ്വത്വത്തെയും പ്രതിഫലിപ്പിക്കുന്നു. അതിനാൽ ഭാഷയെക്കുറിച്ചുള്ള ഏതു നയരൂപവൽക്കരണവും ഭാഷാപരമായ ഒരു തീരുമാനം മാത്രമല്ല, അതിന് സാമൂഹികവും രാഷ്ട്രീയവും ജനാധിപത്യപരവും ഭരണഘടനാപരവുമായ മാനങ്ങളുമുണ്ട്.

ജനാധിപത്യത്തിന്റെ പ്രവർത്തനഭാഷ

ജനാധിപത്യത്തിൽ അധികാരത്തിന്റെ അന്തിമ ഉറവിടം ജനങ്ങളാണ്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ ജനങ്ങളുടെ പേരിലാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ ഭരണകൂടവും ജനങ്ങളും തമ്മിലുള്ള ആശയവിനിമയത്തിന്റെ മാധ്യമമായ ഭരണഭാഷ ജനങ്ങൾക്ക് മനസ്സിലാകാത്തതോ അവരിൽനിന്ന് അകന്നുനിൽക്കുന്നതോ ആകാൻ പാടില്ല. ഭരണകൂടം സ്വീകരിക്കുന്ന തീരുമാനങ്ങളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും നടപ്പാക്കുന്ന പദ്ധതികളും ജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ അവരിലേക്ക് എത്തേണ്ടത് അനിവാര്യമാണ്. നിയമങ്ങളും ഉത്തരവുകളും നയങ്ങളും ജനങ്ങൾക്ക് മനസ്സിലാകാത്ത സങ്കീർണ്ണമായ ഭാഷയിൽ അവതരിപ്പിക്കപ്പെടുമ്പോൾ നിയമപരമായി അവ ലഭ്യമായിരുന്നാലും പ്രായോഗികമായി അവ ജനങ്ങളിൽനിന്ന് അകന്നുനിൽക്കും. അതിനാൽ, ഭരണഭാഷയെ ഔദ്യോഗിക രേഖകളുടെ മാത്രം ഭാഷയായി കാണാനാവില്ല; അത് ജനാധിപത്യത്തിന്റെ പ്രവർത്തനഭാഷകൂടിയാണ്.

ഭരണകൂടത്തിന്റെ ഭാഷ ജനങ്ങൾക്ക്

അപ്രാപ്യമാകുമ്പോൾ, ഭരണസംവിധാനത്തെ സമീപിക്കുന്നതിനുള്ള മാനസികവും പ്രായോഗികവുമായ തടസ്സങ്ങൾ വർധിക്കും. പ്രത്യേകിച്ച് വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കംനിൽക്കുന്ന വിഭാഗങ്ങൾക്ക് ഇത് കൂടുതൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം. ഇത്തരം സാഹചര്യങ്ങളിൽ ഭാഷാസമത്വത്തിന്റെ പ്രശ്നവും ഉയർന്നുവരും. ഒരു പ്രത്യേകഭാഷയിൽ പ്രാവീണ്യമുള്ളവർക്ക് ഭരണസംവിധാനത്തെ എളുപ്പത്തിൽ സമീപിക്കാനും മറ്റൊരു ഭാഷയിൽ മാത്രം പരിചയമുള്ളവർക്ക് അതേ കാര്യത്തിന് ഇടനിലക്കാരെ ആശ്രയിക്കേണ്ടിവരാനും സാഹചര്യമുണ്ടെങ്കിൽ, ഭാഷ ഭരണത്തിലെ ഒരു അധികാരോപാധിയായി മാറാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഭാഷയുടെ തിരഞ്ഞെടുപ്പ് ഭരണപരമായ സൗകര്യത്തിന്റെ മാത്രം പ്രശ്നമല്ല; അത് സമത്വത്തിന്റെയും സാമൂഹികനീതിയുടെയും പ്രശ്നം കൂടിയാണ്. ഇതിനുപരിഹാരമായാണ് ഒരു സംസ്ഥാനത്തെ ഒന്നോ ഒന്നിലധികം ഭാഷകളോ ഹിന്ദിയോ ആ സംസ്ഥാനത്തെ എല്ലാമോ ഏതെങ്കിലുമോ ഔദ്യോഗികാവശ്യങ്ങൾക്കുപയോഗിക്കാൻ സംസ്ഥാന നിയമനിർമാണസഭകൾക്ക് അധികാരം നൽകുന്ന വ്യവസ്ഥ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചത്.

ജനാധിപത്യത്തിൽ ഈ സ്ഥിതി മാറേണ്ടതുണ്ട്. അധികാരം ജനങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നതെങ്കിൽ ഭരണകൂടത്തിന്റെ ഭാഷയും ജനങ്ങളിൽനിന്ന് അകന്നുനിൽക്കുന്നതാകരുത്.

ജനാധിപത്യഭരണത്തിൽ ഭരണകൂടം ഉപയോഗിക്കുന്ന ഭാഷ ജനങ്ങളുടെ അവകാശബോധത്തെയും ഭരണപങ്കാളിത്തത്തെയും സ്വാധീനിക്കും. ഭരണരംഗത്ത് വ്യക്തവും കൃത്യവും ലളിതവും ജനങ്ങളെ ഉൾക്കൊള്ളുന്നതുമായ ഭാഷ(inclusive language)യാണ് ഭരണകൂടം ഉപയോഗിക്കുന്നതെങ്കിൽ ഭരണസംവിധാനം കൂടുതൽ പ്രാപ്യവും സുതാര്യവും ജനകീയവുമാകും. ഈ സാഹചര്യത്തിലാണ് ജനങ്ങളെ ഉൾക്കൊള്ളുന്ന ഭാഷ എന്ന ആശയത്തിന് ഭരണഭാഷയിൽ പ്രത്യേക പ്രാധാന്യം ലഭിക്കുന്നത്. എല്ലാവരെയും ചേർത്തുനിറുത്തുന്ന ഭാഷ എന്ന നിലയ്ക്ക് ഇതിനെ സമാശ്ലേഷഭാഷ(inclusive language) എന്നുവിളിക്കാം.

ലിംഗം, ജാതി, വർഗം, മതം, വംശം, നിറം, പ്രായം, ഭിന്നശേഷി, ലൈംഗികത, ലിംഗസ്വത്വം, ഭാഷ, പ്രദേശം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികളെയോ സമൂഹങ്ങളെയോ അപമാനിക്കുന്നതോ അവരെക്കുറിച്ചുള്ള മുൻവിധികൾ ശക്തിപ്പെടുത്തുന്നതോ ആയ ഭാഷയിൽനിന്ന് വിട്ടുനിൽക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അതേസമയം, ചില പദങ്ങളെ മറ്റുചില പദങ്ങൾകൊണ്ട് യാന്ത്രികമായി മാറ്റിസ്ഥാപിക്കുന്നതിൽമാത്രം ഇത് ഒതുങ്ങുന്നില്ല. ഭാഷയുടെ സാമൂഹികപ്രത്യാഘാതം, സന്ദർഭം, നിയമപരമായ കൃത്യത, ആശയവിനിമയക്ഷമത, ജനങ്ങളുടെ സ്വാഭാവിക ഭാഷാപ്രയോഗം എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കണം ഭരണഭാഷയിൽ ഉൾക്കൊള്ളൽനയം സാധ്യമാക്കേണ്ടത്.



ജനാധിപത്യഭരണത്തിൽ ഭരണകൂടം ഉപയോഗിക്കുന്ന ഭാഷ ജനങ്ങളുടെ അവകാശബോധത്തെയും ഭരണപങ്കാളിത്തത്തെയും സ്വാധീനിക്കും. ഭരണരംഗത്ത് വ്യക്തവും കൃത്യവും ലളിതവും ജനങ്ങളെ ഉൾക്കൊള്ളുന്നതുമായ ഭാഷ(inclusive language)യാണ് ഭരണകൂടം ഉപയോഗിക്കുന്നതെങ്കിൽ ഭരണസംവിധാനം കൂടുതൽ പ്രാപ്യവും സുതാര്യവും ജനകീയവുമാകും

ഭരണ ഭാഷയുടെ സ്വാഭാവം

ഭരണഭാഷയെക്കുറിച്ചുള്ള ചർച്ചയിൽ ആദ്യം ഉയരുന്ന ചോദ്യം അതിന്റെ സ്വഭാവത്തെക്കുറിച്ചാണ്. ഭരണഭാഷ ഭരണകൂടത്തിന്റെ അധികാരം പ്രകടിപ്പിക്കുന്ന ഭാഷ മാത്രമാണോ, അതോ ജനങ്ങളുമായി സംവദിക്കുന്ന ഭാഷയാണോ? ചരിത്രപരമായി നോക്കുമ്പോൾ ഭരണഭാഷ പലപ്പോഴും അധികാരത്തിന്റെ ഭാഷയായാണ് പ്രവർത്തിച്ചിട്ടുള്ളത്. രാജാക്കന്മാരുടെയും കൊളോണിയൽ ഭരണകൂടങ്ങളുടെയും ഭാഷ സാധാരണ ജനങ്ങളുടെ ഭാഷയിൽനിന്ന് വ്യത്യസ്തമായിരുന്നു. നിയമങ്ങളും ഉത്തരവുകളും ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകാത്ത ഭാഷയിൽ തയ്യാറാക്കപ്പെട്ടിരുന്ന സാഹചര്യങ്ങൾ പല സമൂഹങ്ങളിലും നിലനിന്നിരുന്നു. ഭരണഭാഷയെക്കുറിച്ചുള്ള ഈ ചരിത്രം ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.

ലിംഗസമത്വവും ഭരണഭാഷയും

ലിംഗസമത്വം എന്നതിലൂടെ എല്ലാ ലിംഗങ്ങളിലുമുള്ള ആളുകൾക്ക് തുല്യ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അവസരങ്ങളും നൽകുക എന്നാണ് ഉദ്ദേശിക്കുന്നത്. എല്ലാ മേഖലകളിലും വ്യക്തികളെ പൊതുവായി പരാമർശിക്കുമ്പോൾ ലിംഗനിഷ്പക്ഷപദങ്ങളുണ്ടെങ്കിൽ തീർച്ചയായും അവ ഉപയോഗിക്കണം. ഇന്ത്യയിലിപ്പോൾ ലിംഗനിഷ്പക്ഷത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഭരണഭാഷയിൽ ലിംഗപക്ഷപാതപരമായ പ്രയോഗങ്ങൾ ഒഴിവാക്കേണ്ടത് ആവശ്യമാണ്. ഒരു പദം പുരുഷനെ മാത്രം സൂചിപ്പിക്കുമ്പോൾ അതിൽ സ്ത്രീകളും ഉൾപ്പെടുന്നു എന്ന വ്യാഖ്യാനം സാധ്യമാണെങ്കിലും, സന്ദർഭത്തിനനുസരിച്ചുള്ള ലിംഗനിഷ്പക്ഷമായ പദപ്രയോഗം കൂടുതൽ ഉചിതമാണ്. നിയമവ്യവസ്ഥയിൽ ലിംഗനിഷ്പക്ഷത ഉറപ്പുവരുത്തുന്ന വ്യവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നത് 1897-ലെ പൊതുഖണ്ഡങ്ങൾ ആക്ടിലാണ്. വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായ ഒന്നുമില്ലെങ്കിൽ എല്ലാ കേന്ദ്ര ആക്ടുകളിലും റഗുലേഷനുകളിലും പുല്ലിംഗത്തെ സൂചിപ്പിക്കുന്ന വാക്കുകളിൽ സ്ത്രീകളും സ്ത്രീലിംഗത്തെ സൂചിപ്പിക്കുന്ന വാക്കുകളിൽ പുരുഷന്മാരും ഉൾപ്പെടുന്നതാണ് എന്നാണ് 1897-ലെ പൊതുഖണ്ഡങ്ങൾ ആക്ടിൽ(The General Clauses Act, 1897) പറയുന്നത്. കേരളസർക്കാരും വിവിധ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന അപേക്ഷാഫാറങ്ങൾ ലിംഗനിഷ്പക്ഷത (gender neutral)യുള്ളതാക്കാൻ വകുപ്പുമേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം, എല്ലാ അപേക്ഷാഫാറങ്ങളിലും 'ന്റെ/യുടെ ഭാര്യ' (wife of) എന്നു രേഖപ്പെടുത്തുന്നതിനു പകരം 'ന്റെ/യുടെ ജീവിതപങ്കാളി' (spouse of) എന്നു രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷാഫാറങ്ങളിൽ രക്ഷാകർത്താക്കളുടെ വിശദാംശങ്ങൾ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഒരാളുടെയോ ഒന്നിലധികം രക്ഷാകർത്താക്കളുടെയോ വിവരം രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നൽകണം. അതുപോലെ, ഫാറങ്ങളിൽ 'അവൻ/അവന്റെ' എന്നുമാത്രം ഉപയോഗിക്കുന്നതിനുപകരം 'അവൻ/അവൾ', 'അവന്റെ/അവളുടെ' എന്നരീതിയിൽ ഉപയോഗിക്കുന്നതിനുവേണ്ടി നിയമങ്ങൾ, വിവിധ ചട്ടങ്ങളിലെ മാർഗനിർദേശങ്ങൾ, ഫാറങ്ങൾ എന്നിവ പരിഷ്കരിക്കാനും നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ചെയർമാൻ എന്നതിനുപകരം ചെയർപേഴ്സൺ എന്നുപയോഗിക്കണമെന്നും നിർദേശമുണ്ട്. 1897-ലെ പൊതുഖണ്ഡങ്ങൾ ആക്ടിലെ വ്യവസ്ഥകൾ നിലവിലുള്ളതിനാൽ ലിംഗനിഷ്പക്ഷത പ്രകടമാക്കുന്നതിനുള്ള നടപടിയായി ഈ നിർദേശത്തെ കണക്കാക്കാം. ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാംലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതും ഔദ്യോഗികരേഖകളിൽ ഉപയോഗിക്കുന്നതും പ്രസ്തുത വിഭാഗക്കാർക്കിടയിൽ പ്രതിഷേധത്തിന് ഇടയാക്കിയ സാഹചര്യത്തിലാണ് തത്തുല്യമായ പദം ലഭിക്കുന്നതുവരെ 'ട്രാൻസ്ജെൻഡർ' എന്നുപയോഗിക്കണമെന്ന പൊതുനിർദേ

ശം നൽകിക്കൊണ്ട് സർക്കാരുത്തരവു പുറപ്പെടുവിച്ചത്.

ഭാഷയിലെ ചില പ്രയോഗങ്ങൾ സമൂഹത്തിലെ പിതൃകേന്ദ്രിത ഘടനകളെ സ്വാഭാവികമായി അവതരിപ്പിക്കാറുണ്ട്. സ്ത്രീയുടെ ജീവിതത്തെ പിതാവ്, ഭർത്താവ്, പുത്രൻ തുടങ്ങിയ പുരുഷബന്ധങ്ങളിലൂടെ മാത്രം നിർവചിക്കുന്ന ഭാഷ ഇതിന് ഉദാഹരണമാണ്. ഭരണരേഖകളിൽ വ്യക്തിയുടെ സ്വതന്ത്രമായ നിയമപരമായ വ്യക്തിത്വത്തെ മുൻനിർത്തിയുള്ള ഭാഷയാണ് കൂടുതൽ ഉചിതം. ഒരു സ്ത്രീയെ മറ്റൊരാളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവചിക്കുന്നതിനുപകരം, അവളുടെ സ്വന്തം നിയമപരമായ വ്യക്തിത്വം അംഗീകരിക്കുന്ന ഭാഷ ഉപയോഗിക്കണം. ഇത് സ്ത്രീകളുടെ കാര്യത്തിൽ മാത്രമല്ല ബാധകം. ഓരോ വ്യക്തിയെയും മറ്റൊരാളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിർവചിക്കാതെ സ്വതന്ത്ര അവകാശങ്ങളുള്ള പൗരരായി കാണുന്ന ഭാഷയാണ് ജനാധിപത്യഭരണത്തിന് അനുയോജ്യം. അതേസമയം സ്ത്രീകളെക്കുറിച്ചുള്ള ഭാഷയിൽ പതിഞ്ഞിരിക്കുന്ന സ്ത്രീരിയോടൈപ്പുകളും പരിഗണിക്കേണ്ടതാണ്. ഹർജികളിലും ഉത്തരവുകളിലും വിധിന്യായങ്ങളിലും ലിംഗ അസമത്വം പ്രകടമാക്കുന്ന, പ്രത്യേകിച്ച് സ്ത്രീകളുമായി ബന്ധപ്പെട്ട പതിവുപ്രയോഗങ്ങൾ പരിഷ്കരിക്കുന്നതിന് കൈപ്പുസ്തകം പ്രസിദ്ധീകരിച്ച സുപ്രീംകോടതിയുടെ ഇടപെടൽ കാലത്തിന്റെ അനിവാര്യതയാണ്.

നിയമഭാഷയിലൊഴിവാക്കേണ്ട സ്ത്രീരിയോടൈപ്പുകളെക്കുറിച്ച് സുപ്രീംകോടതി പ്രസിദ്ധീകരിച്ച കൈപ്പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. വ്യഭിചാരിണി(adulteress) എന്നതിനുപകരം വിവാഹേതര ലൈംഗികബന്ധമുള്ള സ്ത്രീ (Woman who has engaged in sexual relations outside of marriage) എന്നും വേശ്യ (prostitute, hooker) എന്നതിനുപകരം ലൈംഗികത്തൊഴിലാളി (sex worker) അല്ലെങ്കിൽ മനുഷ്യക്കടത്തിൽപ്പെട്ട ഇര (trafficked victim) എന്നുപയോഗിക്കണമെന്നും ഇത്തരത്തിൽ ധാരാളം പദങ്ങളിൽ മാറ്റംവേണമെന്നും കൈപ്പുസ്തകത്തിൽ നിർദേശമുണ്ട്. എന്നാൽ 01.07.2024-ൽ നിലവിൽവന്ന ഭാരതീയ ന്യായസംഹിതയിലെ 98, 99 വകുപ്പുകളുടെ വിശദീകരണഭാഗത്ത് വേശ്യ (prostitute) എന്നുപയോഗിച്ചത് ഭാഷയിലെ ആധുനികസമീപങ്ങൾക്കു വിരുദ്ധമാണ്.


ചരിത്രപരമായ ഭാഷയും സമകാലിക ഭാഷയും

ഇന്ത്യൻ സമൂഹത്തിന്റെ ചരിത്രത്തിൽ ജാതിയുമായി ബന്ധപ്പെട്ട ഭാഷയ്ക്ക് വലിയ സാമൂഹികപ്രാധാന്യമുണ്ട്. ജാതിവ്യത്യാസങ്ങളെ സ്വാഭാവികമാക്കുകയും ചില വിഭാഗങ്ങളെ ഉയർന്നതും മറ്റുചില വിഭാഗങ്ങളെ താഴ്ന്നതുമായി അവതരിപ്പിക്കുകയും ചെയ്യുന്ന പദപ്രയോഗങ്ങൾ ഭാഷയിൽ നിലനിന്നിട്ടുണ്ട്. ഭരണഭാഷയിൽ ചരിത്രപരമായ വിവേചനങ്ങളെ പുനരുൽപാദിപ്പിക്കുന്ന പദപ്രയോഗങ്ങൾ ഒഴിവാക്കേണ്ടതാണ്. പ്രത്യേകിച്ച് സർക്കാർരേഖകളിലും ഔദ്യോഗിക ആശയവിനിമയങ്ങളിലും ഒരു വിഭാഗത്തെ അപമാനിക്കുന്നതോ അവഹേളിക്കുന്നതോ ആയ പദപ്രയോഗങ്ങൾക്ക് സ്ഥാനമുണ്ടാകരുത്. അതേസമയം ചരിത്രരേഖകളിൽ ഇത്തരം പദങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിൽ അവയെ ചരിത്രപരമായ സന്ദർഭത്തിൽ മനസ്സിലാക്കേണ്ടതുമുണ്ട്. ചരിത്രപരമായ ഭാഷയുടെ രേഖപ്പെടുത്തലും സമകാലിക ഭരണഭാഷയുടെ പ്രയോഗവും ഒരേ രീതിയിൽ പരിഗണിക്കാനാവില്ലല്ലോ.

ഒരു വ്യക്തി ഉപയോഗിക്കുന്ന സഭ്യവും മാന്യവുമായ പദമോ പ്രയോഗമോ മറ്റൊരു വ്യക്തിയെയോ സമൂഹത്തെയോ ഒരുതരത്തിലും വേദനിപ്പിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്യുകയില്ലെന്ന് നമുക്ക് ഉറപ്പിച്ചുപറയാനാവില്ല ഉദാഹരണത്തിന്, 'ഹരിജൻ' എന്ന പദത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ, അതിന് അതീവപ്രാധാന്യമുണ്ടായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നെന്നു നമുക്കറിയാം. ദലിതരെ പരാമർശിക്കാൻ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ചിരുന്ന 'അസ്പൃശ്യർ' അല്ലെങ്കിൽ 'ഭാംഗി' പോലുള്ള പദങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി മഹാത്മാഗാന്ധി 1932-ൽ ഉപയോഗിച്ച പദമാണ് ഹരിജൻ. തന്റെ പ്രതിവാരപത്രമായ 'യംഗ് ഇന്ത്യ'യെ 'ഹരിജൻ' എന്ന് അദ്ദേഹം പുനർനാമകരണം ചെയ്തു. 'ഹരിജൻ' എന്ന പദം ഒരു ജാതിപ്പേരല്ലെന്നും അത് അപമാനത്തിന്റെയും പരിഹാസത്തിന്റെയും പദമായി പതിവായി ഉപയോഗിക്കുന്നുവെന്നും അതിനാൽ കുറ്റകരമാണെന്നും പിൽക്കാലത്ത് സുപ്രീംകോടതി നിരീക്ഷിച്ചിട്ടുണ്ട്. വ്യക്തികളുടെ നേർക്ക് ആ പദം ഉപയോഗിക്കുന്നത് ഭരണഘടനാവിരുദ്ധമായതിനാൽ പട്ടികജാതിയെന്നോ പട്ടികഗോത്രവർഗമെന്നോ മാത്രമേ ഉപയോഗിക്കാവൂ എന്നതാണ് നിലവിലുള്ള നിർദേശം.

നിഷ്പക്ഷതയും ഉൾച്ചേരലും

നിറത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹിക മുൻവിധികളും ഭാഷയിൽ



പ്രത്യക്ഷപ്പെടാറുണ്ട്. കറുപ്പ്, വെളുപ്പ് തുടങ്ങിയ വർണ്ണങ്ങളെ നല്ലതും ചീത്തയുമായ മൂല്യങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രയോഗങ്ങൾ പല ഭാഷകളിലും കാണാം. എല്ലാ നിറങ്ങൾക്കും തുല്യമായ സാമൂഹികമൂല്യം അംഗീകരിക്കുന്ന ഭാഷാപരമായ സമീപനം ഉൾക്കൊള്ളൽഭാഷയുടെ ഭാഗമാണ്. അതുപോലെ ഒരു വ്യക്തിയുടെ വംശീയമോ സാംസ്കാരികമോ ആയ പശ്ചാത്തലത്തെ അവഹേളിക്കുന്ന പദപ്രയോഗങ്ങളും ഭരണഭാഷയിൽ ഒഴിവാക്കണം. ഭരണരേഖയിൽ ഒരു വ്യക്തിയുടെ നിറമോ വംശമോ പരാമർശിക്കേണ്ടതുണ്ടെങ്കിൽ അത് വസ്തുതാപരമായ ആവശ്യകതയുള്ളിടത്ത് മാത്രവും നിഷ്പക്ഷമായ ഭാഷയിലും ആയിരിക്കണം.

ഭിന്നശേഷിയുമായി ബന്ധപ്പെട്ട പദപ്രയോഗം ഉൾക്കൊള്ളൽഭാഷയുടെ പ്രധാന മേഖലയാണ്. ഒരു വ്യക്തിയുടെ മുഴുവൻ വ്യക്തിത്വത്തെയും അദ്ദേഹത്തിന്റെ ഭിന്നശേഷിയിലൂടെ മാത്രം നിർവചിക്കുന്ന ഭാഷ വ്യക്തിയെ പരിമിതപ്പെടുത്തുന്ന സമീപനത്തിലേക്ക് നയിച്ചേക്കാം. അതുകൊണ്ട് ഭരണഭാഷയിൽ ഭിന്നശേഷിയുള്ള വ്യക്തികളെ അപമാനിക്കുന്നതോ കരുണയുടെ വസ്തുവായി മാത്രം അവതരിപ്പിക്കുന്നതോ ആയ പദപ്രയോഗങ്ങൾ ഒഴിവാക്കണം. ഭിന്നശേഷിയെ ഒരു വ്യക്തിയുടെ ഏകസ്വത്വമായി കാണാതെ, അവകാശങ്ങളുള്ള

ഒരു വ്യക്തിയായി കാണുന്ന ഭാഷയാണ് കൂടുതൽ ഉചിതം. അതുകൊണ്ടുതന്നെ, 'ഭിന്നശേഷിക്കാരായ വ്യക്തികൾ' (persons with disabilities) എന്നെഴുതുന്ന രീതിയാണ് ഇന്ന് ഇന്ത്യൻ സമൂഹത്തിലുള്ളത്. 'ഭിന്നശേഷിക്കാരുടെ അവകാശ ആക്റ്റ്, 2016' ('The Rights of Persons with Disabilities Act, 2016), 'ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മിഷണറേറ്റ്' (The State Commissionerate For Persons With Disabilities) എന്നിങ്ങനെയാണ് മലയാളത്തിൽ രേഖപ്പെടുത്തുന്നത്. ഇത് ഭരണസേവനങ്ങളുടെ രൂപകൽപനയിലും പ്രതിഫലിക്കണം. ഭിന്നശേഷിയുള്ളവർക്ക് പ്രാപ്യമായ ഫോമുകൾ, വെബ്സൈറ്റുകൾ, അറിയിപ്പുകൾ, സഹായകേന്ദ്രങ്ങൾ, അപേക്ഷാസംവിധാനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതും ഉൾക്കൊള്ളലിന്റെ ഭാഗമാണ്.

കുട്ടികളും ഭരണഭാഷയും

കുട്ടികളെക്കുറിച്ചുള്ള പദപ്രയോഗത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒരു കുട്ടിയുടെ തെറ്റായ പ്രവൃത്തിയെ അടിസ്ഥാനമാക്കി കുറ്റവാളിയുടെ സ്വഭാവമുള്ള വ്യക്തിയായി നിർവചിക്കുന്ന ഭാഷ കുട്ടിയുടെ അവകാശപരമായ വ്യക്തിത്വത്തെ അവഗണിച്ചേക്കാം. തെറ്റായ പ്രവൃത്തിചെയ്ത ഒരു കുട്ടിയെ പരാമർശിക്കുന്നതിന് 1986-ലെ ബാലാവകാശ ആക്ടിൽ 'delinquent juvenile' എന്നാണ് പ്രയോഗിച്ചിരുന്നത്. മലയാളത്തിൽ കുട്ടിക്കുറ്റവാളി, ബാലകുറ്റവാളി എന്നൊക്കെയാണ് ഇതിന് പരിഭാഷ നൽകിയിരുന്നത്. എന്നാൽ, സാമൂഹികമാറ്റത്തിന്റെ ഭാഗമായി കുട്ടികളുടെ നേർക്ക് ഇത്തരം പദങ്ങളുപയോഗിക്കുന്നത് ഒഴിവാക്കിക്കൊണ്ടാണ് 2000-ൽ ബാലാവകാശ (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്ട് രൂപപ്പെടുത്തിയത്. 'Delinquent juvenile' എന്നതിനുപകരം 'juvenile in conflict with law' എന്നാണ് മാറ്റം വരുത്തിയത്. 2015-ലെ ബാലാവകാശ (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്ടുപ്രകാരം 'നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി' (child in conflict with law) എന്നാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഈ മാറ്റത്തിന്റെ പ്രാധാന്യം പദമാറ്റത്തിൽ മാത്രമല്ല പ്രകടമാകുന്നത്. കുട്ടിയെ കുറ്റവുമായി സമീകരിക്കുന്നതിനുപകരം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയായി കാണുന്ന ആശയപരമായ മാറ്റമാണ് അതിന്റെ അടിസ്ഥാനം. ഇത്തരം പദപരിഷ്കാരങ്ങൾ ഭാഷ സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ എങ്ങനെ മാറ്റുന്നു എന്നതിന്റെ പ്രധാന ഉദാഹരണങ്ങളാണ്. പ്രായവുമായി ബന്ധപ്പെട്ട് വേറെയും പദങ്ങളുണ്ട്. 'വയോജനം' എന്ന പദത്തെക്കാൾ കൂടുതൽ ബഹുമാനവും പദവിയും നൽകുന്ന പ്രയോഗമാണ് 'മുതിർന്നപൗരർ' എന്നത്. മാത്രമല്ല, ഉൾക്കൊള്ളലിന്റെ ഭാഷയാണ് 'മുതിർന്നപൗരർ' (senior citizen) എന്ന പ്രയോഗം പ്രകടമാക്കുന്നത്. Elderly Welfare Department എന്നതിനുപകരം Department of Senior Citizens എന്ന പേര് സ്വീകരിച്ചതിലൂടെ ഉൾക്കൊള്ളലിന്റെ ഭാഷാരാഷ്ട്രീയമാണ് കേരളസർക്കാർ മുന്നോട്ടുവയ്ക്കുന്നത് എന്നു കാണാം.

സമാശ്ലേഷഭാഷയും സന്ദർഭവും

ഒരു പദത്തിന്റെയോ പ്രയോഗത്തിന്റെയോ അർഥം അതിന്റെ സന്ദർഭത്തിൽനിന്ന് വേർതിരിക്കാനാവില്ല. ഒരേ പദം ഒരു സാഹചര്യത്തിൽ സ്നേഹപ്രകടനമായും മറ്റൊരു സാഹചര്യത്തിൽ അപമാനമായും പ്രവർത്തിക്കാം. അതുകൊണ്ട് ഭരണഭാഷയിൽ സമാശ്ലേഷഭാഷ സ്വീകരിക്കുമ്പോഴും സന്ദർഭത്തെ അവഗണിക്കരുത്. സാഹിത്യത്തിൽ ഒരു കഥാപാത്രം ഉപയോഗിക്കുന്ന ഭാഷയും എഴുത്തുകാരന്റെ വിവരണഭാഷയും തമ്മിലും വ്യത്യാസമുണ്ട്. ഭരണരേഖയിൽ ഒരു വിഭാഗത്തെയും അപമാനിക്കാത്ത ഭാഷ ഉപയോഗിക്കുന്നതിനൊപ്പം അത് പൊതുജനങ്ങൾക്ക് മനസ്സിലാകുന്നതുമാകണം. അതുകൊണ്ട് വ്യക്തത, കൃത്യത, ലാളിത്യം, നിഷ്പക്ഷത, മാനവമഹത്വം, ഉൾക്കൊള്ളൽ, സമത്വബോധം എന്നിവ ഭരണഭാഷയുടെ പ്രധാന ഗുണങ്ങളായി വർത്തിക്കേണ്ടതുണ്ട്.



ഇങ്ങനെ നോക്കുമ്പോൾ ഡിജിറ്റൽ ഉൾക്കൊള്ളലിന്റെ അടിസ്ഥാനഘടകമാണ് ഭാഷാപരമായ ഉൾക്കൊള്ളൽ എന്നുപറയാം. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഷാപരമായ ഉത്തരവാദിത്വം വളരെ നിർണ്ണായകമാണ്

ഡിജിറ്റൽ ലോകത്തെ ഭരണഭാഷാ സങ്കേതങ്ങൾ

ഇന്ന് ഭരണനിർവഹണത്തിന്റെ വലിയൊരു ഭാഗം ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലേക്ക് മാറിയിട്ടുണ്ട്. അതിനാൽ സമാശ്ലേഷഭാഷയുടെ പ്രശ്നം കടലാസുരേഖകളിൽനിന്ന് വെബ്സൈറ്റുകളിലേക്കും മൊബൈൽ ആപ്ലിക്കേഷനുകളിലേക്കും ഓൺലൈൻ പ്ലാറ്റ് ഫോമുകളിലേക്കും വ്യാപിക്കുന്നു. ഒരു സർക്കാർ വെബ്സൈറ്റ് സാങ്കേതികമായി എല്ലാവർക്കും ലഭ്യമാണെങ്കിലും അതിലെ ഭാഷ എല്ലാ വ്യക്തികൾക്കും മനസ്സിലാകാത്തതാണെങ്കിൽ അത് യഥാർഥത്തിൽ എല്ലാ ജനങ്ങളെയും ഉൾക്കൊള്ളുന്നതാണെന്നുപറയാൻ കഴിയില്ല. ഡിജിറ്റൽ ഭരണത്തിൽ ലളിതമായ ഭാഷ, പ്രാദേശികഭാഷകളുടെ ലഭ്യത, ഭിന്നശേഷിക്കാർക്ക് പ്രാപ്യമായ ഉള്ളടക്കം, വ്യക്തമായ നിർദേശങ്ങൾ, ലിംഗനിഷ്പക്ഷമായോ ആവശ്യാനുസരണം ലിംഗസമത്വമുള്ളതോ ആയ പദപ്രയോഗം, വിവേചനരഹിതമായ വിഭാഗീകരണം, സാങ്കേതികപദങ്ങൾക്ക് ആവശ്യമായ വിശദീകരണം തുടങ്ങിയവ അനിവാര്യമാണ്. ഇങ്ങനെ നോക്കുമ്പോൾ ഡിജിറ്റൽ ഉൾക്കൊള്ളലിന്റെ അടിസ്ഥാനഘടകമാണ് ഭാഷാപരമായ ഉൾക്കൊള്ളൽ എന്നുപറയാം. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഷാപരമായ ഉത്തരവാദിത്വം വളരെ നിർണായകമാണ്. ഒരു സർക്കാർരേഖ തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ ഉപയോഗിക്കുന്ന ഓരോ പദവും ചില സാമൂഹികധാരണകൾ വഹിച്ചേക്കാം. അതിനാൽ ഔദ്യോഗികരേഖ തയ്യാറാക്കുമ്പോൾ ഒരുദ്യോഗസ്ഥൻ, ഈ പദം കൃത്യമാണോ? ഇത് പൊതുജനങ്ങൾക്ക് മനസ്സിലാകുമോ? ഇതിൽ അനാവശ്യമായ മുൻവിധിയുണ്ടോ? ഏതെങ്കിലും വിഭാഗത്തെ അപമാനിക്കാൻ സാധ്യതയുണ്ടോ? ഇതിന് കൂടുതൽ നിഷ്പക്ഷമായ പദപ്രയോഗമുണ്ടോ? നിയമപരമായ അർഥം ഇതിലൂടെ കൃത്യമായി കൈമാറുന്നുണ്ടോ? ഈ ഭാഷ എല്ലാവരെയും തുല്യമായി അഭിസംബോധന ചെയ്യുന്നുണ്ടോ? എന്നിങ്ങനെ സ്വയം ചോദിക്കേണ്ടതുണ്ട്. അതിന് പരിശീലനത്തിൽ ഭാഷയ്ക്ക് കൂടുതൽ ഇടം നൽകണം. ഭരണമേഖലയിൽ ഉദ്യോഗസ്ഥർക്കു നൽകുന്ന പരിശീലനം നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും മാത്രം പഠിപ്പിക്കുന്നതാകരുത്. ജനങ്ങളുമായി എങ്ങനെ വ്യക്തമായും മാന്യമായും ഉൾക്കൊള്ളുന്ന രീതിയിലും ആശയവിനിമയം നടത്തണം എന്നതും അതിന്റെ ഭാഗമാകണം. ലളിതവും വ്യക്തവുമായ രചനാരീതി, നിയമപരമായ കൃത്യത, ലിംഗനിഷ്പക്ഷവും ലിംഗസമത്വപരവുമായ പദപ്രയോഗം, ഭിന്നശേഷി സൗഹൃദഭാഷ, വിവേചനരഹിതഭാഷയുടെ ഉപയോഗം തുടങ്ങിയകാര്യങ്ങൾ പരിശീലനങ്ങളിൽ ഉൾപ്പെടുത്തിയാൽ ഭരണഭാഷയുടെ ഗുണനിലവാരം മാത്രമല്ല, ഭരണസേവനങ്ങളുടെ ഗുണനിലവാരവും ഉയർത്താനാകും.

ഭരണഭാഷയും സമാശ്ലേഷഭാഷയും തമ്മിലുള്ള ബന്ധം കേവലം ഭാഷാപരമായ വിഷയമല്ല. അത് ജനാധിപത്യം, ഭരണഘടനാപരമായ സമത്വം, സാമൂഹികനീതി, മാനവമഹത്വം, ഭാഷാവകാശം, ഭരണസുതാര്യത എന്നിവയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഭാവിയിലെ ഭരണഭാഷ കൂടുതൽ ജനകേന്ദ്രീകൃതവും സാങ്കേതികമായി പ്രാപ്യവും സാമൂഹികമായി ഉൾക്കൊള്ളുന്നതുമായിരിക്കണം. കൃത്രിമബുദ്ധി, യന്ത്രപരിഭാഷ, ഭാഷാസാങ്കേതികവിദ്യകൾ തുടങ്ങിയവ ഭരണരംഗത്ത് കൂടുതൽ വ്യാപകമാകുമ്പോൾ ഭാഷയുടെ പ്രാധാന്യം കുറയുകയല്ല, മറിച്ച് വർധിക്കുകയാണ് ചെയ്യുന്നത്. ■

ജേക്കബ് ഏബ്രഹാം
പ്രൊജക്റ്റ് ഹെഡ്, റേഡിയോ മലയാളം, മലയാളം മിഷൻ



ബഹുഭാഷാ സാഹചര്യങ്ങളിൽ തങ്ങളുടെ ഭാഷയെയും സംസ്കാരത്തെയും ചേർത്തുനിർത്താൻ എന്നും ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ള പ്രവാസ മലയാള സമൂഹത്തിന് വേണ്ടി കേരള സർക്കാർ ആരംഭിച്ച ഭാഷാ- സാംസ്കാരിക പഠന മിഷനാണ് മലയാളം മിഷൻ.

പ്രവാസലോകത്തെ മലയാളമധുരം

മാതൃഭാഷ ഏതൊരു വ്യക്തിയുടെയും സ്വത്വത്തിന്റെ അടയാളമാണ്. വേരുകൾ പറിച്ചുനടുമ്പോഴും ഭാഷയോടുള്ള വൈകാരികബന്ധം അങ്ങനെ തന്നെ നിലനിൽക്കുന്ന പ്രവാസി ജീവിതങ്ങളാണ് കുടിയേറ്റ ജീവിതങ്ങളിൽ കാണാൻ കഴിയുക. കേരളത്തിന്റെ അഞ്ചാം തലമുറയുടെ പ്രവാസ ജീവിതത്തിന് ഭാഷകൊണ്ട് അടയാളപ്പെടുത്തിയ ദ്രുപടമായി മാറിയിരിക്കുകയാണ് മലയാളം മിഷൻ. ബഹുഭാഷാ സാഹചര്യങ്ങളിൽ തങ്ങളുടെ ഭാഷയെയും സംസ്കാരത്തെയും ചേർത്തുനിർത്താൻ എന്നും ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ള പ്രവാസ മലയാള സമൂഹത്തിന് വേണ്ടി കേരള സർക്കാർ ആരംഭിച്ച ഭാഷാ സാംസ്ക്കാരിക പഠന മിഷനാണ് മലയാളം മിഷൻ.

ദൽഹി മലയാളികൾ തങ്ങളുടെ പുതിയ തലമുറയിൽ മാതൃഭാഷാപഠനത്തിനായി ആരംഭിച്ച അനൗപചാരികമായ കൂട്ടായ്മ 2009 ൽ കേരള സർക്കാർ മലയാളം മിഷൻ എന്ന രൂപത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ മാതൃഭാഷാപഠനത്തിനായി പ്രത്യേക മിഷനായി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ആറുമുതൽ അറുപതു വയസ് വരെയുള്ള ആർക്കും മലയാളപഠനം സാധ്യമാക്കുംവിധം വിശാലമായ ഒരു മാതൃഭാഷാപഠന കോഴ്സും കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നീ പാഠപുസ്തകങ്ങളും രൂപീകരിച്ച് ഭാഷാപഠനം സാധ്യമാക്കി. പത്തുവർഷത്തെ കാലാവധിയിൽ പൂർത്തിയാക്കപ്പെടുന്ന ഈ കോഴ്സിൽ നീലക്കുറിഞ്ഞി ഹയർ ഡിപ്ലോമ സർട്ടിഫിക്കേഷൻ കേരളത്തിലെ പത്താംതരത്തിന്റെ തുല്യതാ സർട്ടിഫിക്കറ്റായി കേരള സർക്കാർ നൽകിവരുന്നു. ഇതു ലഭിക്കുന്ന ഏതൊരു പഠിതാവിനും കേരളത്തിലെ സർക്കാർ പരീക്ഷകൾ എഴുതാൻ അവസരം ഒരുക്കുന്നു. ഭാഷാപഠനത്തിനൊപ്പം കേരള സംസ്കാരം പ്രചരിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും മലയാളം മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

റേഡിയോയിലൂടെ ഭാഷാ-സാംസ്കാരിക വ്യാപനം എന്ന ലക്ഷ്യവുമായി റേഡിയോ മലയാളം, ഉടുപ്പിലും നടപ്പിലും ഭാഷയണിയുക എന്ന സന്ദേശവുമായി ഭാഷാ സുവനീറുകൾ ഉൾപ്പെടുത്തിയ സുവനീർ ഷോപ്പ്, മലയാളത്തിന്റെ സാഹിത്യപാരമ്പര്യത്തെയും പ്രവാസ എഴുത്തിനെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഭ്രമിമലയാളം മുഖമാസിക, കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് മലയാള പഠനം സാധ്യമാക്കുന്ന കേവി മലയാളം, കേരളത്തിൽ അതിഥിത്തൊഴിലാളികളായി എത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ഭാഷാപഠനത്തിന്റെ സാധ്യതയൊരുക്കുന്ന അതിഥിമലയാളം, മലയാളം മിഷൻ ചാപ്റ്ററുകളെ ഒരു വിരൽത്തുമ്പിൽ അറിയാൻ അവസരമൊരുക്കുന്ന മിഷൻ ഒരു വിരൽത്തുമ്പിൽ, പ്രവാസ രാജ്യങ്ങളിലെ സ്കൂളുകളിലെ കുട്ടികൾക്ക് ഭാഷ പഠിക്കാനും സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കാനും അവസരം ഒരുക്കുന്ന കുട്ടിമലയാളം ക്ലബ്, ഓൺലൈനിലൂടെ ഭാഷ പഠിക്കാൻ അവസരമൊരുക്കുന്ന ഭ്രമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്, പ്രവാസ ലോകത്തെ അധ്യാപകരെ കരിക്കുലം പരിശീലിപ്പിക്കുന്ന ബോധി പരിശീലന പരിപാടി തുടങ്ങി വിവിധ പദ്ധതികളും പരിപാടികളും മലയാളം മിഷൻ നടത്തിവരുന്നു.

എല്ലാവർഷവും സംസ്ഥാന സർക്കാരിനു വേണ്ടി ലോകമാതൃഭാഷാ ദിനാചരണം വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നത് മലയാളം മിഷനാണ്. ഇതിന്റെ ഭാഗമായി ഭാഷാപ്രവർത്തകർക്കായി ബോധി അധ്യാപക പരിശീലനക്യാമ്പും പഠിതാക്കൾക്കായി കടലാസുതോണി സർഗാത്മക സഹവാസക്യാമ്പും മലയാളം മിഷൻ ഒരുക്കാറുണ്ട്. മലയാളത്തോടൊപ്പം അരികു ഭാഷകളായ ഗോത്രഭാഷകളെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനുമായി റേഡിയോ മലയാളത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഗോത്രമലയാളം പരിപാടി, പ്രവാസ ലോകത്തെ വിദ്യാർഥികൾക്ക് കേരളത്തിൽ പഠിക്കുന്ന വിദ്യാർഥികൾക്കൊപ്പം താമസിച്ച് ആശയ വിനിമയം നടത്തുവാനും സൗഹൃദം പങ്കുവയ്ക്കുവാനും പഠിക്കാനും അവസരമൊരുക്കുന്ന വേരുകൾ ചിറകുകൾ സഹവാസക്യാമ്പ് എന്നിവയൊക്കെ മലയാളം മിഷന്റെ നവീന പദ്ധതികളാണ്.

ഭാഷാവ്യാപനത്തിനായി സുഗതാഞ്ജലി കാവ്യാലാപന മത്സരം ഉൾപ്പെടെ വിവിധ മത്സരങ്ങളും അവാർഡുകളും മലയാളം മിഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസി മലയാളികൾക്കിടയിൽ മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും വ്യാപനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന മികച്ച മലയാളം മിഷൻ ചാപ്റ്ററിനുള്ള കണിക്കൊന്ന പുരസ്കാരം, ഭാഷാപ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന മികച്ച പ്രവാസി സംഘടനയ്ക്ക് നൽകുന്ന സുഗതാഞ്ജലി പ്രവാസി പുരസ്കാരം, മലയാള ഭാഷയെ സാങ്കേതിക സൗഹൃദമാക്കുന്നതിനുള്ള നൂതനാശയങ്ങൾ പ്രാവർത്തികമാക്കുന്ന വ്യക്തികൾക്ക് അല്ലെങ്കിൽ സ്ഥാപനങ്ങൾക്ക് നൽകുന്ന ഭാഷാപ്രതിഭാപുരസ്കാരം, മലയാളം മിഷൻ നടത്തുന്ന ഭാഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഭാഷാപ്രവർത്തകർക്കും അധ്യാപകർക്കുമുള്ള പുരസ്കാരങ്ങളായ ഭാഷാമയൂരം പുരസ്കാരം, ബോധി അധ്യാപക പുരസ്കാരം പ്രവാസ മേഖലയിലെ ഏറ്റവും മികച്ച സാഹിത്യകൃതിക്ക് നൽകുന്ന പ്രവാസ സാഹിത്യ പുരസ്കാരം എന്നിങ്ങനെ വിവിധ പുരസ്കാരങ്ങളും മലയാളം മിഷൻ നൽകിവരുന്നു.

നിലവിൽ 75000 ത്തിൽ അധികം വിദ്യാർഥികൾ ഭാഷാപഠനം നടത്തുന്നുണ്ട്. അയ്യായിരത്തിലധികം അധ്യാപകരുടെ നേതൃത്വത്തിൽ ലോകവ്യാപകമായി നൂറിലധികം ചാപ്റ്ററുകളിലായി ഭാഷാപഠനം ഊർജ്ജസ്വലമായി നടന്നുവരുന്നു.

പുതിയ കാലത്തിനനുസരിച്ചുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലോകത്തിന്റെ എല്ലാ മൂലകളിലേക്കും മലയാളമധുരവുമായി എത്താനുള്ള ശ്രമത്തിലാണ് മലയാളം മിഷൻ. ■

ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്

മലയാളത്തിന്റെ നെല്ലച്ഛൻ



ഓർമ്മകളായി മാറുമായിരുന്ന നാടൻ നെൽവിത്തുകളെ മണ്ണോളം മഴയോളം സ്നേഹിച്ച സംരക്ഷിച്ച, വിത്തുകളുടെ കാവൽക്കാരന് സ്മരണാഞ്ജലി.

കേരളത്തിന്റെ പരമ്പരാഗത കാർഷിക പൈതൃകത്തിന്റെയും ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും മുഖമാണ് ഒക്ടോബർ 14 ന് നമ്മെ വിട്ടുപിരിഞ്ഞത്. മാനന്തവാടി കമ്മനയിലെ പദ്മശ്രീ ചെറുവയൽ രാമൻ എന്ന കർഷകശ്രേഷ്ഠൻ വെറുമൊരു വ്യക്തിയായിരുന്നില്ല. മണ്ണിന്റെ മണമുള്ള ഒരുകൂട്ടം പാരമ്പര്യങ്ങളുടെയും ജൈവസമൃദ്ധിയുടെയും വർത്തമാനകാല ചരിത്രമായിരുന്നു. നാടിന്റെ കാർഷിക ഓർമ്മകളുടെ ജീവിച്ചിരുന്ന ഗ്രന്ഥവും വിത്തുസമ്പത്തിന്റെ കാവൽഭടനുമായിരുന്നു. ആധുനിക കൃഷിരീതികൾ രാസവളങ്ങളുടെയും കീടനാശിനികളുടെയും പിന്നാലെ പായുമ്പോൾ തനിമയാർന്ന നാടൻ നെൽവിത്തുകളെ നെഞ്ചോട് ചേർത്ത് പിടിച്ച കർഷകനാണ് വയനാടിന്റെ സ്വന്തം ചെറുവയൽ രാമൻ.

അന്യം നിന്നു പോകുമെന്നാശങ്കപ്പെട്ട ചെന്നെല്ല്, ഗന്ധകശാല, മുള്ളൻപൂഞ്ച ഉൾപ്പെടെ അൻപതിലധികം അപൂർവ്വയിനം നാടൻ നെൽവിത്തുകളാണ് രാസവളങ്ങളുടെ പൊടിക്കൈകൾ തൊടാതെ അദ്ദേഹം സംരക്ഷിച്ചത്.

വിപണിയുടെ ലാഭക്കൊതിയേക്കാൾ മണ്ണിന്റെ ആരോഗ്യവും വരും തലമുറയുടെ നിലനിൽപ്പും വലുതാണെന്ന് പ്രവൃത്തിയിലൂടെ തെളിയിക്കുകയായിരുന്നു ജൈവവൈവിധ്യത്തിന്റെ സന്ദേശവാഹകനായ നെല്ലച്ഛൻ.

മണ്ണ് കൊണ്ട് മെഴുകി നെൽകറ്റയാൽ മേഞ്ഞ പുല്ലുപുരയിലേക്ക് വയനാടിന്റെ വൈവിധ്യങ്ങളും പാരമ്പര്യ കൃഷിരീതികളും അടുത്തറിയാനെത്തുന്ന വിദ്യാർത്ഥികൾക്കും ഗവേഷകർക്കും കർഷകർക്കും രാമൻ ഒരുപോലെ ഗുരുനാഥനായിരുന്നു.

താൻ ശേഖരിച്ച വിത്തുകൾ കാത്തുസൂക്ഷിക്കുക മാത്രമല്ല, തന്നെ തേടിയെത്തുന്ന



പരമ്പരാഗത കൃഷി രീതികൾ കൈമുതലാക്കിയ ഒരു കർഷകൻ എന്നതിലുപരി, വരും തലമുറയ്ക്കായി പ്രകൃതിയുടെ അക്ഷയഖനി കാത്തുസൂക്ഷിച്ച അസാധാരണക്കാരനായ മനുഷ്യനായിരുന്നു പത്മശ്രീ ചെറുവയൽ രാമൻ

ആർക്കും അവ ആവശ്യാനുസരണം വിത്തുകൾ നൽകി തലമുറയിൽ നിന്നും തലമുറകളിലേക്ക് നെല്ലറിവുകൾ പകർന്നു നൽകുകയായിരുന്ന അദ്ദേഹം.

'കൃഷി നമ്മുടെ സംസ്കാരമാണ്, വിത്ത് നമ്മുടെ ജീവനാണ്" എന്നതായിരുന്ന അദ്ദേഹത്തിന്റെ ഉറച്ച നിലപാട്. പരമ്പരാഗത കൃഷി രീതികൾ കൈമുതലാക്കിയ ഒരു കർഷകൻ എന്നതിലുപരി, വരും തലമുറയ്ക്കായി പ്രകൃതിയുടെ അക്ഷയഖനി കാത്തുസൂക്ഷിച്ച അസാധാരണക്കാരനായ മനുഷ്യനായിരുന്ന ചെറുവയൽ രാമൻ.

കേരളത്തിന്റെ കാർഷിക മണ്ണിലെ നിസ്വാർത്ഥ സേവനത്തിന് 2023- ൽ പത്മശ്രീ നൽകിയാണ് രാജ്യം അദ്ദേഹത്തെ ആദരിച്ചത്. 2011- ൽ ഹൈദരാബാദിൽ നടന്ന ജൈവവൈവിധ്യ സംരക്ഷണ സമ്മേളനത്തിൽ കേരളത്തിലെ കർഷകരെ പ്രതിനിധീകരിച്ച് പങ്കെടുത്തത് ചെറുവയൽ രാമനായിരുന്നു.

2016-ൽ ജനിതക സംരക്ഷണ പുരസ്കാരം, ദേശീയ പ്ലാന്റ് ജീനോം സേവിയർ അവാർഡ്, 2026-ൽ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേരിൽ കൃഷി വകുപ്പ് ഏർപ്പെടുത്തിയ പുരസ്കാരം എന്നിവ വയനാടിന്റെ കാർഷിക ഭൂമിയിലേക്കെത്തിച്ചത് പത്മശ്രീ ചെറുവയൽ രാമന്റെ തനിമയാർന്ന കാർഷിക വൃത്തികളാണ്.

പുരസ്കാരങ്ങളെക്കാൾ തിളക്കമുള്ള ലളിത ജീവിതമായിരുന്ന ചെറുവയൽ രാമന്റേത്. അദ്ദേഹം വിടവാങ്ങിയപ്പോൾ നഷ്ടമായത് നെല്ലിന്റെയും മണ്ണിന്റെയും പച്ചയായ സംഗീതം തിരിച്ചറിഞ്ഞ ഒരു മനുഷ്യനെയാണ്. എങ്കിലും അദ്ദേഹം സംരക്ഷിച്ച വിത്തുകളിലൂടെയും നട്ടുനനച്ച ജൈവ കാർഷിക ആശയങ്ങളിലൂടെയും ചെറുവയൽ രാമൻ നമ്മുടെ കാർഷിക ചരിത്രത്തിൽ എന്നും ജീവിക്കും. കമ്മനയിലെ നെൽപാടങ്ങളിൽ അദ്ദേഹം പാകിയ വിത്തുകൾ ഓരോ മഴയിലും വീണ്ടും മുളപൊട്ടുമെങ്കിലും വിത്തിന്റെ സുഗന്ധമുള്ള ചെറുവയൽ വീടിന്റെ ഇറയത്ത് ഇനി രാമേട്ടനില്ല.. ■

Date of Publication: **01.11.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024

ഭരണഭാഷ-മാതൃഭാഷ



2026 നവംബർ 1

മലയാളദിനം

നവംബർ 1 മുതൽ 7 വരെ

ഭരണഭാഷാവാരം

ഓഫീസുകളിൽ ഭരണഭാഷാപ്രതിജ്ഞ
സ്കൂളുകളിൽ ഭാഷാപ്രതിജ്ഞ

- മലയാളദിനസമ്മേളനം
- ഭരണഭാഷാപുരസ്കാരദാനം
- സാംസ്കാരികസമ്മേളനം
- പ്രഭാഷണങ്ങൾ
- ചർച്ചകൾ
- സെമിനാറുകൾ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്.
വിവര-പൊതുജനസമ്പർക്ക വകുപ്പ്, കേരളസർക്കാർ

Printed and Published by Sabin Sameed IAS, Director, Information Public Relations Department on behalf of Government of Keralam
and Printed at Orange Printers Pvt. Ltd., Thiruvananthapuram, Keralam. Published from Information Public Relations Department, Govt. of Keralam
Government Secretariat, Thiruvananthapuram 695001. Editor: Sabin Sameed IAS